
SINCE 1976

# ഐക്യദീപം

വില ₹10
2020 ജൂൺ-ജൂലൈ



## ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

## ഒന്നാം ഓർമ്മപ്പെരുന്നാൾ സ്പെഷ്യൽ

PUSHPAGIRI HOSPITAL



60 YEARS OF SERVICE
WE CARE... GOD CURES...

# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

**Under Christian Medical Association of India (CMAI)**

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)

**PUSHPAGIRI**
**MEDICAL COLLEGE HOSPITAL**

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla

# ഐക്യദീപം

## ഉള്ളടക്കം


**ഇടയശബ്ദം** 6
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്

**മലങ്കരസഭയുടെ വരദാനം** 07
മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

**താഴ്മയുടെ ആൾരൂപം** 09
മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

**മായം ചേരാത്ത മനുഷ്യത്വത്തിന്റെ ഉദാത്ത മാതൃക** 11
മോൺ. പീറ്റർ കോച്ചേരി കോറെപ്പിസ്കോപ്പ

**ആടുകളുടെ മണമുള്ള അജപാലകൻ** 15
ഫാ. ഡോ. ഐസക് പറപ്പള്ളിൽ


**Our Appachan - A Big Bowl of Sweetness & Warmth** 24
Asha Mary Francis

**യേശുവിന്റെ സ്വർഗ്ഗാരോഹണവും പെന്തക്കോസ്തിയും** 26
ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിൽ

**അല്മായ പ്രേഷിതത്വം – സജീവമാകേണ്ട സഭാദൗത്യം** 32
ഷാജി തേലപ്പുറത്ത്

**യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലിത്താ** 35
മോൺ. ചെറിയാൻ താഴമൺ

**വിദ്യാഭ്യാസ മേഖലയിലെ നൂതന സമീപനങ്ങൾ** 41
ഡോ. തോമസ്കുട്ടി കൈമലയിൽ


2020 ജൂൺ – ജൂലൈ
പുസ്തകം 52 ലക്കം 08



രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com



# എഡിറ്റോറിയൽ



ശ്രേഷ്ഠമായ ഒരു ജീവിതം, മാതൃകാപരമായ ജീവിതം, അനുകരണീയമായ ജീവിതം.... അത്തരത്തിലുള്ള ഒരു വലിയ ജീവിതം ആയിരുന്നു കാലം ചെയ്ത അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റേത്. 1953 മുതൽ 1988 വരെയുള്ള പൗരോഹിത്യശുശ്രൂഷ, 1988 മുതൽ 2019 വരെയുള്ള ശ്രേഷ്ഠാചാര്യശുശ്രൂഷ, അതിൽതന്നെ 15 വർഷക്കാലം അതിഭദ്രാസനാധ്യക്ഷൻ എന്ന നിലയിലുള്ള പ്രത്യേക ശുശ്രൂഷ... ഇവയെല്ലാം ശ്രേഷ്ഠമായി നിർവ്വഹിച്ച് 92-ാം വയസ്സിൽ അതിഭദ്രാസനത്തിന്റെ 5-ാമത്തെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത 2019 ജൂൺ 4-ാം തീയതി നമ്മോട് വിടപറഞ്ഞു. ഏതെല്ലാം മേഖലകളിൽ അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചുവോ അവിടെയെല്ലാം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. അജപാലനശുശ്രൂഷയോടൊപ്പം സാമൂഹികപ്രവർത്തനമേഖലയിലും എക്യുമെനിക്കൽരംഗത്തും മതസൗഹാർദ്ദവേദിയിലുമൊക്കെ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു. എങ്കിലും ആരുടെയെങ്കിലും കൈയ്യടി വാങ്ങുവാനോ, കൊട്ടിഘോഷിക്കുവാനോ, ശ്രദ്ധ പിടിച്ചുപറ്റുവാനോ, മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുവാനോ അദ്ദേഹം ആഗ്രഹിച്ചില്ല. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന് നിർബ്ബന്ധമുണ്ടായിരുന്ന അഭിവന്ദ്യ പിതാവ് അവയെല്ലാം നിശബ്ദമായി ചെയ്യുവാനായിരുന്നു എപ്പോഴും ആഗ്രഹിച്ചിരുന്നത്. ആരെങ്കിലും അറിഞ്ഞു ചെയ്യുന്നതിനേക്കാൾ ആരുമറിയാതെ മറ്റുള്ളവർക്ക് നന്മ ചെയ്യാൻ ആഗ്രഹിച്ച മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. കരുതലിന്റെയും സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും ആർദ്രതയുടേയും ആ രൂപം ഭൗതികമായി നമ്മിൽനിന്ന് മറഞ്ഞുവെങ്കിലും സൂര്യശോഭകണക്കെ ഇന്നും അനേകരുടെ മനസ്സിൽ മായാതെ തെളിഞ്ഞ് നില്ക്കുന്നു. കത്തിജ്വലിച്ചു നിൽക്കുന്ന ഒരു വഴിവിളക്കുപോലെ അദ്ദേഹം നമ്മുടെ മുൻപിൽ ശോഭിച്ചു. Good persons are like street lights, they don't shorten the distance, but they light up the path and make the walk worthwhile. പ്രകാശം കണ്ട് നാം നടന്നുപോകാൻ അഭിവന്ദ്യ പിതാവ് പ്രകാശമായി നമ്മുടെ മുൻപിൽ നിലനിന്നു. ഒരു വിളക്കുപോലെ ഏവർക്കും പ്രകാശം ചൊരിഞ്ഞ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പ്രബോധനത്തേക്കാളേറെ ശ്രേഷ്ഠമായ സാന്നിദ്ധ്യംകൊണ്ടും ശാന്തമായ സ്വഭാവംകൊണ്ടും നിർമ്മലമായ പുഞ്ചിരികൊണ്ടും അനേക ഹൃദയങ്ങളെ അദ്ദേഹം കീഴടക്കി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ഇടപെടലുകളും നോട്ടവും ഒക്കെ പ്രബോധനങ്ങൾതന്നെയായിരുന്നു. സഭാശുശ്രൂഷയിലും വിദ്യാഭ്യാസമേഖലയിലും സാമൂഹികക്ഷേമ പ്രവർത്തനങ്ങളിലും എക്യുമെനിക്കൽരംഗത്തും മതസൗഹാർദ്ദവേദിയിലുമൊക്കെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് സഭയ്ക്കും പൊതുസമൂഹത്തിനും അദ്ദേഹം വലിയ നേതൃത്വം നൽകി. അജപാലനശുശ്രൂഷയോടൊപ്പം സാമൂഹികസേവനത്തിനും ഏറെ പ്രാധാന്യം നൽകിയ ആ ശ്രേഷ്ഠജീവിതം അനേകർക്ക് അഭയവും ആശ്വാസവും നൽകി. 'പാവങ്ങളുടെ മെത്രാൻ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹം, ദൈവമഹത്വത്തിനും ജനങ്ങളുടെ നന്മയ്ക്കുംവേണ്ടി അക്ഷീണം പ്രവർത്തിച്ചു. ദൈവത്തോടുള്ള ആത്മബന്ധത്തിൽ ജീവിച്ച കർമ്മയോഗിയായ അദ്ദേഹം, തന്റെ പ്രവർത്തനങ്ങളിലൂടെ അനേകർക്ക് നന്മയുടെയും കരുതലിന്റെയും വഴിയൊരുക്കിയ അപൂർവ്വ വ്യക്തിത്വത്തിന് ഉടമയായിരുന്നു. 'നിന്റെ വചനമനുസരിച്ച് ഞാൻ വലയിറക്കാം' എന്ന ആപ്തവാക്യവുമായി ആരംഭിച്ച ശ്രേഷ്ഠാചാര്യശുശ്രൂഷയിലൂടെ അനേകരെ ദൈവത്തിങ്കലേക്ക് അദ്ദേഹം അടുപ്പിച്ചു. വിനയവും ദൈവഭ


യവും ദൈവാശ്രയവും കൈമുതലായുണ്ടായിരുന്ന അദ്ദേഹം അനേകർക്ക് കാരുണ്യവും കരുതലും നൽകിയ മാതൃകാ വ്യക്തിത്വമായിരുന്നു.

അഭിവന്ദ്യ പിതാവ് ഒരു തുറന്ന പാഠപുസ്തകമായിരുന്നു. വായിക്കുവാനും പഠിക്കുവാനും ഏവർക്കും ഏറെ താല്പര്യമുണർത്തുന്ന പുസ്തകം. ആ പുസ്തകത്തിലെ എല്ലാ പേജുകളും വരികളും വാക്കുകളും എത്ര മനോഹരം, ആസ്വാദ്യകരം. ഒന്നും ഒളിക്കാനില്ലാത്ത മറച്ചുവയ്ക്കാനില്ലാത്തതുപോലെയുള്ള ഒരു തുറന്ന പുസ്തകം. അതിന്റെ ഓരോ അദ്ധ്യായവും കാരുണ്യത്തിന്റേയും, ദൈവഭക്തിയുടേയും, ദൈവാനുഭവത്തിന്റേയും, ആത്മീയതയുടേയും, വിശുദ്ധിയുടേയും, വിശ്വാസത്തിന്റേയും, പ്രബോധനത്തിന്റേയും, സ്നേഹത്തിന്റേയും, കരുതലിന്റേയും പാഠങ്ങളായിരുന്നു. ധ്യാനപൂർവ്വം പഠിക്കേണ്ട ഒരു പാഠപുസ്തകമാണ് അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ഒരു ഗുരുവിന്റേതായിരുന്നു. അദ്ദേഹത്തിന്റെ കരുതൽ ഒരു അമ്മയുടേതായിരുന്നു. തുറന്ന മനസ്സും, തികഞ്ഞ ശാന്തതയും ഉറച്ച നിശ്ചയദാർഢ്യവും ജീവിതത്തിൽ പ്രകടിപ്പിച്ച അദ്ദേഹം ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിലും കരുതലിലും ഒട്ടും കുറവു വരുത്തിയില്ല. എല്ലാവർക്കും പിതാവ് എന്ന പൂർണ്ണ അർത്ഥത്തിൽ വിളിക്കുവാൻ തക്കവണ്ണം 'പിതാവായി' ജീവിച്ച മഹത്ജീവിതം. പിതൃതുല്യം ഏവരേയും കരുതുകയും സ്നേഹിക്കുകയും ചെയ്ത അഭിവന്ദ്യ പിതാവ്, വൈദികരേയും സന്യസ്തരേയും അല്മായരേയും കുട്ടികളേയും യുവജനങ്ങളേയും ഏറെ കരുതലോടെ കാണുകയും അവരുടെ ആത്മീയ-ബൗദ്ധീക-മാനസിക വളർച്ചയ്ക്ക് വിവിധ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ആകാരത്തിൽ വലിയവനായിരുന്ന തിരുമേനി ഹൃദയവിശാലത കൊണ്ടും മനസ്സിന്റെ തുറവികൊണ്ടും ആ ജീവിതത്തിന്റെ വലുപ്പം പ്രകടമാക്കി. എവിടെയും ആത്മീയപ്രഭ പരത്തിയ വിശുദ്ധിയുടെ ആൾരൂപമായിരുന്നു അഭിവന്ദ്യ തിരുമേനി. തേജസ്സുറ്റ ആ മുഖം അനേകർക്ക് പ്രകാശമായിരുന്നു. അവിടുത്തെ നോട്ടം അനേകർക്ക് പ്രതീക്ഷയും പ്രത്യാശയും നല്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം അനേകർക്ക് ആശ്വാസം പകരുന്നതായിരുന്നു. ഹൃദയം ദൈവത്തിങ്കലേക്കും, കരങ്ങൾ മനുഷ്യരിലേക്കും, മനസ്സ് കരുതലിലേക്കും നീട്ടിയ ഒരു ജീവിതം. അദ്ദേഹത്തിന്റെ കരുതൽ അനേകരുടെ ഹൃദയങ്ങളേയും മനസ്സുകളേയും സ്പർശിച്ചു. Care is to express, not to impress people. When care is expressed truly, people will be impressed naturally. അതേ, അദ്ദേഹത്തിന്റെ കരുതലിലൂടെ അനേകരെ സ്പർശിച്ചു, സ്വാധീനിച്ചു. പുതിയ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉണ്ടാക്കുവാൻ പരിശ്രമിച്ചപ്പോഴൊക്കെ ഏറെ പ്രയാസങ്ങളും വെല്ലുവിളികളും നേരിട്ടുവെങ്കിലും അവയൊന്നും സ്വപ്നസാക്ഷാത്ക്കാരത്തിന് തടസ്സമാകരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കുന്നത് പ്രശ്നപരിഹാരത്തിലേയ്ക്കുള്ള അകലം കൂട്ടുക മാത്രമേ ചെയ്യുകയുള്ളുവെന്ന് അദ്ദേഹം വിശ്വസിച്ചു. വെല്ലുവിളികൾ ധീരതയോടെ ഏറ്റെടുക്കുമ്പോഴാണ് അവ സാക്ഷാത്ക്കാരത്തിലേക്ക് നമ്മെ നയിക്കുന്നതെന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ പഠിപ്പിച്ചു. അതെ, ആ ജീവിതം മുൻപ് എന്നതിനേക്കാൾ ഇനിയുമാണ് നമുക്ക് കൂടുതൽ പഠിക്കുവാനുള്ളത്. പഠിക്കുന്തോറും കൂടുതൽ അറിയുവാൻ സാധിക്കുന്ന മഹത് ജീവിതം. അറിയുന്തോറും എത്ര ശ്രേഷ്ഠമായ ജീവിതമായിരുന്നു അതെന്ന് തിരിച്ചറിയുന്ന നിമിഷങ്ങൾ. വാക്കുകൾക്കപ്പുറം,വിവരണങ്ങൾക്കപ്പുറമുള്ള മഹനീയ വ്യക്തിത്വം. അതാണ് നമുക്ക് നന്മയായി, സൗഭാഗ്യമായി ലഭിച്ച നമ്മുടെ വത്സലപിതാവ് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത. പ്രവർത്തിച്ച മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് ജനഹൃദയങ്ങളിൽ മായാമുദ്ര ചാർത്തുവാൻ ഇടയായ ആ ശ്രേഷ്ഠജീവിതം ഇക്കാലത്തു മാത്രമല്ല എക്കാലത്തും അനുകരണീയമായ മാതൃകയാണ്.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

# ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്



തിരുവല്ല അതിഭദ്രാസനത്തിന്റെ ഇന്നത്തെ ഔന്നത്യത്തിനു ദിശാബോധം നല്കി ഒന്നര ദശാബ്ദം ഇടയനേതൃത്വം നൽകിയ, ഏവർക്കും സ്വീകാര്യനും ആദരണീയനുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത നമ്മോടു വിട പറഞ്ഞിട്ട് ജൂൺ 4 ന് ഒരു വർഷം തികഞ്ഞു. യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയും ജാഗരൂകനുമായ ഇടയൻ തന്റെ ദേശാന്തരവാസകാലം (ഉല്പ. 47: 9) പൂർത്തിയാക്കി ഭാഗ്യവാനും ശോഭാപൂർണനുമായി പിതൃഭവനത്തിലേക്ക് യാത്രയായി. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാം. ദീപ്തമായ ആ ജീവിതം മലങ്കരസഭയ്ക്കാകെ ഉദാത്തമായ മാതൃകയും സാക്ഷ്യവുമായി നിലകൊള്ളുന്നു.

കോട്ടയം ഡിസ്ട്രിക്ടിൽ അമയന്നൂർ തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായുടെയും അന്നമ്മയുടെയും സീമന്തപുത്രനായി 1928 ഫെബ്രുവരി 2 ന് മായൽത്തോ ദിനത്തിൽ ജനിച്ച്, പ്രശോഭിതൻ അഥവാ ശോഭാപൂർണ്ണനെന്ന് അർത്ഥം വരുന്ന സണ്ണി (ജോർജ്) വൈദികൻ, മെത്രാപ്പോലീത്ത എന്നീ നിലകളിൽ കാഴ്ച വച്ച അനുഗ്രഹീതമായ ജീവിതത്തിന്റെ മുൻപിൽ നാം തൊഴുകൈകളോടെ അനുഗ്രഹത്തിനായി അണയുകയാണ്.

തിരുവല്ലയുടെ ആത്മീക, ഭൗതിക, വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, ആതുര സേവനമേഖലകളിൽ സമാനതകളില്ലാത്ത നേതൃത്വവും സംഭാവനകളും നൽകിയാണ് നാടിന്റെ പ്രിയങ്കരനായ ഈ ആത്മീക ആചാര്യൻ ലോകത്തോട് വിട പറഞ്ഞത്. കൽക്കട്ടയിലെ തെരുവിന്റെ അമ്മ മദർ തെരേസ പറയുന്നു: നൊമ്പരപ്പെടാത്ത സംഭാവനകൾ നിലനിൽക്കുന്നതല്ല. അതിൽ സ്നേഹം ചേർത്തിട്ടില്ല. പ്രിയ തിമോത്തിയോസ് പിതാവ് സ്നേഹിക്കുകയും, സ്നേഹിതർക്കുവേണ്ടി നൊമ്പരപ്പെട്ടുതന്നെ അതുല്യ സംഭാവനകൾ നൽകുകയും ചെയ്തു. അതിൽ ആർക്കും സംശയത്തിന് വകയില്ല. അതുകൊണ്ടുതന്നെ കബറടക്കദിവസം പൊതുസമൂഹവും സഭാസമൂഹവും ആ ധന്യജീവിതത്തിന്റെ മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുവാൻ ഒഴുകിയെത്തുകയായിരുന്നു.

ജന്മംകൊണ്ടും കർമ്മംകൊണ്ടും നിയോഗങ്ങൾകൊണ്ടും ഇത്രയേറെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഉയർത്തപ്പെട്ട വന്ദ്യ പിതാവ് അതിലൊന്നും മതിമറക്കാതെ പാവങ്ങളെ നെഞ്ചോടുചേർത്ത് ഒരു ഇടയന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തിയവനാണ്. കത്തോലിക്കാസഭയിൽ ധാരാളം വിശുദ്ധർ ഉണ്ട്. ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടവരും, അല്ലാത്തവരും. എല്ലാവരുടെയും ജീവിതത്തിലെ ഒരു പ്രധാന അടയാളം പാവപ്പെട്ടവരോടുള്ള കരുതലായിരുന്നു. ഈ അടയാളം ഇല്ലെങ്കിൽ ആ ജീവിതത്തിനു പ്രസക്തിയില്ല. വന്ദ്യ പിതാവിന്റെ ഈ ജീവിത മാതൃക എന്നും എക്കാലവും സജീവമത്രേ.



# മലങ്കരസഭയുടെ വരദാനം



**മോസ്റ്റ് റവ. ഡോ. ജോഷ്വാ**
**മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
(മാവേലിക്കര ഭദ്രാസനം)

മലങ്കര സുറിയാനി കത്തോലിക്കാസഭ പൊതുസമൂഹത്തിനു നല്കിയ സൗമ്യ സാന്നിധ്യമാണ് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ്. കുലീനമായ പെരുമാറ്റരീതികളും വൈദികാന്തസിനു ചേർന്ന സംസാരശൈലിയും ശരീരഭാഷയും പിതാവിന്റെ പ്രത്യേകതയായിരുന്നു. മെത്രാൻ വിനീതഹൃദയനായിരിക്കണം എന്ന വി. പൗലോസിന്റെ വാക്കുകൾക്ക് ഇത്രമാത്രം ചെവി കൊടുത്തിട്ടുള്ള ആചാര്യന്മാർ എറെയില്ല. ദൈവസന്നിധിയിൽ താൻ ഒന്നും അല്ലായെന്നും എന്തെങ്കിലും ആയിരിക്കുന്നത് തമ്പുരാന്റെ കൃപയാലാണ് എന്നുമുള്ള ഉറച്ച ബോധ്യം ആണ് തിരുമേനിയുടെ വിനയത്തിന്റെ പ്രധാന കാരണവും ഉറവിടവും. മെത്രാൻസ്ഥാനത്തിന്റെ അധികാരങ്ങളും അലങ്കാരങ്ങളും, ദാസന്റെ രൂപം സ്വീകരിച്ച ക്രിസ്തുവിൽനിന്ന് തന്നെ അകറ്റുന്നുവെങ്കിൽ അവയോടു അകലം പാലിച്ചു നിന്ന പിതാവിനെയാണ് ചരിത്രം നമുക്ക് മുമ്പിൽ വരച്ചു കാട്ടുന്നത്.



വർത്തമാനകാലത്തിന്റെ സ്വാർത്ഥ മോഹങ്ങൾ ഒന്നും ഏശാത്ത അരങ്ങിലെത്താത്ത ആചാര്യനായി അഭിവന്ദ്യ ഗീവർഗിസ് മാർ തിമോത്തിയോസ് പിതാവ് ജീവിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് വേണ്ടതെല്ലാം തന്റെ അജപാലന ശുശ്രൂഷാ കാലയളവിൽ പിതാവ് ചെയ്തിട്ടുണ്ട്. പക്ഷെ, ഒന്നിനും അവകാശം ഉന്നയിക്കാതെ, അതിന്റെ അംഗീകാരം മറ്റുള്ളവർക്ക് നല്കാനാണ് പിതാവ് എന്നും ശ്രമിച്ചിട്ടുള്ളത്. അതിരൂപതയുടെയും പള്ളികളുടെയും സ്ഥാപനങ്ങളുടെയും വളർച്ചയെല്ലാം ദൈവജനത്തിന്റെയും വൈദികരുടെയും സന്യസ്തരുടെയും അധ്വാനത്തിന്റെ ഫലമാണെന്നു തിരിച്ചറിഞ്ഞ് അവർക്കായി പ്രാർത്ഥിച്ച് തിരശീലയ്ക്ക് പിന്നിൽ മറഞ്ഞു നില്ക്കുന്ന പിതാവിനെ നിരവധി തവണ ഞാൻ കണ്ടിട്ടുണ്ട്. ഒരു നേതാവ് എങ്ങനെയായിരിക്കണം എന്നാണ് സുദീർഘമായ തന്റെ ജീവിതത്തിലൂടനീളം പിതാവ് കാണിച്ചു തന്നത്. എല്ലാവരുടെയും മുമ്പിലും പിമ്പിലും മധ്യത്തിലുമായി നിന്ന് നേതൃത്വം നല്കി മറയുന്ന വിനീത ദാസൻ.

അധികാരം പലപ്പോഴും പലർക്കും അന്ധത വരുത്തിയിട്ടുണ്ട്. പക്ഷെ. അധികാരം ശുശ്രൂഷയ്ക്ക് വേണ്ടിയാണ് എന്ന തിരിച്ചറിവിന് കൂടുതൽ ആഴം, നമുക്ക് നല്കിയത് പിതാവാണ്. തന്റെ സ്വതസിദ്ധമായ സൗമ്യ സാന്നിധ്യത്തിലൂടെ അനേകരിലേക്ക് ക്രിസ്തുനാഥന്റെ വലയെറിയാൻ പിതാവിന് സാധിച്ചു. ആ വലയ്ക്കുള്ളിൽ എല്ലാത്തരം മത്സ്യങ്ങൾക്കും ഇടമുണ്ടായിരുന്നു. ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളില്ലാതെ, ജീവിതത്തിന്റെ സൗകുമാര്യം കരുതലോടെയുള്ള സ്നേഹ സമീപനത്തിലാണെന്ന തിരിച്ചറിവ്, പിതാവും അവരും തമ്മിലുള്ള ദൂരം കുറച്ചു. തിരുമേനി താമസിച്ചിരുന്ന കുറ്റൂരെ വിശ്രമവീട്ടിലേക്കു അനേകരെ ആകർഷിച്ചത് പിതാവിന്റെ പരിധികളില്ലാത്ത സ്നേഹശുശ്രൂഷയുടെ ആർദ്രതയാലാണ്.

വാർധക്യം അധികം ആരും ഇഷ്ടപ്പെടാൻ താല്പര്യപ്പെടാത്ത ഒരു ജീവിതാവസ്ഥയാ

ണല്ലോ. എന്നാൽ വാർധക്യത്തിന്റെ ബുദ്ധിമുട്ടുകൾക്കും അസ്വസ്ഥതകൾക്കും പിതാവിനെ തോല്പിക്കാൻ സാധിച്ചിട്ടില്ല. വാർധക്യത്തിന് പുതിയ ഒരു അർത്ഥം പിതാവ് നല്കി. വാർധക്യം വൃഥാ ചെലവഴിക്കാനല്ല മറിച്ച്, വാർധക്യം ആഘോഷിക്കാൻ ഉള്ളതാണെന്ന് കുറ്റൂരെ സ്നേഹവീട്ടിലുള്ളവരെ പിതാവ് പഠിപ്പിച്ചു. ആരോടും പരാതികളും പരിഭവങ്ങളും ഇല്ലാതെ, തമ്പുരാൻ ദാനമായി നല്കിയ ജീവിതത്തെ ഇത്ര മാത്രം സ്നേഹത്തോടെ വീക്ഷിക്കാൻ നമ്മെ പഠിപ്പിച്ച ആചാര്യർ അധികമില്ല. യാതൊരുവിധ ബുദ്ധിമുട്ടും പറയാതെ, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ പങ്കു ചേർന്ന്, വാർധക്യത്തിന്റെ അസ്വസ്ഥതകളെ പിതാവ് ക്രിയാത്മകമാക്കി.


എന്റെ പൗരോഹിത്യ-മെത്രാൻ ശുശ്രൂഷകളിൽ പിതാവിന്റെ പ്രോത്സാഹനവും വാത്സല്യവും പ്രാർത്ഥനയും ഞാൻ ഏറെ അനുഭവിച്ചിട്ടുണ്ട്. വളരെ വ്യക്തിപരവും ഊഷ്മളവുമായ ഒരു വ്യക്തിബന്ധം എനിക്ക് വന്ദ്യ പിതാവിനോട് ഉണ്ടായിരുന്നു. എന്റെ മൈനർ സെമിനാരി റെക്ടറച്ചനായ കുര്യാക്കോസ് കോയിക്കലേത്തച്ചന്റെ ആത്മ സുഹൃത്തായിരുന്നു പിതാവ്. റെക്ടറച്ചനെ കാണാനെത്തുന്ന, തിരുവല്ലാ മൈനർ സെമിനാരി റെക്ടറായിരുന്ന ജോർജ് ചുണ്ടേവാലേലച്ചന്റെ മുഖം ഇന്നും എന്റെ കൺമുമ്പിലുണ്ട്. പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വിദ്യാർത്ഥിയായി ഞാൻ പഠിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്, ഞങ്ങളുടെ ബഹുമാനപ്പെട്ട റെക്ടറച്ചൻ, ജോർജ്ജ് ചുണ്ടേവാലേലച്ചനെ ധ്യാനപ്രസംഗത്തിനു വിളിക്കുന്നത്. ചുണ്ടേവാലേലച്ചന്റെ ദീർഘശാന്തതയും, ലാളിത്യവും എന്നിൽ വലിയ മതിപ്പുളവാക്കി. CBCI-വൈസ് പ്രസിഡന്റായി കാരിത്താസിന്റെ ചുമതല വഹിക്കുമ്പോൾ, ഔദ്യോഗിക ചുമതലകളുടെ ഭാഗമായി നിരവധി തവണ മദ്രാസിൽ വന്നപ്പോൾ പിതാവിന് സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. എന്റെ ആത്മസുഹൃത്തായ ശ്രീ. ജോയിക്കുട്ടിയുടെ മകൻ വന്ദ്യ പിതാവിന്റെ അനുജന്റെ മകളെയാണ് വിവാഹം ചെയ്തിരിക്കുന്നത്. വന്ദ്യ പിതാവിന്റെ അനുജൻ, ബാങ്ക് മാനേജരായിരുന്ന ജോയിച്ചായൻ, എന്റെ സ്നേഹിതനായിരുന്നു. വന്ദ്യ പിതാവിന്റെ പ്രിയപ്പെട്ട സഹോദരികൾ - സി. അപ്പളോണിയ SIC, സി. ജെയ്ൻ SIC - എന്നിവർ എന്നോട് വലിയ കരുതലും സ്നേഹവും കാണിച്ചിരുന്നു. ബഹു. ജോൺ ചുണ്ടേവാലേലച്ചനും, എന്റെ സീനിയറായി തൃശ്ശിനാപ്പള്ളിയിൽ പഠിച്ച വർക്കി ചുണ്ടേവാലേലച്ചനും സ്നേഹവും കരുതലും ആവോളം തന്നിട്ടുണ്ട്. എന്റെ വ്യക്തിജീവിതത്തിലും കുടുംബത്തിലെ മറ്റു വിശേഷ സന്ദർഭങ്ങളിലും അനുഗ്രഹവും വാത്സല്യവുമായി പിതാവ് കടന്നുവന്നിട്ടുണ്ട്.

നന്മ കാണുവാനും അതിനെ കണ്ടെത്തി പരിപോഷിപ്പിക്കാനുമുള്ള പിതാവിന്റെ സഹജമായ താല്പര്യം എന്നും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഏറ്റെടുക്കുന്ന കാര്യങ്ങളോടുള്ള സമർപ്പണബുദ്ധിയും ത്യാഗവും സഭാശുശ്രൂഷയിൽ അത്യന്താപേക്ഷിതമാണെന്ന് പിതാവ് തന്റെ നിശബ്ദ സാന്നിധ്യത്തിലൂടെ എന്റെ മുമ്പിൽ തെളിയിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് വികാരി ജനറാളായും സഹായമെത്രാനായും ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ വലിയ പ്രോത്സാഹനം വന്ദ്യ പിതാവ് എനിക്ക് നല്കിയിട്ടുണ്ട്. മെത്രാൻനിയമന വാർത്ത അറിഞ്ഞപ്പോൾ തന്നെ കുരിശുമാലയും ചുവന്ന ഇടക്കെട്ടും നല്കി എന്നോടുള്ള വാത്സല്യം വന്ദ്യ പിതാവ് പ്രകടിപ്പിച്ചു.

മാവേലിക്കര ഭദ്രാസനം 2007-ൽ നിലവിൽ വന്നപ്പോൾ നല്ല അയൽക്കാരനായി പിതാവ് എപ്പോഴും കൂടെയുണ്ടായിരുന്നു. പ്രായാധിക്യത്താൽ യാത്രാക്ലേശം നേരിട്ടപ്പോഴും പ്രത്യേക താൽപര്യമെടുത്ത് പുതിയ കത്തീഡ്രലിൽ വരികയും എന്നെ അനുഗ്രഹിക്കുകയും ചെയ്തു. പരിക്ഷീണനായി പുഷ്പഗിരിയിൽ കിടക്കുമ്പോൾ പലപ്പോഴും ഞാൻ പിതാവിനെ കണ്ടിരുന്നു. ശാന്തമായി കണ്ണുകളിലേക്ക് നോക്കുകയും കയ്യിൽ മുറുകെ പിടിച്ച് തന്റെ സ്നേഹം പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കാലം ചെയ്യുന്നതിന്റെ തലേ ദിവസം രോഗകിടക്കയിൽ ഞാൻ എത്തി പിതാവിനെ കണ്ടിരുന്നു. കരം ഗ്രഹിച്ച് അനുഗ്രഹം ചോദിച്ചു. കണ്ണുകൾ നിറഞ്ഞ് മൂകമായ ഭാഷയിൽ പിതാവ് എന്നെ അനുഗ്രഹിച്ചു. കടപ്പാടുകളും നല്ല ഓർമ്മകളും അവശേഷിപ്പിച്ച് നിത്യസമ്മാനത്തിനായി പിതാവ് യാത്രയായി.

ദീർഘായുസ്സു നല്കി വൽസല പിതാവിനെ സർവ്വശക്തനായ പിതാവ് അനുഗ്രഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വൈദികനായും, റെക്ടറച്ചനായും, വികാരിജനറാളായും, ശ്രേഷ്ഠാചാര്യനായും സഭയെയും പൊതുസമൂഹത്തെയും കരുണയോടെ ശുശ്രൂഷിക്കാൻ പിതാവിനു സാധിച്ചു. അലിവോടെ ദൈവജനത്തെ ശുശ്രൂഷിച്ച വന്ദ്യ പിതാവ് അജപാലന ശുശ്രൂഷയിൽ വലിയ മാതൃകയും പ്രചോദനവുമാണ്. വേദനിക്കുന്നവരെയും ദാരിദ്ര്യ ദുഃഖമനുഭവിക്കുന്നവരെയും പിതാവ് മനസ്സലിവോടെ ശുശ്രൂഷിച്ചു. ദൈവജനത്തിന്റെ ഓർമ്മയിലും ഹൃദയത്തിലും പിതാവ് അനശ്വരനാണ്.

# താഴ്മയുടെ ആൾരൂപം



**മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്ത**
(ഓർത്തഡോക്സ് സഭ, നിരണം ഭദ്രാസനം)

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനെ അദ്ദേഹം വൈദികനായിരുന്ന കാലംമുതൽ അറിയും. മേരിഗിരിയിൽനിന്ന് വെയിലുള്ളപ്പോൾ കുടപിടിച്ചുകൊണ്ടും, അല്ലാത്തപ്പോൾ കൈയ്യിൽ കരുതിക്കൊണ്ടും നടന്നിറങ്ങി വരുന്ന, ചിലപ്പോൾ കയറിപ്പോകുന്ന ചുണ്ടേവാലേലച്ചന്റെ ചിത്രം ഒരു 'സെൽഫിയു' മെടുക്കാതെ എന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. ദീർഘകായകനായ അച്ചന്റെ പുഞ്ചിരിയോടുകൂടിയുള്ള ഇടപെടൽ ആരുടേയും മനം കവരുന്നതായിരുന്നു.

പഠിപ്പിന്റെ ജാടയോ, ഭാഷയുടെ ഹുങ്കോ, സ്ഥാനത്തിന്റെ ഗരിമയോ ഒന്നും കലരാത്ത നിർമ്മല മാനസന്റെ ശാന്തവും സുന്ദരവുമായ സംസാരവും സൗഹൃദവും ഒരിക്കൽ അടുത്തനുഭവിച്ചവർ ഒരിക്കലും മറക്കില്ല. അദ്ദേഹം മേല്പട്ടസ്ഥാനത്തേക്കുയർത്തപ്പെട്ട് തിരുവല്ല അതിരൂപതയുടെ അദ്ധ്യക്ഷനായിരുന്ന വേളയിൽ എന്റെ മുൻഗാമി, ഭാഗ്യസ്മരണാർഹനായ അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ കൂടെക്കൂടെ സന്ദർശിക്കുമായിരുന്നു. നല്ലൊരാത്മബന്ധം അവർക്കുണ്ടായിരുന്നു. അക്കാലത്ത് തിരുവല്ലായിൽ എക്യുമെനിക്കൽ ക്ലെർജി ഫെലോഷിപ്പ് ശക്തമായിരുന്നു. അങ്ങനെയുള്ള വേളകളിലും അഭി. പിതാവിനെ പലപ്പോഴും കാണുവാനും സംസാരിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്.

ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഞാനദ്ദേഹത്തെ താഴ്മയുടെ ആൾരൂപമായി വിശേഷിപ്പിക്കുന്നത്. ആത്മീയ മണ്ഡലത്തിൽ താഴ്മയ്ക്കു ധാരാളം നിർവ്വചനങ്ങൾ ഉണ്ട്:

1. Humility is the casket of all virtues
(എല്ലാ സുകൃതങ്ങളുടേയും ചെപ്പ്)

2. Humility is the mother of all virtues
(എല്ലാ സുകൃതങ്ങളുടേയും അമ്മ)

3. Humility is the sign of divinity
(ദൈവികതയുടെ അടയാളം).

സമാന അർത്ഥങ്ങളാണ് എല്ലാ നിർവ്വചനങ്ങളും നിർദ്ദേശിക്കുന്നത്. പൗരസ്ത്യപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ "Gentleness is a product of humility, or humility paves the way to gentleness" (താഴ്മയുടെ ഫലമാണ് സൗമ്യത. അല്ലെങ്കിൽ താഴ്മ സൗമ്യതയിലേക്കു പാത ഒരുക്കുന്നു). വീണ്ടും പരിശുദ്ധ പിതാക്കന്മാർ പ്രബോധിപ്പിക്കുന്നു: "The entire therapeutic padagogy of the Ecclesia is built on the practice of humility" (സഭയുടെ ചികിത്സാപരമായ സർവ്വ അദ്ധ്യാപനശാസ്ത്രവും (ബോധനവിദ്യ) താഴ്മയുടെ അഭ്യസനത്തിലാണ് നിർമ്മിച്ചിരിക്കുന്നത്). ക്രിസ്തുപാതയിലെ ചരിതാക്കൾക്കുള്ള മുഖ്യ ലക്ഷണവും താഴ്മതന്നെ.

ഈ താഴ്മയുടെ ഒരു ഉന്നതതല അനുഭവം 2019 ജൂൺ 19-ാം തീയതി അടുത്തറിയുവാനും അനുഭവിക്കുവാനും എനിക്ക് അവസരമുണ്ടായി; റോമിൽ വത്തിക്കാനിൽവച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായെ നേരിൽ കാണണമെന്ന ആഗ്രഹപ്രകാരം ഒരു




സന്ദർശനം സംഘടിപ്പിച്ചു. ആയതിനു അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ ഒരു ഇടപെടൽകൂടി ഉണ്ടായപ്പോൾ കാര്യങ്ങൾ എളുപ്പവും പ്രാധാന്യതയുള്ളതുമായി. അന്നത്തെ സന്ദർശകരിൽ കത്തോലിക്കേതര ബിഷപ്പുമാരിൽ ഒന്നാം സ്ഥാനം എനിക്കുതന്നെ ലഭിച്ചു. കത്തോലിക്കാസഭയിലെ ബിഷപ്പുമാർ പരിശുദ്ധ പോപ്പിനെ അദ്ദേഹം ഇരുന്ന വേദിയിൽ ചെന്നു ഓരോരുത്തരായി കണ്ടപ്പോൾ, മാർപ്പാപ്പാ ഞങ്ങളുടെ അടുത്തേക്കിറങ്ങിവന്നു. രണ്ടു കരങ്ങളും നീട്ടിപ്പിടിച്ചുകൊണ്ട് എന്റെയടുത്തേക്കു നടന്നടുത്ത അദ്ദേഹം എന്റെ രണ്ടു കരങ്ങളിലും പിടിച്ചുകൊണ്ടു അപേക്ഷിക്കുന്നു: "Bless me" (എന്നെ അനുഗ്രഹിക്കൂ). ഞാൻ സ്തബ്ദനായിപ്പോയി. അഖിലലോക കത്തോലിക്കാസഭയുടെ അധിപനും വത്തിക്കാന്റെ ഭരണാധികാരിയുമായ അങ്ങയെ അനുഗ്രഹിക്കുവാൻ ഞാൻ ആരാണെന്നു വിനയപൂർവ്വം മറുപടി പറഞ്ഞപ്പോൾ, എന്റെ കൈകളിൽ അമർത്തിപ്പിടിച്ചുകൊണ്ട് വീണ്ടും എന്നോടാവശ്യപ്പെടുന്നു, "No, no, you bless me".

പോപ്പിനെ കണ്ട ഗമയിൽ, അതും അന്നത്തെ സന്ദർശകരിൽ പ്രഥമസ്ഥാനം കിട്ടിയ ഗമയിൽ നിന്ന ഞാൻ, പരിശുദ്ധ പിതാവിന്റെ വിനയത്തിന്റെ മുമ്പിൽ വട്ടപൂജ്യമായി. സ്നേഹ സംസാരത്തിനും പാരിതോഷിക കൈമാറലിനും ശേഷം മടങ്ങിപ്പോരുമ്പോൾ എന്റെ കൂടെയുണ്ടായിരുന്ന ബഹു. ഷാജൻ വറുഗീസ് അച്ചനോട് (റോമിൽ ഗവേഷണ വിദ്യാർത്ഥി) ഈ സംസാരം പങ്കുവച്ചു. അച്ചൻ ഇതിനു ദൃക്സാക്ഷിയുമായിരുന്നു. അച്ചന്റെ മറുപടി, ''തിരുമേനി, ഒരു ഭിക്ഷക്കാരനെ കണ്ടാലും പോപ്പിന്റെ അപേക്ഷ എന്നെ അനുഗ്രഹിക്കൂ'' എന്നാണെന്ന്. ഞാൻ കോരിത്തരിച്ചുപോയി. അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ യഥാർത്ഥ നാമധാരി. അങ്ങനെ ഒരാളെ കാണാൻ കഴിഞ്ഞതും കരം പിടിക്കുവാൻ കഴിഞ്ഞതും ഭാഗ്യമായിത്തന്നെ കരുതുന്നു. അസ്സീസ്സിയിലെ വി. ഫ്രാൻസിസിനെക്കുറിച്ചുള്ള ഒരു നിരീക്ഷണം, ''അധികാരവും സമൃദ്ധിയുമല്ല, സ്നേഹവും എളിമയുമാണ് ആചാര്യന്റെ മുഖമുദ്ര എന്നു കാട്ടിത്തന്നു''. ഈ അനുഭവം ഫ്രാൻസിസ് മാർപാപ്പായിലൂടെ ലോകം കാണുന്നു. Humility is the sign of divinity. അതെ താഴ്മ/എളിമ/വിനയം ദൈവികതയുടെ അടയാളമാണ്, പോപ്പിനായാലും, സ്മര്യപുരുഷനിലായാലും, ആരിലായാലും. ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോന്റെ പ്രബോധനം സുപരിചിതമാണല്ലോ.

1. ''വിനയം ബഹുമതിയുടെ മുന്നോടി'' (സുഭാഷിതങ്ങൾ 15:33)

2. ''വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ്'' (സുഭാഷിതങ്ങൾ 22:4).

# മായം ചേരാത്ത മനുഷ്യത്വത്തിന്റെ ഉദാത്ത മാതൃക



**മോൺ. പീറ്റർ കോച്ചേരി കോറെപ്പിസ്കോപ്പ**
(മുഖ്യ വികാരിജനറാൾ, അമേരിക്ക-കാനഡ ഭദ്രാസനം)

കൃത്യമായി പറഞ്ഞാൽ 1960 ആറാം മാസം ആറാം തീയതി ഒരു മണിക്കാണ് ഞാൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനെ (അന്ന് ഫാ. ജോർജ് ചുണ്ടേവാലേൽ) ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. പത്താം ക്ലാസ് പാസ്സായതിനെ തുടർന്ന് ഒരു ട്രങ്കുപെട്ടിയുമായി സെമിനാരിയിൽ ചേരാൻ വന്നതായിരുന്നു ഞാൻ. സായിപ്പിനെപ്പോലെ വെളുത്ത നിറവും, കറുകറുത്ത താടിയും അസാധാരണ ഉയരവുമുള്ള ആ യുവവൈദികൻ ഒരു അത്ഭുത പ്രതിഭാസമായിട്ടാണ് എന്റെ തനി നാടൻ ഇളംമനസ്സിന് തോന്നിയത്. ഒറ്റ നോട്ടത്തിൽതന്നെ ആ മുഖത്ത് സ്നേഹവും ഔദാര്യവും തുളുമ്പി നിന്നിരുന്നു.

ഇന്നത്തെപ്പോലെ സെമിനാരി പ്രവേശനത്തിന് ദൈവവിളി ധ്യാനമോ, അപേക്ഷയോ അന്ന് സർവ്വസാധാരണമായിരുന്നില്ല. പള്ളിയിൽവച്ച് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി സെമിനാരിയിലേക്ക് വാക്കാൽ ക്ഷണിച്ചതിന്റെ ബലത്തിലായിരുന്നു എന്റെ വരവ്. കൂടെ വന്ന പിതാവ് വരവിന്റെ ഉദ്ദേശം സവിനയം റെക്ടറച്ചനെ അറിയിച്ചു. വരൂ, ഉച്ചയൂണ് കഴിഞ്ഞ് സംസാരിക്കാമെന്നു പറഞ്ഞ് ഞങ്ങളെ വൈദികവിദ്യാർത്ഥികളുടെ ഊട്ടുശാലയിലേക്ക് കൊണ്ടുപോയി. ഏതെങ്കിലും ഒരു സെമിനാരിക്കാരനെ ഏൽപ്പിക്കാമായിരുന്നെങ്കിലും അദ്ദേഹംതന്നെ കൂടെ വന്ന്, ഞങ്ങൾക്ക് ഭക്ഷണം വിളമ്പി എന്നു തീർച്ച വരുത്തിയിട്ടാണ്, ഭക്ഷണം കഴിക്കാൻ പോയത്. അദ്ദേഹത്തിന്റെ ഭക്ഷണത്തിന്റെ ഇടയ്ക്കാണ് ഞങ്ങൾ വന്നതെന്ന് പിന്നീടാണ് മനസ്സിലായത്.

മലങ്കരയുടെ ആത്മീയ തേജസ്സായിരുന്ന അഭിവന്ദ്യ തിരുമേനിയുമായുള്ള ആദ്യ കൂടിക്കാഴ്ച പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും എന്റെ മനസ്സിൽ അവിസ്മരണീയമായി തുടരുന്നു. എന്റെ പിതാവും പിന്നീട് പലപ്പോഴും ആ കൂടിക്കാഴ്ചയെപ്പറ്റിയുള്ള മധുര സ്മരണ പറഞ്ഞു കേട്ടിട്ടുണ്ട്. മകനെ എന്നന്നേക്കുമായി നഷ്ടപ്പെടാൻ പോകുന്നു എന്ന വ്യഥയിൽ ആയിരുന്ന അപ്പച്ചന് റെക്ടറച്ചന്റെ സൗമ്യസാന്നിധ്യവും വാക്കുകളും ഏറെ ആശ്വാസം നൽകി. അതുപോലെ മാതാപിതാക്കളെ വിട്ട് ''വിദൂരമായ'' തിരുവല്ലായിൽ തികച്ചും വ്യത്യസ്ത സാഹചര്യത്തിലായ എനിക്കും അച്ചന്റെ സ്നേഹമസൃണമായ ഇടപെടൽ വലിയ താങ്ങായി മാറി.

ആളെ അടുത്തറിയണം, പൊന്ന് ഉരച്ചു നോക്കണം എന്ന ചൊല്ലനുസരിച്ച് ഒരു വ്യക്തിയെ അകലെനിന്ന് കാണുന്നതും, അടുത്തറിയുന്നതും തമ്മിൽ പലപ്പോഴും വലിയ വ്യത്യാസം കാണും. ചിലരെപ്പറ്റി ആദ്യ ഇടപെടലിലും, ഇടക്കിടെയുള്ള കണ്ടുമുട്ടലിലുമൊക്കെ മതിപ്പു ജനിക്കുമെങ്കിലും വളരെ അടുത്ത് ദീർഘകാലം ഇടപെടുമ്പോൾ ആദരവ്, അവമതിപ്പായി തീരാറുണ്ട്. എന്നാൽ മാർ തിമോത്തിയോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം അറിയുംതോറും ആദരവേറി വരുന്ന അനുഭവമാണ് എനിക്കുണ്ടായിട്ടുള്ളത്. സെമിനാരി ജീവിതം കഴിഞ്ഞ്, വൈദികനായി ഇടവക ജീവിതത്തിൽ മുഴുകിയ കാലത്തും മുൻ റെക്ടറച്ചനു

മായുള്ള ബന്ധം തുടരുവാൻ ഞാൻ ശ്രമിച്ചിരുന്നു. പിതാവിന്റെ സെക്രട്ടറി, കൂരിയ അംഗം, സെമിനാരി റെക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുകവഴി ആ മഹാനായ മഹിതാചാര്യനെ വളരെ അടുത്തറിയാനിടയായി. വിദേശത്തും, സ്വദേശത്തും വന്ദ്യ പിതാവിന്റെ കൂടെയുള്ള യാത്രകൾ ആ ധന്യാത്മാവിന്റെ മഹത്വം കൂടുതലറിയാനും സഹായിച്ചു.

ഏതെല്ലാം മേഖലകളിൽ പ്രവർത്തിച്ചുവോ അവിടെയെല്ലാം അദ്ദേഹം അനന്യനായിരുന്നു. റെക്ടർ എന്ന നിലയിലാണ് ആദ്യം മലങ്കരസഭയും, കേരളസഭയും ബഹു. ചുണ്ടേവാലേലച്ചനെ ശ്രദ്ധിക്കുക. ഒരു മനുഷ്യന്റെ ഭാവി ആദ്യത്തെ അഞ്ചു വർഷംകൊണ്ട് രൂപപ്പെടുന്നു എന്നു പറയുന്നതുപോലെ, ഒരു വൈദികന്റെ ഭാവി മൈനർ സെമിനാരിയിലാണ് നിർണ്ണയിക്കപ്പെടുന്നത്. വൈദികജീവിതത്തിലെ പല പ്രധാനപ്പെട്ട കാഴ്ചപ്പാടുകളും രൂപപ്പെടുന്നതിൽ ബഹു. ചുണ്ടേവാലേലച്ചന്റെ പരിശീലന രീതി എത്ര ഫലപ്രദമായിരുന്നു എന്ന് സ്വന്ത അനുഭവത്തിലൂടെ എനിക്ക് സാക്ഷ്യപ്പെടുത്താനാവും. സ്നേഹത്തിലും സ്വന്തം മാതൃകയിലും അധിഷ്ഠിതമായ ആ രീതി ഭാരതീയ ഗുരുകുല സമ്പ്രദായത്തിന്റേയും, പാശ്ചാത്യ പരിശീലന രീതിയുടെയും നല്ല സമന്വയമായിരുന്നു എന്ന് പറയാമെന്നു തോന്നുന്നു. ഒരു സഭാതലവൻ സഹിതം അര ഡസൻ മേൽപ്പട്ടക്കാരേയും അനേകം വൈദികരേയും വാർത്തെടുക്കാൻ കഴിഞ്ഞ റെക്ടർ എന്ന ബഹുമതി കേരളസഭയിൽ അച്ചനുമാത്രം അവകാശപ്പെട്ടതാണ്.

മേൽപ്പട്ടസ്ഥാനത്തെപ്പറ്റിയുള്ള ആദരവു കാരണം ആശങ്കയോടെ കടന്നു വന്ന ആ ശുശ്രൂഷയിൽ മാർ തിമോത്തിയോസ് പിതാവ് ഒരു വിസ്മയമായിരുന്നു എന്നു പറഞ്ഞാൽ തെല്ലും അതിശയോക്തി ഉണ്ടെന്നു തോന്നുന്നില്ല. സംഘടനാ പാടവത്തിന്റെ ആർഭാടങ്ങളോ, ആരവമോ ഇല്ലാതെ അദ്ദേഹം കൈവരിച്ച നേട്ടങ്ങൾ രേഖപ്പെടുത്താൻ ഒരു നോട്ടുബുക്കു തന്നെ വേണ്ടിവരും. ഒരു പക്ഷെ അധികം ശ്രദ്ധിക്കപ്പെടാതെ പോകാൻ സാധ്യതയുള്ള ഒരു മേഖലയാണ് അദ്ദേഹത്തിന്റെ ഇടവക ജീവിതം. മെത്രാപ്പോലീത്തായും, വികാരിജനറാളും ആയിരുന്ന കാലങ്ങളൊഴിച്ച് അദ്ദേഹം എന്നും ഒരു ഉത്തമ ഇടവക വികാരിയായിരുന്നല്ലോ. എല്ലാ ഇടവകാംഗങ്ങളേയും പേരു ചൊല്ലി വിളിക്കാനറിഞ്ഞിരുന്ന അച്ചൻ അവരുടെ എല്ലാ ജീവിതപ്രശ്നങ്ങളിലും പരിഹാരങ്ങളുമായി ഇടപെടാൻ ശ്രദ്ധിച്ചിരുന്നു. പാവങ്ങളോടും ദളിതരോടുമുള്ള അദ്ദേഹത്തിന്റെ പക്ഷംചേരൽ പരക്കെ അറിവുള്ള ഒരു പരമാർത്ഥമാണ്. സഭാത്മക കാഴ്ചപ്പാട് ജീവിതത്തിൽ ഉടനീളം പ്രായോഗികമാക്കിയ പിതാവിന് എക്യുമെനിസം എക്കാലവും ഒരു തപസ്യയായിരുന്നു എന്നു വേണം പറയാൻ. അതുപോലെ മറ്റു മതസ്ഥരോടുള്ള ആത്മാർത്ഥമായ മൈത്രി അദ്ദേഹത്തിന്റെ ക്രിസ്തുശിഷ്യത്വത്തിന്റെ ഭാഗമായിരുന്നു. ചുറ്റുമുള്ള സാമൂഹിക, സാംസ്കാരിക സംരംഭങ്ങളോടുള്ള പ്രതിബദ്ധത ചുണ്ടേവാലേൽ തിരുമേനിയുടെ ആഴമായ മാനവികതയുടെ ചെറിയ ഉദാഹരണം മാത്രം.

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയെപ്പറ്റി ഓർക്കുന്ന ആർക്കും ആദ്യമേ മനസ്സിൽ ഉദിക്കുന്ന കാര്യം അദ്ദേഹത്തിന്റെ ആത്മീയതയാണ്. അദ്ദേഹത്തിന്റെ ഭക്തി പ്രധാനമായും സഭാത്മകമായിരുന്നു. കേന്ദ്രബിന്ദു എപ്പോഴും വി. കുർബാനയും. ഇക്കാര്യം അഭിവന്ദ്യ പിതാവിന്റെ കുർബാ



നയർപ്പണത്തിൽ പങ്കെടുത്തിട്ടുള്ളവർക്ക് മനസ്സിലാകുമായിരുന്നു. രാത്രിയിലും, പകലും സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി ധാരാളം സമയം ചിലവഴിച്ചിരുന്നത് തിരുമേനിയുടെ ദിനചര്യയുടെ ഒരവശ്യഭാഗമായിരുന്നു. പ്രാർത്ഥനപോലെ പരിത്യാഗത്തിന്റേയും ഒരു ഉത്തമ മാതൃകയായിരുന്നു അദ്ദേഹം. ഞാൻ അറിയുന്ന കാലംമുതൽ തിരുമേനി ഭക്ഷണമേശയിൽ എപ്പോഴും അല്പാഹാരിയും, പരാതി രഹിതനുമായിരുന്നു. അദ്ദേഹത്തിന്റെ സെമിനാരിക്കാരോടുള്ള ഉപദേശങ്ങളിൽ സ്ഥിരമായി ഓർമ്മപ്പെടുത്തുന്ന ഒരു വിഷയമായിരുന്നു ഭക്ഷണത്തിലെ പരിത്യാഗം (Mortification). ഇക്കാര്യത്തിൽ അദ്ദേഹം അങ്ങേയറ്റം മാതൃക കാണിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഭക്ഷണക്രമങ്ങളിൽനിന്നുമുണ്ടാകുന്ന യാതൊരു ആരോഗ്യ പ്രശ്നങ്ങളോ, കുടവയറോ അമിത ഭാരമോ തിമോത്തിയോസ് പിതാവിന് മരണംവരെ ഉണ്ടായിരുന്നില്ലെന്നുള്ളതും പ്രത്യേകം ശ്രദ്ധാർഹമത്രേ!

മെത്രാപ്പോലിത്ത, വൈദിക പരിശീലകൻ, ഇടവകവികാരി, ഭരണകർത്താവ്, ധ്യാനഗുരു, ആദ്ധ്യാത്മിക സാധകൻ, സാമൂഹ്യ പ്രവർത്തകൻ, സഭൈക്യപ്രചാരകൻ തുടങ്ങിയ മേഖലകളിൽ പിതാവ് കാഴ്ച വച്ചിട്ടുള്ള സംഭാവനകൾ ഏറെയാണ്. എന്നാൽ, എന്നെ ഏറ്റം അത്ഭുതപ്പെടുത്തിയിട്ടുള്ളത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. ആഴമായ ആത്മീയതയിൽ അടിയുറച്ച ആ ജീവിതം മായം ചേരാത്ത മനുഷ്യത്വത്തിന്റെ ഉദാത്ത മാതൃക കൂടിയായിരുന്നു.

ആ വ്യക്തിത്വത്തിൽ എന്നെന്നും പ്രകടമായി അനുഭവപ്പെട്ടിരുന്ന സവിശേഷതകളായിരുന്നു അനുകമ്പയും ദാനശീലവും. എത്ര കൊടുത്താലും മതിവരാത്ത പ്രകൃതം. മറ്റുള്ളവരുടെ ആവശ്യങ്ങൾ, വികാരങ്ങൾ, സൽപ്പേര്, ആത്മാഭിമാനം ഇവയൊക്കെ പിതാവ് അങ്ങേയറ്റം കരുതിയിരുന്ന കാര്യങ്ങളാണ്. വലുപ്പ ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാവരേയും ബഹുമാനിച്ചിരുന്ന ഒരു വലിയ മനുഷ്യനായിരുന്നു തിരുമേനി. എല്ലാ മനുഷ്യരിലും യേശുവിന്റെ മുഖം കാണണമെന്ന ഉപദേശം സ്വന്തം ജീവിതത്തിൽ പകർത്തിയിരുന്നു. സഹായമഭ്യർത്ഥിച്ചു സമീപിച്ച ഒരുവനെപ്പോലും വെറും കയ്യോടെ അയച്ച ചരിത്രം ആ ധന്യജീവിതത്തിലുണ്ടായിട്ടില്ലെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. മറ്റുള്ളവരുടെ ആവശ്യങ്ങൾ അവർ ചോദിക്കാൻ കാത്തിരിക്കാതെ മുൻകൂട്ടികണ്ട് ചെയ്തിരുന്ന ഒരു പ്രകൃതമായിരുന്നു. മിഷനിൽ പ്രവർത്തിക്കുന്ന രൂപതയിലെ പല അച്ചന്മാർക്കും പിതാവ് പലപ്പോഴും അവർ ചോദിക്കാതെതന്നെ സഹായങ്ങൾ ചെയ്യുന്നതിന് ഞാൻ പലപ്പോഴും സാക്ഷിയായിരുന്നിട്ടുണ്ട്. എനിക്കുതന്നെ അത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സാമ്പത്തികമായി വളരെ ക്ലേശിച്ച ഒരു കാലത്ത് എനിക്ക് പിതാവ് പലപ്പോഴും കുർബാനപ്പണവും മറ്റും തന്നു സഹായിച്ചിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു. ഇത് രൂപതയിലെ അനേകം വൈദികരുടെ അനുഭവമായിരുന്നു എന്നതാണ് വാസ്തവം. വിദേശത്തു പോയിവരുമ്പോൾ സെമിനാരിക്കാർക്കും, അരമനയിലെ അച്ചന്മാർക്കും, ജോലിക്കാർക്കും പ്രത്യേകം സമ്മാനങ്ങൾ കൊണ്ടുവരിക പിതാവിന്റെ പതിവായിരുന്നു. കാനഡയിലും, അമേരിക്കയിലും പിതാവിനൊപ്പം സമ്മാനങ്ങൾ വാങ്ങിക്കുവാൻ കടകൾ കയറിയത് ഞാനിന്നും മറന്നിട്ടില്ല.

മിതഭാഷിയായ തിരുമേനി ഒരിക്കൽ പോലും ഏതെങ്കിലും വ്യക്തിയെപ്പറ്റി പരുഷമായി സംസാരിച്ചു കേൾക്കാൻ ഇടയായിട്ടില്ല. രാഷ്ട്രീയക്കാരെപ്പോലെ പൊതു വ്യക്തികളെപ്പറ്റി എന്തും പറയാൻ ചിലർ യാതൊരു കുറ്റബോധവും കാണിക്കാറില്ല. എന്നാൽ തിമോത്തിയോസ് തിരുമേനി അക്കാര്യത്തിൽ വ്യത്യസ്തനായിരുന്നു. മാത്രമല്ല അച്ചന്മാരോ, സെമിനാരിക്കാരോ പ്രതിപക്ഷ ബഹുമാനമില്ലാതെ സംസാരിക്കുന്നതു കേട്ടാൽ അവരെ തിരുത്താനും മടിച്ചിരുന്നില്ല. അതും വളരെ സൗമ്യമായിട്ട്. ഒരിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിലുള്ള ഒരു ചർച്ചയിൽ ഉണ്ടായ സംഭവം ഓർക്കുന്നു. ഒരു കാര്യത്തിൽ രൂപതയ്ക്കെതിരേയുണ്ടായ അനീതിയുടെ ഒരനുഭവത്തിന് അതേ നാണയത്തിൽ മറുപടി കൊടുക്കണമെന്ന് ഭൂരിഭാഗം അംഗങ്ങളും ആവശ്യപ്പെട്ടപ്പോൾ തിരുമേനിയുടെ പ്രതികരണം വളരെ ശ്രദ്ധേയമത്രേ. അച്ചന്മാരേ, നമ്മളും അവരെപ്പോലെ പ്രതികരിച്ചാൽ പിന്നെ ക്രിസ്തുവിന്റെ അരൂപി നമ്മുടെ പ്രവർത്തനങ്ങളിൽ എങ്ങനെ പ്രതിഫലിക്കും? മറുപടി പറയാനില്ലാതെ ഞങ്ങളൊക്കെ പരുങ്ങി എന്നു പറഞ്ഞാൽ മതിയല്ലോ. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അരൂപിയിൽ ജീവിക്കാൻ ശ്രദ്ധിച്ചിരുന്ന തിരുമേനിയുടെ ജീവിതത്തിൽ നിന്നും ഇതുപോലുള്ള അനേക സംഭവങ്ങൾ വിവരിക്കാനാവും.

മറ്റുള്ളവരോടുള്ള സ്നേഹത്തിന്റേയും, ഔദാര്യത്തിന്റേയും ഭാവം തിരുമേനിയുടെ കത്തിടപാടുകളിലും പ്രകടമായിരുന്നു. സാധിക്കുമെങ്കിൽ എല്ലാവർക്കും സ്വന്തം കൈപ്പടയിൽ തന്നെ കത്തെഴുതുന്ന ശീലമായിരുന്നു അദ്ദേഹത്തിന്റേത്. വലിയ തിരക്കുള്ളപ്പോൾ മാത്രമാണ് സെക്രട്ടറിമാർ എഴുതി പിതാവ് ഒപ്പിട്ടയച്ചിരുന്നത്. അതു വളരെ ചുരുക്കമായിട്ടേ സംഭവിക്കാറുണ്ടായിരുന്നുള്ളൂ. അന്നന്നു വരുന്ന കത്തുകൾക്ക് അന്നന്ന് മറുപടി അയക്കണമെന്ന ശീലം സെക്രട്ടറിമാരെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളിയായിരുന്നു. എന്നാൽ അക്കാര്യത്തിൽ തിരുമേനിക്ക് വിട്ടുവീഴ്ച നന്നേ പ്രയാസമായിരുന്നു എന്ന് സെക്രട്ടറിമാരായി പ്രവർത്തിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണ്. ഒരിക്കൽ ഏതോ ഒരു ക്ലബുകാർ തിരുമേനിയെ അവരുടെ വാർഷിക യോഗത്തിന് ക്ഷണിച്ചുകൊണ്ട് ഒരു കത്തയച്ചിരുന്നു. ഞാനത് ചവറ്റുകുട്ടയിൽ ഇടാനായി മാറ്റിവച്ചു. ഇത്ര വലിയ ഒരാളെ വെറും ഒരു കത്തുവഴി, അതും ഒരു വാർഷികത്തിന് ക്ഷണിക്കാൻ അവർ കാണിച്ച ഔചിത്യമില്ലായ്മയിൽ രോഷപ്പെട്ടായിരുന്നു എന്റെ പ്രതികരണം. എന്റെ കഷ്ടകാലത്തിന് തിരുമേനി അതു ശ്രദ്ധിക്കാനിടയായി. ''അച്ചാ, ഈ കത്തിന് മറുപടി അയച്ചില്ലേ'', തിരുമേനി ചോദിച്ചു. 'പിതാവേ ഇത്ര നിസ്സാരമായ കാര്യത്തിന് വെറും ഒരു കത്തിലൂടെ പിതാവിനെ ക്ഷണിച്ചവരെ അവഗണിക്കുകയാണ് വേണ്ടത്'', എന്നു ഞാൻ സമർത്ഥിച്ചു. പിതാവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: ''അച്ചാ, ദൂരമായതുകൊണ്ടും, മറ്റു പല തിരക്കുകളുള്ളതുകൊണ്ടും അസൗകര്യമുണ്ടെന്ന് കാണിച്ച് അവർക്കൊരു മറുപടി കൊടുക്കുന്നതല്ലേ ശരി''? ഒരു മനുഷ്യനേയും അവഗണിക്കാനോ, നോവിക്കാനോ കഴിയാതിരുന്ന ആ പരമസാത്വികന്റെ പ്രതികരണം എന്നെ ആഴമായി സ്പർശിക്കുകയും, എന്റെ തന്നെ മനോഭാവങ്ങളെപ്പറ്റി ആത്മശോധന ചെയ്യുന്നതിനും ഇടയാക്കി എന്നു പറഞ്ഞാൽ മതിയല്ലോ.

മലങ്കര പൈതൃകത്തോടും അന്ത്യോക്യൻ ആരാധന സംസ്കാരത്തോടുമുള്ള പിതാവിന്റെ ആഴമായ ആഭിമുഖ്യത്തെപ്പറ്റി ഒരു വാക്കു പറയാതെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നത് ഉചിതമല്ലെന്നു തോന്നുന്നു. മലങ്കര ആരാധന ക്രമത്തെപ്പറ്റിയും പാരമ്പര്യങ്ങളെപ്പറ്റിയുമുള്ള അവസാന വാക്കായിരുന്നു മാർ തിമോത്തിയോസ് തിരുമേനിയുടേത്. ഈ വിഷയത്തിൽ മലങ്കര കത്തോലിക്കാസഭയിലെ പിതാക്കന്മാരും വൈദികരും മാത്രമല്ല, യാക്കോബായ-ഓർത്തഡോക്സ് സഭയിലെ ചില വൈദികർ വരെ പിതാവിന്റെ അടുത്ത് സംശയദൂരീകരണത്തിന് സമീപിച്ച് ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ സഭയിലെ ഒരു മൂറോൻ കൂദാശയ്ക്കുള്ള ഒരുക്കത്തിൽ പിതാവിനോടുകൂടി വളരെ അടുത്ത് പ്രവർത്തിച്ചപ്പോഴാണ് അദ്ദേഹത്തിന്റെ ആരാധനക്രമങ്ങളിലുള്ള അവഗാഹം മനസ്സിലാവുക. യാക്കോബായസഭയിലെ ഉന്നതനായിരുന്ന ഒരു വൈദികന്റെ (റവ. ഫാ. ജേക്കബ് ചുണ്ടേവാലേൽ) മകനായി ജനിച്ചു വളർന്നതുവഴി ആ പൈതൃകം തികച്ചും നൈസർഗ്ഗികമായിരുന്നു തിരുമേനിയെ സംബന്ധിച്ചിടത്തോളം. മാത്രമല്ല, മലങ്കരയിലെ മഹാമല്പാനായിരുന്ന മൂലമണ്ണിലച്ചന്റെ ശിഷ്യൻ എന്നതും ഒരു ചെറിയ കാര്യമായിരുന്നില്ലല്ലോ? വൈദികജീവിതത്തിന്റെ പ്രാരംഭത്തിൽ മലങ്കര സഭാഭാസുരൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്, മാർ തെയോഫിലോസ്, മാർ സേവേറിയോസ്, മാർ അത്തനാസിയോസ് എന്നീ പിതാക്കന്മാരോടുള്ള അടുത്ത ബന്ധവുംകൂടി കണക്കിലെടുക്കുമ്പോൾ മലങ്കര പാരമ്പര്യത്തിന്റെ ഉറവിടങ്ങളുമായി നേരിട്ടു ബന്ധമുണ്ടായിരുന്ന അവസാനത്തെ കണ്ണിയായിരുന്നു മാർ തിമോത്തിയോസ് പിതാവ് എന്നു കൂടി പറയാം. പൈതൃകത്തോടുള്ള ആഴമായ പ്രതിബദ്ധത നിലനിർത്തിയപ്പോഴും മറ്റു ചിലരിൽ കാണുന്ന ''താലിബാൻ'' മനോഭാവം ഈ വലിയ പിതാവിൽ കണ്ടിരുന്നില്ല എന്നത് എടുത്തു പറയേണ്ടതുണ്ട്.

മാർ തിമോത്തിയോസ് തിരുമേനി നമ്മുടെ സഭക്ക് ഒരു മഹാ വരദാനമായിരുന്നു. നന്മയുടെ അവതാരമായിരുന്ന ആ പിതാവിന്റെ അവസാന വർഷങ്ങളിലെ അവസ്ഥ അദ്ദേഹത്തെ സ്നേഹിച്ച അനേകായിരങ്ങളെ ആകുലപ്പെടുത്തി. എന്നാൽ തിരുവല്ല അതിരൂപത ആ വന്ദ്യപിതാവിനെ രാജകീയമായി കരുതുകയും പരിപാലിക്കുകയും ചെയ്തു എന്നത് അങ്ങേയറ്റം പ്രശംസനീയമാണ്. ഇതുപോലൊരു മഹാജീവിതത്തോട് അടുത്തിടപെടാനും ഒരുമിച്ച് പ്രവർത്തിക്കുവാനും ഒരു ശിഷ്യൻ ആയിരിക്കാനും സാധിച്ചതിൽ അഭിമാനം കൊള്ളുന്നു. ''കർത്താവേ, നിന്റെ വത്സലരായ നീതിമാന്മാരുടേയും ആചാര്യന്മാരുടെയും കൂടെ സന്തോഷപൂർണ്ണമായ പറുദീസായിൽ ഈ പിതാവിനെ വസിപ്പിക്കണമേ'' (കൊഹനീത്ത) എന്നു നമുക്ക് പ്രാർത്ഥിക്കാം.



# ആടുകളുടെ മണമുള്ള അജപാലകൻ

(അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ ഇടയലേഖനങ്ങളും ഡയറികളും പ്രസംഗക്കുറിപ്പുകളും ആധാരമാക്കി തയ്യാറാക്കിയ ലേഖനം)



ഫാ. ഡോ. ഐസക് പറപ്പള്ളിൽ

തന്റെ ജീവിതംവഴിയും പ്രബോധനങ്ങൾവഴിയും പ്രസംഗങ്ങൾവഴിയും മനുഷ്യ ഹൃദയങ്ങളിൽ ഏറെ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുള്ള വന്ദ്യ പിതാവാണ് മാർ തിമോത്തിയോസ് തിരുമേനി. ഏതു രംഗത്തും, ജോലി മേഖലകളിലും പ്രവർത്തിക്കുന്നവർക്ക് തിരുമേനിയുടെ ഉപദേശങ്ങൾ, അവരുടെ ജീവിതത്തിന് വലിയ മാർഗ്ഗദർശനമായിരുന്നു. ഇത്തരത്തിൽ എല്ലാവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഒരു വലിയ ഗുരുവായിരുന്നു അഭിവന്ദ്യ പിതാവ്. ഒരു മെത്രാൻ ഒരു ഗുരു കൂടിയായിരിക്കണം എന്ന് ജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും തെളിയിച്ചു. അഭിവന്ദ്യ പിതാവിന്റെ പ്രസംഗങ്ങളും ഇടയലേഖനങ്ങളുമെല്ലാം സഭാമക്കളുടെ ജീവിതത്തെ ശക്തിപ്പെടുത്തുവാനും ആത്മീയമായി പരിപോഷിപ്പിക്കുവാനുള്ള പ്രബോധനങ്ങളായിരുന്നു. ഏതു സന്ദർഭത്തിനും ആവശ്യമായ പ്രസംഗങ്ങളും പ്രബോധനങ്ങളും, നന്നായി ഒരുങ്ങി കുറിപ്പെഴുതി തയ്യാറാക്കി മാത്രമേ അദ്ദേഹം നടത്തിയിരുന്നുള്ളൂ. വളരെ ലളിതമായും ശബ്ദമിതത്വത്തിലൂടെയുമായിരുന്നു അവ അവതരിപ്പിച്ചിരുന്നതെങ്കിലും, ആ പ്രസംഗങ്ങളും പ്രബോധനങ്ങളുമെല്ലാം വളരെ അർത്ഥപൂർണ്ണവും ഹൃദയസ്പർശിയുമായിരുന്നു. നൂറുകണക്കിന് പ്രസംഗക്കുറിപ്പുകളും, ഡയറിക്കുറിപ്പുകളും, ഇടയലേഖനങ്ങളും പരിശോധിക്കുവാൻ ഇടയായതിലൂടെ ഇക്കാര്യം വ്യക്തമായി മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞു. അതിലേറെ ആ മഹത്ജീവിതത്തെ 40 വർഷത്തോളം (1979-2019) എനിക്ക് നേരിട്ട് കാണുവാനും അത്ഭുതത്തോടെ ആ ജീവിതത്തെ നോക്കിക്കാണുവാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ആകാരവലുപ്പംപോലെതന്നെ ആ മനസ്സിന്റേയും ഹൃദയത്തിന്റേയും വലുപ്പം നേരിട്ട് കണ്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്.

വിവിധ മേഖലകളിലുള്ള വ്യക്തികളുടെ ജീവിതത്തിന് അഭിവന്ദ്യ പിതാവ് ഉപദേശങ്ങൾ നല്കിയിരുന്നുവെങ്കിലും, കൂടുതൽ ഊന്നൽ നല്കിയ മൂന്ന് ജീവിതമേഖലകളെക്കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

1. ആരാധനാജീവിതം 2. പൗരോഹിത്യജീവിതം 3. കുടുംബജീവിതം.

അഭിവന്ദ്യ പിതാവ് പറഞ്ഞതും എഴുതിയതുമായുള്ള അതേ വാക്കുകൾതന്നെയാണ് ഈ ലേഖനത്തിൽ രേഖപ്പെടുത്തുന്നത്.

## I) ആരാധനയും ആരാധനാജീവിതവും

സഭ ക്രിസ്തുവിന്റെ തുടർച്ചയാകയാൽ ക്രിസ്തുവിന്റെ പ്രവർത്തനം ഇന്നും സഭയിൽ തുടരുന്നു. ക്രിസ്തു പിതാവിന് സമർപ്പിച്ച ആരാധന ഇന്നും പരസ്യാരാധനയിലൂടെ സഭ തുടർന്നുകൊണ്ടുപോകുകയാണ്. സഭയുടെ പരസ്യാരാധനയാണ് ലിറ്റർജി. തന്റെ സഭാസന്താനങ്ങളുടെ ആത്മീയരൂപീകരണവും വിശുദ്ധീകരണവുമാണ് ആരാധനയിലൂടെ സംഭവിക്കുക. പൗരസ്ത്യസഭകളുടെ ആദ്ധ്യാത്മികത ആരാധനാധിഷ്ഠിതമായ ആദ്ധ്യാത്മികതയാണ്. ഭക്താഭ്യാസങ്ങളും നമ്മെ ആത്മീയജീവിതത്തിൽ ശക്തിപ്പെടുത്തും. അതിനാൽ അവയ്ക്കും ആത്മീയജീവിതത്തിൽ വലിയ വിലയുണ്ട്. ലിറ്റർജി പരസ്യാരാധന എന്ന നിലയിൽ അതിന്റെ നിയമങ്ങളും അനുഷ്ഠാനങ്ങളും (Rubrics) പ്രധാനമാണ്. എന്നാൽ liturgy is not rubrics alone. ആരാധനവഴി ആത്മീയജീവിതം വളരുന്നില്ലെങ്കിൽ പ്രയോജനമില്ല. ആരാധന ഒരു വ്യക്തിയും ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനെ അതിസ്വാഭാവികതയിലേക്ക് ഉയർത്തി. തന്റെ സ്വഭാവത്തിൽ പങ്കുകാരാക്കി. അതുകൊണ്ട് ദൈവത്തിന് നാം നൽ

കുന്നതാണ് ആരാധന. പീയൂസ് 12-ാമൻ മാർപാപ്പാ ഇപ്രകാരം പറയുന്നു, 'Liturgy is the worship rendered by the Mystical Body of Christ in its entirety of its head and members.

ദൈവാരാധന ദൈവസന്നിധിയിൽ നാം നടത്തുന്ന ശ്രേഷ്ഠമായ ശുശ്രൂഷയാണ്. അത് മാലാഖമാരുടെ അതേ ജോലിതന്നെയാണ്. മദ്ബഹായിലെ ശുശ്രൂഷ മാലാഖമാരുടെ ശുശ്രൂഷയാണ്. ആരാധനക്രമത്തിൽ നാം പാടുന്നുവല്ലോ 'തീയല്ലോ ഈ മദ്ബഹാ'. മദ്ബഹായിൽ ശുശ്രൂഷിക്കുന്നതും കീർത്തനങ്ങൾ പാടുന്നതും എത്ര മനോഹരം. എന്നാൽ എന്നും നിർവ്വഹിക്കുന്നതുകൊണ്ട് ആ ശുശ്രൂഷയുടെ മഹത്വം പലരും മറന്നുപോകുന്നു. 'കുർബാനയുടെ ഇടയ്ക്ക് ചിരിക്കുന്നവർ, വായിക്കാനൊക്കെ വാശി പിടിക്കുന്നവർ, തിരിയും കരിയുമെല്ലാം അവിടവിടെയായി ഇടുന്നവർ, ഭക്തിയില്ലാതെ കുർബാനയ്ക്ക് കൂടുന്നവർ.... അതിനാൽ കുഞ്ഞുങ്ങൾ അച്ചടക്കത്തോടുകൂടിയും ഭക്തിയോടും ആദരവോടുംകൂടെ മദ്ബഹായിൽ പെരുമാറണം. ദൈവാലയശുശ്രൂഷ മഹത്വമേറിയ ശുശ്രൂഷയാണ്. അതിന് യോഗ്യരായ കുഞ്ഞുങ്ങളെ ഇടവക സമൂഹവും വൈദികരും തിരഞ്ഞെടുക്കണം. ദൈവം നമ്മെ വിളിച്ചിരിക്കുന്നതും തിരഞ്ഞെടുത്തിരിക്കുന്നതും ദൈവാരാധനയ്ക്കായിട്ടാണ്. അതിനാൽ യാമപ്രാർത്ഥനകൾ (കാനോനാ നമസ്ക്കാരം) ഏറെ പ്രധാനപ്പെട്ടതാണ്. അത് സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ്. നമ്മുടെ യാമപ്രാർത്ഥനകൾ സന്യാസപാരമ്പര്യാധിഷ്ഠിതമാണ്. യാമപ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്ന ശ്ഹീമോ സാധാരണ ദിവസത്തെ പ്രാർത്ഥനകളാണ്. തിരുനാളുകൾക്കും ഞായറാഴ്ചകൾക്കും പ്രത്യേകം പ്രാർത്ഥനകളുണ്ട്. ആ പ്രാർത്ഥനകളടങ്ങിയ പുസ്തകത്തിന് പെങ്കീത്താ എന്ന് പറയും. സന്ധ്യമുതൽ പിറ്റേ ദിവസത്തെ സന്ധ്യവരെയാണ് ഒരു ആരാധനാദിവസം (liturgical day). ഒരു ആരാധനാദിവസത്തിന്റെ 24 മണിക്കൂറുകളെ 7 യാമങ്ങളായി തിരിച്ചിരിക്കുന്നു. റംശോ, സൂത്തോറോ, ലിലിയോ, സപ്രോ, 3, 6, 9 മണി. സന്ധ്യാപ്രാർത്ഥനയ്ക്ക് ധൂപം അർപ്പിക്കുന്നത് നിർബന്ധമായി ആചരിക്കപ്പെട്ടുപോരുന്ന ആചാരമാകുന്നു. ഓരോ യാമത്തിനും അതിനു ചേരുന്ന സങ്കീർത്തനങ്ങളും ഗാനങ്ങളും പ്രാർത്ഥനകളുമുണ്ട്.



ദൈവസ്തുതിയിലൂടെ പകലിന്റെയും രാത്രിയുടെയും ഗതി മുഴുവനും പവിത്രമാകുന്നതിന് സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതാണ് കാനോനാ നമസ്ക്കാരം. ഇച്ഛാശക്തിയും ബുദ്ധിശക്തിയുമുള്ള മനുഷ്യൻ ദൈവത്തെ അസ്ഥിത്വം കൊണ്ട് മാത്രമല്ല, അറിവോടും മനസ്സോടുംകൂടെ സ്തുതിക്കണം. പ്രാർത്ഥന ആത്മാവിന്റെ ആഹാരമാണ്. സ്വർഗ്ഗത്തിലെ ദൈവാരാധനയുടെ മുന്നാസ്വാദനവുമാണ് ഭൗമിക ആരാധന. കാനോനാ നമസ്ക്കാരം വിവിധ പേരുകളിൽ അറിയപ്പെടുന്നു. 1. Sacrifice of Praise (സ്തുതിയുടെ ബലി) - ദൈവത്തോടുള്ള വിധേയത്വം ഏറ്റുപറയുന്നു. 2. Divine Office - ദൈവസ്തുതി പാടുന്നതുവഴി ദൈവത്തെ സേവിക്കുന്നു. 3. Opus Dei (ദൈവത്തിന്റെ കൃത്യം) - മനുഷ്യാവതാരംവഴി ദൈവപുത്രൻ ഏറ്റെടുത്ത കൃത്യം. അത് ക്രിസ്തുവിനോട് ചേർന്ന് മനുഷ്യനും നടത്തുന്നു. 4. Canonical Hours (നിയമാധിഷ്ഠിതമായ ഔദ്യോഗിക പ്രാർത്ഥന). 5 Breviary. പ്രാർത്ഥനാപുസ്തകത്തിൽ സങ്കീർത്തനങ്ങളോടൊപ്പം പിന്നീട് കീർത്തനങ്ങളും ചേർത്തു. അങ്ങനെ പുസ്തകം വലുതായപ്പോൾ ചുരുക്കിയ ക്രമമാണ് Breviary.

**വിശുദ്ധ കുർബാന** : കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചിട്ട് പറഞ്ഞു, 'ഞാൻ വരുന്നതുവരെ എന്നും എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ'. വിശുദ്ധ കുർബാന സ്നേഹത്തിന്റെ ബലിയാണ്. ദൈവത്തിന്റെ സ്നേഹവും സാന്നി

ധ്യവും കരുതലും അനുഭവവേദ്യമാകുന്നതാണ് ബലി. വിശുദ്ധ കുർബാനയിൽ നാം അനുദിനം പങ്കെടുക്കും. എന്നാൽ അതിനെ ശരിയായി മനസ്സിലാക്കാനോ, വിലമതിക്കാനോ, യഥാ യോഗ്യം പങ്കെടുക്കാനോ, കൈക്കൊള്ളുവാനോ നാം പരിശ്രമിക്കാറില്ല. മനുഷ്യൻ ദൈവത്തെ ആരാധിക്കുക എന്നത് അവന്റെ പ്രാഥമിക കടമ യാണ്. 'നിന്റെ ദൈവമായ കർത്താവ് ഞാനാകു ന്നു'. ദൈവത്തിന് കൊടുക്കാവുന്നതിലേക്കും വലിയ ആരാധന വിശുദ്ധ ബലിയാണ്. ബലിവ ഴി മനുഷ്യൻ തന്നെത്തന്നെ ദൈവത്തിന് സമർ പ്പിക്കുന്നു. പഴയനിയമത്തിൽ കാളയെയോ, ആട്ടിൻകുട്ടിയെയോ കൊന്ന് രക്തം തളിച്ച് ബലി നിർവ്വഹിച്ചു. എന്നാൽ അത് പൂർണ്ണമല്ലായി രുന്നു. പുതിയനിയമത്തിൽ പിതാവായ ദൈവം തന്റെ തിരുക്കുമാരനെ ഈ ലോകത്തിലേക്ക് അയച്ചു. അവിടുന്ന് നമുക്കുവേണ്ടി ബലിയായി ഗോഗുൽത്തായിൽ സമർപ്പിച്ചു. അതായിരുന്നു പൂർണ്ണ യാഗം. പെസഹാവ്യാഴാഴ്ച അവിടുന്ന് ബലി സ്ഥാപിച്ചു. തന്റെ ബലി ലോകാവസാന ത്തോളം നിർവ്വഹിക്കുവാൻ ശിഷ്യന്മാരെ ഭരമേ ല്പിച്ചു. 'എന്റെ ഓർമ്മയ്ക്കായി ഇത് ചെയ് വിൻ.' ഭൂതകാലത്തിൽ നടന്ന ഒന്നിനെ വർത്തമാ നകാലത്തിൽ ഒരു യാഥാർത്ഥ്യമാക്കി മാറ്റുന്നതാ ണ് ബലി. വിശുദ്ധ കുർബാന നമ്മുടെ ജീവിത ത്തിന്റെ വലിയ അനുഭവമാകണം, ബലിയിൽ സജീവമായി പങ്കെടുക്കണം. കുർബാന (കൂറോ ബോ) എന്ന വാക്കിന്റെ അർത്ഥം കാഴ്ചയർ പ്പണം, ബലിസമർപ്പണം, യാഗം, എവുക്കരിസ് ത്യാ, അപ്പംമുറിക്കൽ എന്നൊക്കെയാണ്. വിശു ദ്ധ കുർബാന ഒരു കാഴ്ചവയ്ക്കലാണ്, സമർപ്പ ണമാണ്. നമ്മുടെ ആത്മീയയാത്രയിൽ തളർന്നു പോകാതിരിക്കുവാൻ നമ്മുടെ ഭക്ഷണമായി വഴി യാത്രയിൽ ശക്തിനൽകുന്ന തന്റെ ശരീരത്തെ, യേശുനാഥൻ നമുക്ക് നൽകി. ഈ മഹത്വമേറിയ വിരുന്നിനേക്കുറിച്ച് ചിന്തിക്കുമ്പോൾ ഹൃദയം സ്നേഹംകൊണ്ടും നന്ദികൊണ്ടും നിറയണം.

**വിശുദ്ധ കുമ്പസാരം** : അനുരഞ്ജനകൂദാശയു ടെ പ്രാധാന്യവും ശക്തിയും നാം നന്നായി മനസിലാക്കണം. ആംഗ്ലിക്കൻസഭയിൽനിന്ന് കത്തോലിക്കാസഭയിലേക്ക് വന്ന കർദ്ദിനാൾ ന്യൂമാൻ പറഞ്ഞു "I came to the Catholic Church to make my Confession". ഇന്ന് പാപബോധം നഷ്ട പ്പെട്ട തലമുറയ്ക്ക് തങ്ങളുടെ തെറ്റുകൾ മറ്റൊരാ ളോട് പറയുവാൻ പ്രയാസം. കുമ്പസാരിച്ചിട്ടും വ്യത്യാസമൊന്നും വരുത്താറുമില്ല. അനുരഞ്ജ നകൂദാശയുടെ ആഴമേറിയ അർത്ഥം ഉൾക്കൊ ള്ളണം. കുമ്പസാരംവഴി ഒരു ജീവിത നവീകര ണവും പുതുജീവനും ലഭ്യമാകണം, ദൈവകാരു ണ്യം അനുഭവിക്കുവാൻ ഇടയാകണം, ആത്മീയശക്തി ലഭ്യമാകണം, ആത്മീയ മുറിവ് ഭേദമാകണം, മനസമാധാനം കൈവരിക്കണം, കൗദാശിക വരപ്രസാദം സ്വീകരിക്കണം. അനുര ഞ്ജനകൂദാശയിലൂടെ വിശുദ്ധിയിലേക്ക് നമു ക്ക് വളരുവാൻ സാധിക്കണം. സഭയിലെ ഓരോ അംഗത്തിന്റെയും വിശുദ്ധിയെ ആശ്രയിച്ചാണ് സഭയുടെ വിശുദ്ധി നിലകൊള്ളുന്നത്. ദൈവ ത്തോടും സഹോദരനോടും നമ്മോടുതന്നെയു മുള്ള അനുരഞ്ജനമാണ് വിശുദ്ധി. ദൈവ ത്തിൽനിന്നും സഹോദരനിൽനിന്നും നമ്മിൽനി ന്നുമുള്ള അകൽച്ചയാണ് പാപം. യഥാർത്ഥ ത്തിൽ ഒരു നിയമം മാത്രമേയുള്ളൂ - സ്നേഹി ക്കുക. പാപം നമ്മുടെ ആത്മീയജീവന് തടസ്സ മാണ്. ദൈവം നമ്മെ വിശുദ്ധിയിലേക്കാണ് വിളി ച്ചിരിക്കുന്നത്. ക്രിസ്തീയജീവിതം പാപത്തി ന്മേലുള്ള വിജയമാണ്, അതിനാൽ വിശുദ്ധീകര ണം ആവശ്യമാണ്. പാപത്തെക്കുറിച്ചുള്ള ബോധ്യം, മനസ്താപം, പുതിയ ജീവിതം നയി ക്കുവാനുള്ള തീരുമാനം, ഇവ വിശുദ്ധികരണ ത്തിന് അത്യന്താപേക്ഷിതമാണ്. യഥാർത്ഥ അനുതാപത്തിന്റെ ഫലം ദൃഢനിശ്ചയമാണ്. അനുതാപം കുറ്റബോധമല്ല, കരുണയുടെ അനു ഭവമാണ്. അനുതാപം സന്തോഷത്തിലേക്ക് നയിക്കുന്നു. പാപം ചെയ്യുമ്പോൾ നന്മ ചെയ്യുവാ നുള്ള കഴിവ് നശിക്കുന്നു. തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കണം. അത് പറഞ്ഞാലേ തീരുക യുള്ളൂ. മുടിയനായ പുത്രൻ തന്റെ പിതാവിനോ ട് അവന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു. അനുതാപ ത്തിന്റെ ഫലമാണ് ഏറ്റുപറച്ചിൽ. പരമാർത്ഥത യോടും ഹൃദയം തുറന്നും തെറ്റുകൾ ഏറ്റുപറ യണം. വൈദികൻ ദൈവത്തിന്റെ പ്രതിനിധി യാണ്. ഏറ്റുപറയുമ്പോൾ നമ്മുടെ മനസിന് വലിയ സമാധാനം ലഭിക്കും, അല്ലാത്തപ്പോൾ അസ്വസ്ഥത അനുഭവപ്പെടും. തെറ്റുകൾ ഏറ്റുപ റയുന്നത് ലജ്ജാകരമായി കരുതരുത്. കുമ്പസാരം ദൈവത്തോട് അടുക്കാനും പാപ ത്തിൽ നിന്നും മോചനം ലഭിക്കുവാനുമുള്ള കൂ ദാശയാണ്. അത് ഒരു ഭാരമായി അനുഭവപ്പെ ടുവാൻ ഇടയാകരുത്.

### II) ദൈവവിളിയും പൗരോഹിത്യജീവിതവും


അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തി യോസ് തിരുമേനി 18 വർഷത്തോളം വൈദികപ രിശീലനവും പൗരോഹിത്യജീവിതത്തിലേയ്ക്ക് നടന്നടുക്കുന്നവർക്ക് മാർഗ്ഗദർശനവും നൽകിയ

വ്യക്തിയാണ്. 250 ൽ പരം വൈദികാർത്ഥികൾക്ക് പരിശീലനം നല്കിയ വ്യക്തി. അതുകൊണ്ടുതന്നെ ദൈവവിളിയെപ്പറ്റിയും പൗരോഹിത്യജീവിതത്തെപ്പറ്റിയുമുള്ള ധാരാളം പ്രസംഗങ്ങളും പ്രബോധനങ്ങളും ക്ലാസ്സുകളും അദ്ദേഹം നടത്തിയിട്ടുണ്ട്. പൗരോഹിത്യ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെതന്നെ വാക്കുകളാണ് ഇവിടെ കുറിക്കുക:

തന്റെ സന്ദേശം ലോകത്തിന് നല്കുവാൻ ദൈവം തിരഞ്ഞെടുത്തവരാണ് വൈദികർ. അത് മനുഷ്യഹൃദയങ്ങളിലെത്തിക്കുവാൻ ചുമതലപ്പെട്ടവരും. യേശു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തതുപോലെ ഓരോ ക്രൈസ്തവനും ഓരോ മിഷനറിയാണ്. അതിനായി ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഉള്ളവ എങ്ങനെ നിലനിർത്തണം എന്നും ചിന്തിക്കണം. ഈ വിളി സ്വീകരിക്കുവാനുള്ള താല്പര്യക്കുറവ് ഇന്ന് വർദ്ധിച്ചുവരുന്നു. സഭയ്ക്കും സഭാനേതൃത്വത്തിനുമെതിരെ വലിയ കുറ്റാരോപണങ്ങളും വിമർശനങ്ങളും, ചെറിയ കാര്യങ്ങളെപ്പോലും പെരുപ്പിച്ച് മാധ്യമങ്ങളിലും സിനിമകളിലും പ്രകടിപ്പിക്കുമ്പോഴും, ഈയൊരു വലിയ പ്രതിസന്ധി നാം നേരിടുകയാണ്. ദൈവവിളി കുറയുവാനുള്ള മറ്റൊരു കാരണം, ആളുകളുടെ വിശ്വാസക്കുറവാണ്. അതിനാൽ പ്രാർത്ഥന കൂടുതലുണ്ടാകണം. 'തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ നാവെനിക്കെന്തിന് നാഥാ' എന്ന ഗീതം പൗരോഹിത്യ ജീവിതത്തിൽ ഏറെ അന്വർത്ഥമാണ്. ദൈവവിളി ദൈവത്തിന്റെ പ്രത്യേക ഉദ്ദേശ്യം നിറവേറ്റാനും, ദൈവത്തിന്റെ സുവിശേഷം അറിയിക്കുവാനും, മറ്റുള്ളവർക്ക് ദൈവത്തെ കൊടുക്കുവാനുമുള്ള വിളിയാണ്. ദൈവവിളി എപ്പോഴും ആരംഭിക്കുന്നത്, ക്രിസ്തുവിലേയ്ക്ക് ആരെങ്കിലും നമ്മെ കൂട്ടിക്കൊണ്ടുവരുമ്പോളാണ് (Every call starts with somebody who brings us to Christ). ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ ചെന്നപ്പോൾ 'നിങ്ങൾ എന്ത് അന്വേഷിക്കുന്നു' എന്ന് ചോദിക്കുന്നുണ്ട്. നാം ക്രിസ്തുവിനെ അന്വേഷിക്കുന്നതും കണ്ടെത്തുന്നതുമാണ് യഥാർത്ഥ ദൈവവിളി. 'വന്നു കാണുക', യേശുവിനെ വ്യക്തിപരമായി അനുഭവിക്കുന്നതിനാണ് ഈ വിളി. യേശുവിനോടൊത്ത് താമസിക്കുക. യേശുവിനോടൊത്ത് സമയം ചിലവഴിക്കുക. പ്രാർത്ഥനയിലൂടെയും വചനധ്യാനത്തിലൂടെയും ഈ വിളി ബലപ്പെടുത്തുവാൻ സാധിക്കും. അവനോടുകൂടെ ആയിരിക്കുവാൻ വിളിക്കപ്പെട്ടവരാണ് വൈദികർ (മർക്കോസ് 3:1314).

മൂന്നു വർഷത്തെ പരസ്യജീവിതത്തിനായി 30 വർഷം ഒരുങ്ങിയ കർത്താവ്, വിളിയിൽ ഉറച്ചു നില്ക്കാൻ വലിയ ഒരുക്കം ആവശ്യമാണ് എന്ന് നമ്മെ ബോധ്യപ്പെടുത്തി. ഒരു ചെടി വളരുന്നത് വെള്ളമൊഴിച്ച്, വളമിട്ട് കൊടുക്കുമ്പോഴാണ്. ദൈവവിളി പരിപോഷിപ്പിക്കപ്പെടുവാൻ പ്രാർത്ഥന, ആത്മീയ ഉപദേശങ്ങൾ, വചനവായന എന്നിവ ആവശ്യം. കേട്ടതുകൊണ്ടും കണ്ടതുകൊണ്ടും മാത്രമായില്ല. മറിയത്തെപ്പോലെ ഹൃദയത്തിൽ സംഗ്രഹിക്കണം. അവനോടുകൂടെ ആയിരിക്കുക എന്നാൽ ലോകത്തിന് സാക്ഷ്യം നല്കുക എന്നാണ്. പൗരോഹിത്യം യേശുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുചേരലാണ്. എന്റെ പിതാവ് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു (Priest must live in intimate union with Christ). അയയ്ക്കാൻവേണ്ടി വിളിക്കപ്പെട്ടവരാണ് വൈദികർ. ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാൻ, പഠിപ്പിക്കുവാൻ, അവരെ വിശുദ്ധീകരിക്കുവാൻ. ലൂക്കായുടെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ നാം ഇപ്രകാരം കാണുന്നു. അതിനായി, പുരോഹിതൻ മുറിക്കപ്പെടണം, നല്കപ്പെടണം. ജനങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട് ജനങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുന്നവനാണ് വൈദികൻ. വൈദികജീവിതം ബലിയർപ്പണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബലിയുടെ ജീവിതമാണ് വൈദികജീവിതം. ബലി എന്നാൽ അപ്പമെടുത്തു, വാഴ്ത്തി, ശുദ്ധീകരിച്ചു, മുറിച്ചു, കൊടുത്തു എന്ന ജീവിതമാണ്. വൈദികജീവിതവും സന്യാസജീവിതവും ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ്. 'നിങ്ങളല്ല എന്നെ തിരഞ്ഞെടുത്തത്, ഞാനാണ് നിങ്ങളെ തിരഞ്ഞെടുത്തത്'. ഓരോ വൈദികനും മുറിക്കപ്പെടണം, നല്കപ്പെടണം. ഒരു വൈദികനും തനിക്കുവേണ്ടിയുള്ളവനല്ല, അവൻ മുറിക്കപ്പെടാൻ, പരിത്യജിക്കാൻ, ബലിയായി തീരാനുള്ളവനാണ്. ദിനംതോറും ബലിയാകേണ്ട ജീവിതമാണ് പുരോഹിതന്റേത്.

അഭിവന്ദ്യ പിതാവ് മെത്രാനായതിനുശേഷം വൈദികരോട് ആദ്യമായി പറഞ്ഞ ചില കാര്യങ്ങളും ഇത്തരുണത്തിൽ സൂചിപ്പിക്കട്ടെ; പരസ്പരം യോജിച്ച്, സ്നേഹിച്ച്, ഒരുമിച്ച് പ്രവർത്തിക്കുവാൻ വൈദികസംഘം തയ്യാറാകണം. ഒരു positive attitude ഉണ്ടാകണം. മറ്റുള്ളവരുടെ നന്മയും വളർച്ചയും പുരോഗതിയുമാണ് നമ്മുടെ ലക്ഷ്യം. നമുക്ക് കത്തോലിക്കാസഭയിൽ ചില പ്രത്യേക ദൗത്യങ്ങളുണ്ട്. 1) നമ്മുടെ പിതാക്കന്മാർ നല്കിയ പുനരൈക്യത്തിന്റെ




DIOCESE OF TIRUVALLA

Geevarghese Mar Timotheos
Bishop

Catholic Bishop's House
Marygiri, P. O. Box. No. 4,
Tiruvalla-689 101
Kerala State, India

വൈദികർക്കായുള്ള ഇടയന്റെ കത്ത്

No. 11



ദൗത്യം കാത്തു സൂക്ഷിക്കുക. അകത്തോലിക്കരുടെ ഇടയിൽ വിളക്കായി, പ്രകാശമായി ജീവിക്കുക. 2) വൈദികരായ നമ്മൾ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ തയ്യാറാകണം. മൂല്യശോഷണം നടക്കുന്ന കാലയളവിൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം. നമ്മുടെ ഉത്തരവാദിത്വം ഏറെ വലുതാണ്. സ്നേഹത്തിലും തീക്ഷ്ണതയിലും ജനത്തെ വളർത്തണം. ധാർമ്മിക അധഃപതനം, വിശ്വാസരാഹിത്യം... ഇവിടെയൊക്കെ കൂടുതൽ ശ്രദ്ധിക്കണം. ആളുകളുടെ സഹകരണം തേടണം. ദൈവജനത്തെ ഉത്തേജിപ്പിക്കണം. 3) നമ്മുടെ ആളുകളെ നല്ല വിദ്യാഭ്യാസമുള്ളവർ ആക്കണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം, സംഘടനകൾ ബലപ്പെടുത്തണം. വൈദികർ തമ്മിൽതമ്മിൽ സഹകരണവും സ്നേഹവും കരുതലും ഉണ്ടാകണം. 4) ആരാധനാകാര്യങ്ങൾ ഭംഗിയായും കൃത്യമായും നടത്തണം.

വൈദികവിദ്യാർത്ഥികളോട് ഒരിക്കൽ അഭിവന്ദ്യ പിതാവ് പറഞ്ഞു; ഒരു മെത്രാനെ സംബന്ധിച്ച് ഏറ്റവും പ്രതീക്ഷയുള്ളത് വൈദികവിദ്യാർത്ഥികളിലാണ്. നല്ല രൂപീകരണവും പരിശീലനവും നടക്കണം. ജീവിതശൈലി, ആദർശം, വൈദികരോടുള്ള ബഹുമാനം, സ്നേഹം എന്നിവ വളർത്തണം. ദൈവജനം ആഗ്രഹിക്കുന്ന, പ്രതീക്ഷിക്കുന്ന തരത്തിലുള്ള വൈദികരാകണം. ആദ്ധ്യാത്മികം, ബൗദ്ധികം, അജപാലനം ഈ മൂന്നു മേഖലകളിൽ നല്ല പരിശീലനം ആവശ്യമുണ്ട്.

1) ആദ്ധ്യാത്മികം - ഒരു വൈദികൻ ദൈവമനുഷ്യനാണ് (A priest is a man of God). ശിഷ്യന്മാരെ യേശു സ്നേഹിതൻ എന്നാണ് വിളിച്ചത്. പരിശീലനകാലത്ത് യേശുവിനെ നന്നായി അറിയണം. വൈദികർ സോഷ്യൽ വർക്കേഴ്സ്, ബിൽഡേഴ്സ് അല്ല. യേശുവിനെ കൊടുക്കുന്നവരാകണം, പ്രാർത്ഥിക്കുന്നവരാകണം. വിളിയോട് വിശ്വസ്തത കാട്ടണം. വൈദികജീവിതത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പ്രാപ്തരാകണം. ത്യാഗത്തിന്റെ, വിശുദ്ധിയുടെ, സ്നേഹത്തിന്റെ സാക്ഷികളായി മാറണം.

2) ബൗദ്ധികം - യേശു ജ്ഞാനത്തിലും, ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നതുപോലെ, വൈദികവിദ്യാർത്ഥിയുടെ പരിശീലനകാലം, ബൗദ്ധികതലത്തിൽ വളരുവാനുള്ള അവസരമാണ്. ജനങ്ങളെ പഠിപ്പിക്കുവാനും ദൈവികകാര്യങ്ങൾ പകർന്നു നല്കുവാനുമുള്ള ജ്ഞാനവും അറിവുമുണ്ടാകണം.

വിശ്വാസത്തിന്റെ അരൂപിയിൽ പരിശീലനം നടക്കണം. Studies should deepen your faith and commitments, be fruitful to Church's doctrine - Sentire cum ecclesia. വൈദികർ സഭയോടൊത്ത് വളരണം, ചിന്തിക്കണം. സഭയുടെ പ്രബോധനങ്ങൾ കലർപ്പില്ലാതെ, മായമില്ലാതെ വിശ്വാസസമൂഹത്തിന് നല്കണം. വൈദികന്റെ നാവ് ജ്ഞാനം ഉച്ചരിക്കണം.

3) അജപാലനം - തന്നോടുകൂടി ആയിരിക്കുവാനും പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു (മർക്കോസ് 3:14-15). Priestly life is an encounter with Christ and His mission. അജപാലന ശുശ്രൂഷയ്ക്ക് വൈദികർ നന്നായി ഒരുങ്ങണം. ഇടയൻ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ്. സ്വയം മുറിക്കപ്പെട്ട് നല്കാനുള്ളതാണ് സമർപ്പിതജീവിതം. വൈദികർക്കുണ്ടാകേണ്ട വളരെ പ്രധാനപ്പെട്ട രണ്ട് ഗുണങ്ങളാണ് സംലഭ്യതയും ഉത്തരവാദിത്വബോധവും (Availability and responsibility). മാതൃകാജീവിതം, ആത്മനിയന്ത്രണം, പ്രേക്ഷിത തീക്ഷ്ണത.... വൈദികജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. വൈദികരെ ലോകം ഇന്ന് ബഹുമാനിക്കുന്നത് അവരുടെ അറിവിനെപ്രതിയല്ല, മറിച്ച് ലോകത്തിന് മറ്റൊരു സന്ദേശം കൊടുക്കാനുള്ളതുകൊണ്ടാണ്. വൈദികർ നന്നായി ഒരുങ്ങി വേണം പ്രസംഗിക്കുവാൻ. Thousands of people listening to you. Don't buff them. വൈദികർ നീതിബോധമുള്ളവരാകണം. അധികാരഭ്രമവും ആഡംബരവും വെടിയണം. വൈദികർക്ക് ആത്മീയശക്തിയുണ്ടാകണം, ആത്മീയജീവിതം ശ്രദ്ധിക്കണം. ദൈവജനത്തിന്റെ സേവനത്തിനായി നമ്മെത്തന്നെ മുഴുവനായി കൊടുക്കണം. ഇടവക കുടുംബങ്ങളെ കൂടുതൽ ശ്രദ്ധിക്കണം. മദ്യപാനം, വിശ്വാസരാഹിത്യം, പ്രാർത്ഥനയില്ലായ്മ ഉള്ള ഭവനങ്ങളിൽ കൂടുതൽ അജപാലനപരമായ ശ്രദ്ധ ഉണ്ടാകണം. കുഞ്ഞുങ്ങളെയും യുവജനങ്ങളെയും ശ്രദ്ധിക്കണം. പ്രാർത്ഥനായോഗങ്ങൾ, പ്രേഷിതസംഘടനകൾ ഇവ ശക്തിപ്പെടുത്തണം. ഇടവകകളിൽ വാർഷിക ധ്യാനം, കൺവൻഷനുകൾ എന്നിവ ക്രമീകരിക്കണം. ഭവനസന്ദർശനം ക്രമീകൃതമായി ഉണ്ടാകണം. അതിരൂപതയുടെ പൊതുപരിപാടികളിൽ ദൈവജനത്തിന്റെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കണം. മെത്രാഭിഷേകം, പുനരൈക്യവാർഷികം, മെത്രാന്മാരുടെ ഓർമ്മ, സെമിനാരി കാര്യങ്ങൾ എന്നിവയിൽ താല്പര്യമില്ല എന്നു പറയുവാൻ ഒരു വൈദികനും സ്വാതന്ത്ര്യമില്ല. പൗരോഹിത്യജീവിതം ക്രിസ്തുവിന്റെ ജീവിതത്തിൽ പരിപൂർണ്ണമായി പങ്കുചേരുവാനുള്ളതാണ്. അവിടുന്ന് പറഞ്ഞ കാര്യങ്ങൾ പഠിപ്പിക്കുവാൻ മാത്രമുള്ളതല്ല, അവിടുത്തെ ജീവിതം കൂടി അനുകരിക്കാനുള്ളതാണ്. 'ഞാൻ കുടിക്കുന്ന കാസാ കുടിക്കുവാനും ഞാൻ മുങ്ങുന്ന മാമ്മോദീസാ മുങ്ങുവാനും സാധിക്കുമോ?' 'എന്റെ പിന്നാലെ വരുന്നവൻ തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.' 'ഞാൻ ചെയ്തതുപോലെ നിങ്ങളും പരസ്പരം കാൽകഴുകണം.' ഇപ്രകാരമുള്ള ഒരു ജീവിതമാണ് വൈദികജീവിതം.

പൗരോഹിത്യം ത്യാഗത്തിന്റെയും സേവനത്തിന്റെയും താഴ്മയുടെയും ജീവിതത്തിലൂടെ ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കുകാരാകാനുള്ള വിളിയാണ്. എല്ലാ വിളിക്കും ഒരു ദൗത്യമുണ്ട്. ഫലം പുറപ്പെടുവിക്കുന്നതിനും അത് നിലനിർത്തുന്നതിനും വേണ്ടിയുള്ള ദൗത്യം. Every call has a mission and this mission requires a vision. പത്രോസിനോട് യേശു ചോദിക്കുന്നു, 'നീ എന്നെ സ്നേഹിക്കുന്നുവോ? എങ്കിൽ എന്റെ ആടുകളെ മേയ്ക്കുക.' യേശുവിനെ ലോകത്തിന് കൊടുക്കുവാനുള്ള ദൗത്യമാണ് വൈദികന്റേത്. യേശുവിന്റെ സാന്നിദ്ധ്യം ലോകത്തിൽ യാഥാർത്ഥ്യമാക്കുവാനുള്ള ജീവിതമാണ് വൈദികന്റേത്. ദൈവവചന പ്രഘോഷണംവഴി, ദൈവത്തിന്റെ വഴികളെ ലോകത്തിന് കാണിച്ചുകൊടുക്കുവാൻ, താൻ പഠിപ്പിച്ചതെല്ലാം അവരെ പഠിപ്പിക്കുവാൻ, ദരിദ്രനോട് സുവിശേഷമറിയിക്കുവാൻ, ബന്ധനസ്ഥർക്ക് മോചനം നല്കുവാൻ, ദൈവജനത്തെ വിശുദ്ധീകരിക്കുവാൻ, നയിക്കുവാൻ, പഠിപ്പിക്കുവാൻ ഉള്ള ജീവിതമാണ് വൈദികജീവിതം. 'സുവിശേഷം അറിയിക്കുന്നവന്റെ കാലുകൾ എത്ര സുന്ദരം' എന്ന് നമ്മൾ വായിക്കുന്നില്ലേ? അവസാന അത്താഴത്തിൽ കാൽ കഴുകി എഴുന്നേറ്റ് 'ഞാൻ നിങ്ങൾക്ക് ചെയ്തതെന്തെന്ന് നിങ്ങൾ അറിയുന്നുവോ?' എന്ന യേശുവിന്റെ ചോദ്യം ഓരോ വൈദികനോടുമുള്ള ചോദ്യമാണ്.

പുരോഹിതൻ ജനങ്ങൾക്കുവേണ്ടി പാപപരിഹാരാർത്ഥം ബലികളും കാഴ്ചകളും അർപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവനാണ്. ബലിയിൽനിന്ന് ജീവിതത്തിന് ശക്തി ലഭിക്കണം. അപ്പവും വീഞ്ഞും കൂദാശാപരമായി കർത്താവിന്റെ തിരുശരീരവും തിരുരക്തവുമായി മാറുന്നതു

പോലെ വൈദികന്റെ ജീവിതംകൊണ്ടും ഹൃദയംകൊണ്ടും ക്രിസ്തുവുമായി സാധർമ്യം പ്രാപിക്കണം. Every priest is a bearer of Lord's presence in the world. ബലിയോടും ബലിപീഠത്തോടും അടുപ്പവും ബന്ധവുമില്ലാത്ത വൈദികന്റെ നാശം അവിടെനിന്നുതന്നെ തുടങ്ങുന്നു. വിളിയും ദൗത്യവും ജീവിതവുമായി പൊരുത്തപ്പെടാത്ത വൈദികജീവിതത്തിന് ഒരു നന്മയും ചെയ്യാനാവില്ല. സഭയോടുള്ള ബന്ധം വൈദികൻ കാത്തു സൂക്ഷിക്കണം. ജീവിതകാലം മുഴുവൻ രൂപീകരണം നടക്കേണ്ടുന്ന ജീവിതമാണ് വൈദികജീവിതം. വൈദികരുടെ അജപാലനശുശ്രൂഷയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് 'വൈദികർക്കായുള്ള ഇടയന്റെ കത്ത്' എന്ന പേരിൽ മിക്കവാറും വർഷങ്ങളിൽ വൈദികർക്ക് അഭിവന്ദ്യ തിരുമേനി ഇടയലേഖനങ്ങൾ അയച്ചിരുന്നു. 1991 ജൂൺ 17-ാം തീയതി അയച്ച ഇടയലേഖനത്തിലെ പ്രസക്തമായ ഏതാനും കാര്യങ്ങൾ സൂചിപ്പിക്കട്ടെ. 'പ്രിയ വൈദികസഹോദരരേ, നമ്മുടെ ജനത്തിന്റെ ആവശ്യത്തിന്റെ മുൻപിൽ, നമ്മുടെ ദൗത്യത്തെക്കുറിച്ച് ചിന്തിക്കാം. എബ്രായലേഖനത്തിൽ പറയുന്നതുപോലെ ജനത്തിൽനിന്നും ജനത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരാണ് നാം. അവർക്കുവേണ്ടി ദൈവത്തിന്റെ ദൗത്യവാഹകന്മാർ. 'എന്റെ ആടുകളെ മേയ്ക്കുക', ഞാൻ പറഞ്ഞവ അവരെ പഠിപ്പിക്കുക, ദൈവത്തിന്റെ സന്ദേശം ദൈവജനത്തെ അറിയിക്കുക, എന്റെ സമയം ദൈവത്തിനുള്ളത് കഴിഞ്ഞാൽ ബാക്കി മറ്റുള്ളവർക്കുവേണ്ടിയുള്ളതാണ്. എന്റെ സമയത്തിൽ എത്രമാത്രം ഞാൻ അവർക്കുവേണ്ടി ചിലവഴിക്കുന്നു. ഒരു ദിവസം, ഒരാഴ്ചയിൽ. നാം ശ്രദ്ധിക്കാത്തതുമൂലം ജനഹൃദയങ്ങളിൽ ശത്രു കളകൾ വിതയ്ക്കുന്നു. അവ വളരുന്നത് ഞാൻ കാണുന്നുണ്ട്. അവയ്ക്കെതിരായി ഞാൻ എന്റെ ജനത്തെ ഒരുക്കേണ്ടതല്ലേ? പഠിക്കുന്നതിന്, അവരെ പഠിപ്പിക്കുന്നതിന് ഞാൻ എന്ത് സമയം എടുക്കുന്നു. പ്രസംഗം തയ്യാറാക്കുന്നതിന്, ഒരുങ്ങുന്നതിന്. അവർക്ക് ഞാൻ എപ്പോഴും ലഭ്യമാകണം (available). അവരുടെ പ്രയാസങ്ങൾ മനസിലാക്കണം, അവരോട് ദയ കാണിക്കണം, ക്ഷമ കാണിക്കണം. ക്രിസ്തുവിന്റെ പരസ്യ ജീവിതം ശ്രദ്ധിക്കുക, അതായിരിക്കട്ടെ നമ്മുടെ മാതൃക. നാം അവരുടെ ശുശ്രൂഷക്കാരാണ്. മറിച്ചാകരുത്. രോഗികളെ സന്ദർശിക്കണം, പ്രാർത്ഥിക്കണം, തകർന്ന ജീവിതങ്ങളെ ശരിയാക്കണം. പ്രാർത്ഥനായോഗങ്ങൾക്ക്, യുവജനങ്ങളുടെ പരിപാടികൾക്ക്, കുടുംബപ്രേഷിതത്വത്തിന്, സൺഡേസ്കൂളിന്, കുട്ടികളുടെ ക്യാമ്പിന് (Jesus camp...) സമയം കണ്ടെത്തണം. ഓരോ കൂദാശയും പരികർമ്മം ചെയ്യുമ്പോൾ അതിനെക്കുറിച്ച് പ്രബോധനം (Catechesis) നല്കണം. സഭയുടെ പഠനങ്ങൾ അവരെ പഠിപ്പിക്കണം. ഈയടുത്ത കാലത്ത് പരിശുദ്ധ പിതാവ് Christifideles laici, Redemptoris missio, Centessimus annus എന്നീ ചാക്രികലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. സഭയുടെ ഔദ്യോഗിക പഠിപ്പിക്കലുകളാണ് അവയിലുള്ളത്. അവ വിശ്വാസികളെ അറിയിക്കണം.

വൈദികർ യേശുവിന്റെ സാന്നിദ്ധ്യം അറിയിക്കുവാനും അവിടുത്തെ അരൂപി ലോകത്തിന് കാട്ടിക്കൊടുക്കുവാനും വിളിക്കപ്പെട്ടവരാണെന്ന് ബോദ്ധ്യപ്പെടണം. ദൈവജനത്തെ സ്നേഹത്തിൽ വളർത്തുകയും, ദൈവവചനം കൊണ്ട് അവരെ പോഷിപ്പിക്കുകയും, കൂദാശ കൊണ്ട് അവരെ ശക്തിപ്പെടുത്തുകയും, ലോകത്തെ ദൈവത്തിന് സ്വീകാര്യകാഴ്ചയായി സമർപ്പിക്കുകയും ചെയ്യുക നമ്മുടെ ദൗത്യമാണ്. ഈ ദൗത്യനിർവ്വഹണത്തിന് സ്വയം വിശുദ്ധീകരണം ആവശ്യമാണ്. ദൈവവിളിയുടെ പ്രോത്സാഹനവും നിങ്ങളുടെ സ്വയംവിശുദ്ധീകരണത്തിന്റെ ഭാഗമാണ്. തങ്ങളുടെ വിളിയെക്കുറിച്ച് അഭിമാനവും വിളിച്ചവനോട് കൃതജ്ഞതയുമുള്ളവർ, ആ വിളിയിലേക്ക് മറ്റുള്ളവരെയും ക്ഷണിക്കുന്നതിലും ഒരുക്കുന്നതിലും താല്പര്യവും തീക്ഷ്ണതയുമുള്ളവരുമായിരിക്കും. മാതൃകാജീവിതം നയിക്കുന്നതിലും പ്രാർത്ഥനയിലും ത്യാഗത്തിലും ജനസേവനത്തിലും നിങ്ങൾ എല്ലാവർക്കും മുമ്പിലായിരിക്കുകയും വേണം (ഇടയലേഖനം, 20-3-1993, 30-4-1996).

### III) വിവാഹവും, കുടുംബജീവിതവും, അല്മായ പ്രേക്ഷിതത്വവും

ദൈവം സ്ഥാപിച്ചതാണ് കുടുംബം. മറിയത്തിലൂടെ കർത്താവ് പ്രവർത്തിച്ച ആദ്യത്തെ അടയാളം കാനായിലെ വിവാഹത്തിലാണ് നമ്മൾ കാണുന്നത്. വിവാഹം ഒരു കൂദാശയാണ്, അനുഗ്രഹത്തിന്റെ ഉറവയാണ്. ഓരോ വിവാഹവും, യേശുവും സഭയും തമ്മിലുള്ള ബന്ധത്തെയാണ് പ്രതീകാത്മകമായി സൂചിപ്പിക്കുക. വിവാഹം ഒരു സമർപ്പണമാണ്. ദൈവത്തോടും, ദമ്പതികൾ പരസ്പരവും, മക്കളോടും, സമൂഹത്തോടുമുള്ള സമർപ്പണജീവിതം. കമ്പിയും സിമന്റും മണലും വെള്ളവുമുണ്ടെങ്കിൽ

വീടു പണിയാം. എന്നാൽ കുടുംബം പണിയണമെന്നുണ്ടെങ്കിൽ മറ്റ് പലതും ആവശ്യമാണ്. വിവാഹം ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതും പരിശുദ്ധമായ ഒരു ബന്ധം സ്ഥാപിക്കുന്നതുമായ ഒന്നാണ്. ആദ്യത്തെ കുടുംബം തെറ്റിയത് സാത്താന്റെ തെറ്റായ വാക്കു കേട്ടാണ്. ഇന്നും പല കുടുംബ ങ്ങളും തെറ്റുന്നത് തെറ്റായ വാക്കുകൾ കേട്ടും, തെറ്റായ കാര്യങ്ങൾ കണ്ടുമാണ്. 1) വിവാഹം സ്നേഹത്തിന്റെ കൂദാശയാണ്. യേശു സഭയെ സ്നേഹിച്ചതുപോലെ, ഭർത്താവ് ഭാര്യയേയും, തിരിച്ചും സ്നേഹിക്കണം. 2) വിവാഹം ജീവന്റെ കൂദാശയാണ്. 'നിങ്ങൾ വർദ്ധിച്ചുപെരുകി ഭൂമിയിൽ നിറയുവിൻ'. ജീവൻ നല്കുവാനുള്ള വിളിയാണ് വിവാഹം. അതിലൂടെ മക്കൾ ജനിക്കപ്പെടണം. ജീവനെ നശിപ്പിക്കുന്ന പ്രവണതകൾ ഇന്ന് ലോകത്തിൽ വർദ്ധിക്കുന്നത് നമ്മൾ കാണുന്നു. 3) വിവാഹം ദൈവവുമായി ബന്ധം സ്ഥാപിക്കുന്ന കൂദാശയാണ്. 'കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ വേലക്കാർ വെറുതെ അദ്ധ്വാനിക്കുന്നു'. പ്രാർത്ഥിക്കുന്ന കുടുംബമാണ് ഉത്തമ കുടുംബം. കാനായിൽ, 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന് മറിയം പറയുന്നുണ്ട്. ദൈവവചനം വായിക്കണം, പ്രാർത്ഥിക്കണം. ഇന്ന് പലർക്കും ടി.വി യാണ് പ്രാർത്ഥനാപുസ്തകം. തോബിയാസും സാറായും വിവാഹദിവസം രാത്രി മുഴുവൻ പ്രാർത്ഥിച്ചത് വിശുദ്ധ ഗ്രന്ഥത്തിൽ നമ്മൾ കാണുന്നുണ്ട്. ഇവളോടൊത്ത് ജീവിതാവസാനംവരെ വസിക്കുവാൻ എന്നെ അനുഗ്രഹിക്കേണമേ (കുടുംബജീവിതത്തെപ്പറ്റി അഭിവന്ദ്യ പിതാവ് ഇറക്കിയ ഇടയലേഖനം 29-12-1995, 7-2-1995).

കുടുംബജീവിതം ശ്രേഷ്ഠമായി നയിക്കുക എന്നത് കുടുംബജീവിതം നയിക്കുന്നവരുടെ വലിയ ഉത്തരവാദിത്വമാണ്. ഉത്തമമായ കുടുംബജീവിതം നയിക്കുന്നതിന് നല്ല പരിശീലനം ആവശ്യമുണ്ട്. കാരണം, ഉത്തമമായ കുടുംബജീവിതം മാതാപിതാക്കന്മാരുടെ നല്ല നേതൃത്വത്തിന്റെ ഫലമാണ്. നേതൃത്വം ശരിയായ വഴിയിലൂടെയാകണം. തെറ്റായ നേതൃത്വത്തിന്റെ ഫലം നമുക്ക് അറിവുള്ളതാണ്. സഭയുടെ നേതൃത്വപരിശീലനം ആരംഭിക്കേണ്ടത് യഥാർത്ഥത്തിൽ ഗാർഹികസഭയായ കുടുംബത്തിലാണ്. ഏതു രംഗത്തും പ്രവർത്തിക്കുന്നതിനുള്ള നേതൃത്വം കുടുംബത്തിൽ ആരംഭിക്കണം. മാതാപിതാക്കളാണ് നല്ല അദ്ധ്യാപകർ. അവർ കുടുംബനാഥനും നാഥയുമാണ്. അവരാണ് കുഞ്ഞുങ്ങൾക്ക് വിശ്വാസം പകർന്നു കൊടുക്കേണ്ടത്. തിരുക്കുടുംബമാണ് ഏതൊരു ക്രിസ്തീയകുടുംബത്തിന്റെയും മാതൃക. യൗസേപ്പ് നീതിമാനായിരുന്നു, മറിയം കൃപ നിറഞ്ഞവളുമായിരുന്നു. അങ്ങനെ യേശു ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു. ഏതു പ്രതിസന്ധിയിലും ദൈവത്തോട് ബന്ധമുള്ളവരായി വളരണം കുടുംബം. 1. കുടുംബത്തിന് നേതൃത്വം നൽകുന്നവർ സ്വന്തം പദ്ധതിയനുസരിച്ചല്ല ദൈവത്തിന്റെ പദ്ധതിയനുസരിച്ച് നേതൃത്വം നൽകണം. 2. നേതൃത്വത്തെക്കുറിച്ചുള്ള ഉത്തരവാദിത്വബോധം പ്രധാനമാണ്. ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ബോധ്യപ്പെടണം. 3. മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ, അവരുടെ നന്മയാകണം നേതൃത്വത്തിന്റെ ലക്ഷ്യം. 4. ഒരുമിച്ചുള്ള പ്രവർത്തനം. 5. പ്രശ്നങ്ങൾക്ക് സൗമ്യമായി പരിഹാരം കണ്ടെത്തുക, ശാന്തമായി തീരുമാനങ്ങളെടുക്കുക. 6. വിധേയത്വത്തോടെ പ്രവർത്തിക്കുക. യേശു അവർക്ക് കീഴ്വഴങ്ങി വിധേയനായി ജീവിച്ചു. മാതാവ് 'ഇതാ കർത്താവിന്റെ ദാസി' എന്നുപറഞ്ഞ് വിധേയപ്പെട്ടു.

കുടുംബങ്ങളെപ്പറ്റിയും കുടുംബങ്ങളിൽ നടക്കേണ്ട രൂപീകരണത്തെപ്പറ്റിയും അഭിവന്ദ്യ പിതാവ് കൂടെക്കൂടെ ഇടയലേഖനങ്ങളിലും പ്രസംഗങ്ങളിലും സൂചിപ്പിച്ചിരുന്നു. 1993 ഒക്ടോബർ 12 ന് പുറപ്പെടുവിച്ച ഇടയലേഖനത്തിലെ വാക്കുകൾ ശ്രദ്ധിക്കുക: കുടുംബങ്ങളിലെ രൂപീകരണമാണ് വചനസാക്ഷ്യത്തിന് ഏറെ ആവശ്യം എന്ന് പറഞ്ഞുകൊള്ളട്ടെ. ക്രൈസ്തവമൂല്യങ്ങൾ കുഞ്ഞുങ്ങളിൽ സ്വാധീനം ചെലുത്തുന്നത് നല്ല മാതാപിതാക്കളിൽ കൂടിയാണ്. മാതാപിതാക്കൾക്ക് ഈ ദൗത്യനിർവ്വഹണത്തിൽ പകരക്കാരില്ലെന്നും, ദൈവസന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നും ശക്തമായി ഉപദേശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.... ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായി വിളിക്കപ്പെട്ടിരിക്കുന്നവരായ നിങ്ങളുടെ ഉദാത്തമായ ചുമതല എന്താണ്? കർത്താവിന്റെ വയലിലേക്ക് വേലക്കാരെ നല്കുന്നതിനേക്കാൾ ശ്രേഷ്ഠമായി എന്താണ് നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുക. ഒരു കുടുംബത്തിൽ ഒരു വൈദികനോ, ഒരു സന്യാസിയോ ഉണ്ടായിരിക്കുക എത്രയോ അനുഗ്രഹകരവും സന്തോഷകരവുമെന്ന് അനുഭവിച്ചറിയേണ്ടതുതന്നെ (ഇടയലേഖനം 20-3-1993). അല്മായ പ്രേഷിതത്വത്തെപ്പറ്റിയും, സുവിശേഷമറിയിക്കുവാനുള്ള വിശ്വാസി

കൾക്കുള്ള കടമയെപ്പറ്റിയും ഇപ്രകാരമാണ് അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തുന്നത്. സഭയുടെ ചരിത്രം നോക്കിയാലും പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രം നോക്കിയാലും തീക്ഷ്ണമതികളായ അല്മായ മിഷനറിമാർ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ല എന്ന് ബോധ്യപ്പെടും. പ്രേഷിതചൈതന്യം നിറഞ്ഞ അവരുടെ പ്രവർത്തനം സഭയെ വളർത്തി. സുവിശേഷമറിയിക്കുന്നതിനുള്ള കടപ്പാട് വിശ്വാസികൾക്ക് ലഭിക്കുന്നത് ക്രിസ്തുവിന്റെ കല്പനയിൽനിന്നുമാണ് - 'നിങ്ങൾ ലോകമെങ്ങുംപോയി സർവ്വജനതകളോടും സുവിശേഷം അറിയിക്കുക'. അതോടൊപ്പം മാമ്മോദീസായിൽ നവജനനം പ്രാപിച്ച് ദൈവമക്കളായി തീർന്നവർ, തങ്ങൾ ദൈവത്തിൽനിന്നും സഭയിലൂടെ സ്വീകരിച്ച വിശ്വാസത്തെ ഏറ്റുപറയണം, പ്രചരിപ്പിക്കണം, സാക്ഷ്യം നല്കണം. ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കുവാൻ അല്മായരിലൂടെ സാധിക്കും. പ്രത്യേകിച്ച് വൈദികർക്ക് പ്രവേശനമില്ലാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടത് അവരാണ്. അല്മായരുടെ നാല് പ്രവർത്തനതലങ്ങളെപ്പറ്റി അഭിവന്ദ്യ പിതാവ് സൂചിപ്പിക്കുന്നു. ഒന്ന്, സുവിശേഷ പ്രബുദ്ധത - ജീവിതസാക്ഷ്യത്തിലൂടെയാണ് പ്രധാനമായും സുവിശേഷ പ്രഘോഷണം നടത്തേണ്ടത്. സുവിശേഷത്തിന് സാക്ഷികളാകുന്നവർ സുവിശേഷാധിഷ്ഠിത ജീവിതം നയിക്കണം. നല്ല മാതൃക എത്രയോ പേരുടെ മാനസാന്തരത്തിന് കാരണമായി തീർന്നിട്ടുണ്ട്. രണ്ടാമത്തെ പ്രവർത്തനതലം കുടുംബമാണ്. നമ്മുടെ വീടുകൾ ദൈവഭവനങ്ങളാകണം. 'ഞാനും എന്റെ കുടുംബവും യഹോവയെ സേവിക്കു'മെന്നാണ് ജോഷ്വാ പറയുന്നത്. ഇന്ന് നമ്മുടെ കുടുംബങ്ങളിൽ സുവിശേഷവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യമുണ്ടോ? പ്രാർത്ഥന, വേദപുസ്തകവായന ഇവയ്ക്ക് സ്ഥാനമുണ്ടോ? ജീവിതായോധനത്തിന് പ്രേരിപ്പിക്കുന്ന കുരിശോ, ഭക്തചിത്രമോ കുടുംബത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടോ? സൺഡേസ്കൂൾ പഠനങ്ങൾക്ക് എന്ത് സ്ഥാനം കല്പിച്ചിരിക്കുന്നു? ഭക്തഗ്രന്ഥങ്ങളുടെ ശേഖരം വീട്ടിലുണ്ടോ? മക്കൾക്ക് നല്ല മാതൃക ലഭിക്കുന്നുണ്ടോ? കണ്ണീരോടെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന മോനിക്കയേപ്പോലുള്ള മാതാക്കൾ വീട്ടിലുണ്ടോ? മൂന്നാമത്തെ പ്രവർത്തനതലം ഇടവകയാണ്. നാലാമത്തെ പ്രവർത്തനതലം പൊതുസമൂഹം. നല്ല ദൈവവിളികൾ വളരുന്നത് നല്ല കുടുംബങ്ങളിലാണ്. പ്രാർത്ഥിക്കുന്ന, ആഴമായ വിശ്വാസവും, ജ്വലിക്കുന്ന പ്രേഷിതചൈതന്യവുമുള്ള നല്ല കുടുംബങ്ങളാണ് ദൈവവിളിയുടെ ആദ്യത്തെ കളരി. നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ വ്യക്തമായ അടയാളമാണ് മക്കളെ ദൈവവേലയ്ക്കായി സമർപ്പിക്കുന്നതിലൂടെ പ്രകടമാകുന്നത്. നിങ്ങളുടെ ഒരു മകനെയോ, മകളെയോ നമ്മുടെ കർത്താവിന്റെ ശുശ്രൂഷയ്ക്കായിട്ട് വിളിക്കുന്നുവെന്നിരിക്കട്ടെ. ദൈവകൃപ നിങ്ങളുടെ ഭവനത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ആനന്ദാതിരേകങ്ങൾ നിങ്ങൾക്ക് അപ്പോൾ അനുഭവവേദ്യമാകും (ഇടയലേഖനം, 7-5-1992). ദൈവവിളികൾ വളർത്തുന്ന കാര്യത്തിൽ പ്രഥമസ്ഥാനം ഗാർഹികസഭയായ കുടുംബത്തിനാണുള്ളത്. മാതൃകാപരമായ ജീവിതം നയിക്കുന്ന മാതാപിതാക്കളും സത്സ്വഭാവികളായ മക്കളുമടങ്ങുന്ന കുടുംബത്തിൽനിന്നു മാത്രമേ നല്ല ദൈവവിളികൾ ഉണ്ടാകുകയുള്ളൂ. വൈദിക ദൈവവിളിയുള്ളവർക്ക് ആദ്യമായി പരിശീലനം ലഭിക്കുന്നത് കുടുംബങ്ങളിൽനിന്നുമാണ്. വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ഭക്തിയുടേയും ചൈതന്യം തുളുമ്പി നില്ക്കുന്ന കുടുംബങ്ങൾ പ്രാഥമിക സെമിനാരികളാണെന്ന് പറയാം (ഛുമേമോ ഠീശേൗ 2). കുടുംബപ്രാർത്ഥനകൾ സജീവമായി നടക്കുന്ന ഭവനങ്ങളിൽനിന്ന് മാത്രമേ നല്ല ദൈവവിളികൾ ഉടലെടുക്കുകയുള്ളൂ (ഇടയലേഖനം, 23-4-1991). മിഷൻ പ്രവർത്തനത്തിന്റെ പ്രഥമവും പ്രധാനവുമായ വേദി കുടുംബമാണ്. തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിശ്വാസം പറഞ്ഞുകൊടുക്കുന്നതാണ് ഏറ്റവും ആദ്യത്തെ മിഷൻപ്രവർത്തനം. അത് അവരുടെ ജീവിതത്തെ എന്നും ശക്തിപ്പെടുത്തും (ഇടയലേഖനം, 4-10-1991). സ്വന്തം മക്കൾക്ക് സംരക്ഷണവും പരിപാലനവും നല്കി, അവരെ ദൈവോന്മുഖരായി മാതാപിതാക്കൾ വളർത്തണം. കുടുംബം അനുഗ്രഹകരമാകുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിക്കുന്ന മൂന്ന് കാര്യങ്ങളാണ്, വിശ്വാസത്തിൽ സമ്പന്നരാകുക, വിശ്വാസത്തിൽ ശക്തരാകുക, വിശ്വാസത്തിൽ പ്രകാശിതരാകുക. വിവാഹജീവിതത്തെപ്പറ്റിയും കുടുംബജീവിതത്തെക്കുറിച്ചുമുള്ള കൂടുതൽ പ്രബോധനങ്ങൾ അഭിവന്ദ്യ പിതാവിന്റെ മറ്റ് ഇടയലേഖനങ്ങളിലും കാണുവാൻ സാധിക്കും (ഇടയലേഖനം, 10-4-1989, 18-4-1994, 17-10-1994, 30-4-1996).

# Remembering Our Appachan
## A Big Bowl of Sweetness & Warmth



***Asha Mary Francis***
*(Niece of Mar Thimotheos)*

*Memories arrive in a deluge when a loved one leaves this world. In the past one year, we have been washed afresh by beautiful memories, yet saddened by the absence of those who left them for us. It was first my mother who left us quite unexpectedly followed by her elder brother, my uncle, who had a peaceful passing after a prolonged illness of over four years. Many of the anecdotes from my mother's childhood stories revolved around her eldest brother, who was a father figure to her because she was the youngest girl in the family of six (Uncle Joy was the youngest of all six) having arrived after a gap of 13 years. The Chundevalel family to which my mother belongs, brought out an illustrious list of religious men and women. Each one of the six siblings served the Lord in ways best known to them. My mother was extremely fond of her eldest brother and held him in great esteem. She nurtured a child-like pride for him and her sisterly affection always brought a smile on my uncle's face till his disease progressed to such an extent where the smile faded for most of the time with only traces of it that appeared whenever he recognized her. I do not have too many personal memories about my eldest maternal uncle. He was at the hilt of his career while I was growing up, holding very responsible positions which culminated in serving as a bishop of the Thiruvalla Malankara Catholic Diocese. But there are a couple of instances which, after all these years, still lay warm inside me.*

*My sister and I spent our formative years at St. Theresa's Bethany Convent boarding school in Chengaroor and my aunt, the sole surviving member among my mother's siblings, who was the headmistress at the school at that time, took care of us. While in boarding school, we used to get occasional visits from our uncle who we alternately kept calling Kochappachan (our cousins called him appachan) or Sunnychayan (as he was called by his siblings) not knowing the difference in semantics as we were still learning the language. His visits, though short, always left an impact. I remember feeling tongue-tied everytime he asked me a question and he never got more than one-word response from me, but he would leave it at that. Years moved forward and we moved out of the Chengaroor boarding school, once our parents came back from Germany. Our uncle visited us at our home in Pattambi (a small village in the northern part of Kerala) whenever he was passing by, to check on all of us and enjoy some sisterly pampering. When I was in high school and I began to see more of him during these short visits. I remember writing long letters to my uncle following up on his visits and finding myself laughing at the descriptions of his days. He had*

*an amazing sense of humour and could find humour even in the dreariest of details. I was finally able to connect to him.*

*I remember that he was never the one to preach but to lead by example. He was the head of the family and he assumed that role with as much seriousness as he did his religious role. He was the one who first introduced us to table manners; insisted on finishing our food and not creating a racket while at the dinner table. I remember that he had his say in the clothes that were chosen for us making sure they weren't too long or too short.*

*When I became a mother I found the same tongue-tied one in my daughter. I laughed with my parents when she, as a baby, screamed her guts out, in fear, on seeing this big man in his official robes, complete with the head gear. My mother used all the tricks up her sleeve to get the baby warm up to him. It bothered my uncle that the baby wouldn't go to him and I remember how he would rush to change in to plain clothes the moment he got home in the hope of having her warm up to him. He struggled hard to make a connection with her but unfortunately for her, she never got to know him for the warm and affectionate person that he was because by the time she got over her fear he was already in a realm of existence beyond recognition of faces and voices.*

*My uncle remained bed ridden for close to four years after being diagnosed of Parkinson's disease. His abilities of speech and recognition deteriorated with passing time. I remember how my mother religiously visited him every few months and how her visits reminded me of Santa Claus, as she brought him his favourite chocolate and goodies for everyone else around. Towards the end, opening his mouth to eat the chocolate became a highlight for her because that was the only response she got from him. After our mother's passing, we continued with the chocolate ritual till our last visit of him, a month before he died. Coming to think of it, everyone in the Chundevalel family are known for their sweet teeth, the subsequent generation of four of us cousins included. I remember how it started with the childhood treat of Parry candy and a spoonful of sugar wrapped in paper from our maternal grandfather.*

*Kochappachan, as we call him, was a bowl of sweetness and warmth that lingered. He led an extraordinary life with the simplest of choices and I, along with the thousands of other who have known him in his life time, consider him saintly. I am sure that he, along with his siblings and parents, would be happily seated by the right side of our Lord, happily munching on candies and chocolates, celebrating the joy of being together and now, forever.*



## യേശുവിന്റെ സ്വർഗാരോഹണവും
# പെന്തക്കോസ്തിയും



**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിൽ**
(പ്രൊഫ. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

ഈ ലോകത്തിലെ ജീവിതവും പ്രവർത്തനവും അവസാനിപ്പിച്ച് പിതാവിന്റെ സന്നിധിയിലേക്ക് യേശു തിരികെച്ചെല്ലുന്ന രഹസ്യമാണ് സ്വർഗാരോഹണത്തിരുനാളിൽ ഓർക്കുന്നതും ആഘോഷിക്കുന്നതും. ഈ ലോകം വിട്ടുപോയ യേശു സഭയെ നയിക്കാൻവേണ്ടി പരിശുദ്ധാത്മാവിനെ അയച്ചു തന്ന രഹസ്യമാണ് പെന്തക്കൊസ്തിയിൽ ഓർക്കുന്നതും ആഘോഷിക്കുന്നതും. സഭയുടെ ലിറ്റർജിയിലൂടെ ഈ രഹസ്യങ്ങൾ ക്രമമായി ആഘോഷിക്കപ്പെടുന്നുണ്ടെങ്കിലും ഇവയുടെ അർഥവും ആഴവും ചരിത്രപരതയും പ്രസക്തിയും അനേകർക്കും അവ്യക്തമാണെന്നുമാത്രമല്ല, ലിറ്റർജിയിലൂടെയുള്ള ആഘോഷങ്ങൾ സംശയങ്ങളും ബൗദ്ധിക പിരിമുറുക്കങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ് സത്യം. ഈ സംശയങ്ങൾക്ക് ഉത്തരം നൽകാൻ കഴിയുമോ? ബൗദ്ധികമായി പൂർണമായൊരു വിശദീകരണം സാധ്യമല്ല. കാരണം ബൗദ്ധികതയ്ക്ക് അപ്പുറമുള്ള രഹസ്യങ്ങളാണിവ. ബൗദ്ധികതയ്ക്ക് അതീതമായതുകൊണ്ടുതന്നെ ഇവയോടുള്ള മനുഷ്യന്റെ പ്രതികരണത്തിൽ വലിയ വ്യത്യാസങ്ങളാണുള്ളത് - ബൗദ്ധികമായി മനസിലാക്കാൻ പ്രയാസമുള്ളവയോടെല്ലാം എതിർപ്പ് പ്രകടിപ്പിക്കുന്നവരാണ് ചിലർ, കാലക്രമത്തിൽ അവർ അവിശ്വാസികളായിത്തീരുന്നു, അറിയാവുന്നിടത്തോളം മതി, കൂടുതലൊന്നും അറിയേണ്ട എന്ന നിലപാടാണ് മറ്റു ചിലർക്ക്, അവർ മതത്തെ നിസാരമാക്കി ഭൗതികകാര്യങ്ങളിൽ മുഴുകുന്നു, മറ്റു ചിലർ ദിവ്യരഹസ്യങ്ങളുടെ അന്തരാർഥം അറിയാതെ, അറിയാൻ ശ്രമിക്കാതെ അവയുടെ പ്രതിനിധാനമായ ലിറ്റർജിക്ക് അമിത പ്രാധാന്യം കൊടുക്കുകയും ലിറ്റർജിയെയും ലിറ്റർജി പ്രതിനിധാനം ചെയ്യുന്ന രഹസ്യങ്ങളെയും തമ്മിൽ വേർതിരിച്ചറിയാതിരിക്കുകയും ചെയ്യുന്നു, ഇനിയൊരു കൂട്ടർ രഹസ്യങ്ങളുടെ അന്തരാർഥത്തിലേക്ക് നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ അവസാനത്തെ നിലപാടാണ് വിശ്വാസത്തിന്റെ നിലപാട്. അതിനു മാത്രമേ ന്യായീകരണമുള്ളൂ. വിശ്വാസത്തിൽ എപ്പോഴും ഒരു അവ്യക്തതയുണ്ട്. ഇത് വിശ്വാസത്തിന്റെ ആത്മാവാണെന്ന് പറയാം. ഈ അവ്യക്തത വിശ്വാസജീവിതത്തിൽ എന്നും ഒരു പിരിമുറുക്കം സൃഷ്ടിക്കുന്നു. ഈ പിരിമുറുക്കത്തോടുള്ള നിരന്തരമായ പോരാട്ടത്തിന് ദൈവം നൽകുന്ന സമ്മാനമാണ് നിത്യജീവൻ.

### സ്വർഗാരോഹണവും പെന്തക്കൊസ്തിയും പുതിയ നിയമത്തിൽ

യേശുവിന്റെ സ്വർഗാരോഹണത്തെപ്പറ്റി യേശുവിന്റെതന്നെ വാക്കുകളിലും സുവിശേഷകന്മാരുടെ വാക്കുകളിലും അനേക കാര്യങ്ങൾ സുവിശേഷത്തിൽ പറഞ്ഞിട്ടുണ്ട്, അതുപോലെ തന്നെ യേശു തന്റെ പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് നൽകുമെന്നതിനെപ്പറ്റിയും. ആദ്യം ഇവയെല്ലാം പരിശോധിച്ചശേഷം ഈ രഹസ്യങ്ങളുടെ പരസ്പര ബന്ധവും അർഥവും ക്രിസ്തീയജീവിതത്തിൽ ഇവയുടെ പ്രാധാന്യവും എന്തെന്ന് മനസിലാക്കാൻ ശ്രമിക്കാം.

### യേശുവിന്റെ സ്വർഗാരോഹണം

യോഹന്നാന്റെ സുവിശേഷത്തിൽ പീഡാനുഭവ വിവരണം തുടങ്ങുന്നതുതന്നെ യേശുവിന്റെ സ്വർഗാരോഹണത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ്, ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായിയെന്ന് പെസഹാത്തിരുന്നാളിനുമുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു (യോഹ 13.1). പീഡാനുഭവത്തിനു മുമ്പ് യേശു ശിഷ്യന്മാരോടൊപ്പം ആചരിച്ച അന്ത്യ അത്താഴവും അതിനോടനുബന്ധിച്ചുള്ള പ്രഭാഷണവും പീഡാനുഭവവും മരണവും ഉയിർപ്പുമെല്ലാം സ്വർഗാരോഹണത്തിനുള്ള

ഒരുക്കമെന്ന നിലയിലാണ് യോഹന്നാൻ അവതരിപ്പിച്ചിരിക്കുന്നത്. അന്ത്യ അത്താഴ സമയത്ത് പ്രഭാഷണത്തിൽ യേശു ഇത് വ്യക്തമാക്കുകയും ചെയ്യുന്നു. യേശു പറയുന്നു, എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ ഞാൻ പോകുന്നുവെന്ന് ഞാൻ നിങ്ങളോട് പറയുമായിരുന്നോ (14.2). ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ട് പോകും (വീണ്ടും വരണമെങ്കിൽ പോകണമല്ലോ) (14.3). ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതുകൊണ്ട് (എന്നിൽ വിശ്വസിക്കുന്നവൻ) ഇവയേക്കാൾ വലിയവയും ചെയ്യും (14.12). ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ (14.28). എന്നാൽ ഞാൻ ഇപ്പോൾ എന്നെ അയച്ചവന്റെ അടുക്കലേക്ക് പോകുകയാണ് (16.3). നിങ്ങളുടെ നന്മക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഇങ്ങനെ അനേക പ്രാവശ്യം ആവർത്തിക്കുന്ന സത്യമാണ് യേശുവിന്റെ സ്വർഹാരോഹണത്തെക്കുറിച്ചുള്ള പ്രബോധനം. യേശുവിന്റെ അന്ത്യ പ്രഭാഷണത്തിലെ ഒരു പ്രധാന വിഷയം തന്നെ സ്വർഗാരോഹണമാണ്. അന്ത്യ പ്രഭാഷണത്തിലെ ഈ വിഷയം യേശു തന്റെ പ്രധാന പുരോഹിത പ്രാർഥനയിലും ആവർത്തിക്കുന്നു. ഇനിമേൽ ഞാൻ ലോകത്തിലല്ല...ഞാൻ അങ്ങയുടെ അടുത്തേക്ക് വരുന്നു (17.11).

ഉയിർപ്പിനുശേഷം മഗ്ദലന മറിയത്തോട് സംസാരിക്കുമ്പോഴും യേശു ഈ സത്യം ആവർത്തിക്കുന്നുണ്ട്. നീ എന്നെ തടഞ്ഞു നിർത്താതിരിക്കുക. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല (20.17). യേശു മറിയത്തിനു നൽകുന്ന ദൗത്യത്തിലും സ്വർഗാരോഹണം സ്പഷ്ടമാണ്. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നുവെന്ന് പറയുക (20.17). ഇങ്ങനെ യോഹന്നാന്റെ സുവിശേഷത്തിന്റെ അന്ത്യഭാഗത്ത് (അന്ത്യ അത്താഴം മുതലുള്ള ഭാഗത്ത്) യേശുവിന്റെ സ്വർഗാരോഹണത്തേപ്പറ്റി വ്യക്തമായ പ്രവചനങ്ങൾ ഉണ്ട്. അതേ സമയം ഈ പ്രവചനങ്ങൾ അനുസരിച്ച് യേശു സ്വർഗാരോഹണം ചെയ്തുവെന്ന വ്യക്തമായ ഒരു പ്രസ്താവന യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നില്ല. ഇതു തന്നെയാണ് മത്തായിയുടെ സുവിശേഷത്തിന്റെയും സ്ഥിതി. യേശു സ്വർഗാരോഹണം ചെയ്തുവെന്ന പ്രസ്താവന ആ സുവിശേഷത്തിലില്ല. അതിന് ഏതാണ്ട് വിരുദ്ധമായ ആശയം ഉൾക്കൊള്ളുന്ന ഒരു വാക്യം അവിടെയുണ്ട് താനും. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (28.20). എന്നും കൂടെ ഉണ്ടായിരിക്കുന്നവൻ സ്വർഗാരോഹണം ചെയ്തുവെന്ന് പറയാൻ പറ്റില്ലല്ലോ. മർക്കോസിന്റെ സുവിശേഷത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. 16. 8 ൽ അവസാനിക്കുന്നതാണ് മർക്കോസിന്റെ സുവിശേഷം. 16.9-20 - എന്ന് ഒരു ഭാഗം ഇപ്പോൾ അച്ചടിക്കുന്ന സുവിശേഷങ്ങളിൽ കൊടുത്തിട്ടുണ്ടെന്നുള്ളത് സത്യം. എന്നാലത് ആദിമസഭയുടെ പാരമ്പര്യത്തിൽ ഉണ്ടായിരുന്ന ചില കാര്യങ്ങൾ മർക്കോസിന്റെ സുവിശേഷത്തോടു ചേർത്ത് വച്ചിരിക്കുന്നുവെന്നുമാത്രം. ആ ഭാഗത്ത് (മർക്കോ.16.9-20) യേശുവിന്റെ സ്വർഗാരോഹണത്തെപ്പറ്റി പറയുന്നുണ്ട്. കർത്താവായ യേശു അവരോടു സംസാരിച്ചതിനുശേഷം, സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി (16.19). യേശുവിന്റെ സ്വർഗാരോഹണത്തെപ്പറ്റി വ്യക്തമായി പറയുന്ന ഏക സുവിശേഷം ലൂക്കായുടെ സുവിശേഷമാണ്. അവിടെ നാം ഇങ്ങനെ വായിക്കുന്നു. അവൻ അവരെ ബഥാനിയായിലേക്ക് കൂട്ടിക്കൊണ്ടുപോയി, കൈകളുയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കെ അവൻ അവരിൽനിന്ന് മറയുകയും സ്വർഗത്തിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തു (24.51). ഇക്കാര്യംതന്നെ ലൂക്കാ തന്റെ രണ്ടാം വാല്യമായ അപ്പസ്തോല പ്രവർത്തനങ്ങളിൽ മറ്റൊരു വിധത്തിൽ പറഞ്ഞിരിക്കുന്നു. ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ അവർ നോക്കി നിൽക്കേ അവൻ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു. ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്ന് മറച്ചു (അ.പ്ര 1.9).

**പരിശുദ്ധാത്മാവിന്റെ ആഗമനം**

യേശു തന്റെ പരിശുദ്ധാത്മാവിനെ വിശ്വാസികളുടെമേൽ അയയ്ക്കും എന്നത് പുതിയനിയമത്തിന്റെ സ്പഷ്ടമായ പ്രബോധനമാണ്. സുവിശേഷത്തിന്റെ ആരംഭത്തിൽ ത്തന്നെ യേശുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എന്തെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. തന്നെ സ്വീകരിച്ചവർക്കെല്ലാം,

തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി (1.12). ദൈവമക്കളാകാനുള്ള കഴിവ് എന്താണെന്ന് നിക്കോദിമോസിനോടുള്ള സംഭാഷണത്തിൽ യേശു വ്യക്തമാക്കുന്നുണ്ട്. അത് വീണ്ടും ജനനമാണ് (3.3). കുറേക്കൂടെ വ്യക്തമാക്കിക്കൊണ്ട് യേശു പറയുന്നു, അത് ജലത്താലും ആത്മാവിനാലുമുള്ള ജനനമാണ് (3.5). വീണ്ടും വ്യക്തത വരുത്തിക്കൊണ്ട് യേശു പറയുന്നു മാംസത്തിൽനിന്ന് ജനിക്കുന്നത് മാംസമാണ്, ആത്മാവിൽനിന്ന് ജനിക്കുന്നത് ആത്മാവാണ് (3.6). അപ്പോൾ ദൈവമക്കളാകാനുള്ള കഴിവ് പരിശുദ്ധാത്മാവാണ് നൽകുന്നത്. ഈ ആശയം സുവിശേഷം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. സ്ഥലപരിമിതികൊണ്ട് നേരേ യേശുവിന്റെ അന്ത്യപ്രഭാഷണത്തിലേക്ക് കടക്കാം. പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തുകൊണ്ട് യേശു പറയുന്നു. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടിയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും (14.16). ഈ പരിശുദ്ധാത്മാവ് സഹായകനാണെന്നും മറ്റൊരു സഹായകനാണെന്നും യേശു എടുത്തുപറയുന്നു. എന്താണിതിന്റെ അർഥം? യേശുവിലൂടെ ശിഷ്യന്മാർക്ക് ലഭിച്ചുകൊണ്ടിരുന്ന സംരക്ഷണവും പരിപാലനയും തുടർന്ന് നൽകുന്നവനാണ് ഈ സഹായകൻ എന്ന് വ്യക്തമാകുന്നുവല്ലോ. എന്നാൽ സംരക്ഷണവും പരിപാലനയും ഉറപ്പുവരുത്താൻ യേശു ചെയ്യുന്നത് ശിഷ്യന്മാരെ വിട്ടുപോകാതിരിക്കുകയല്ല, മറ്റൊരു സഹായകനെ അയയ്ക്കുകയാണ്. അതായത് വ്യക്തിത്വത്തിൽ മറ്റൊരാളായിരിക്കുകയും എന്നാൽ ദൗത്യത്തിൽ യേശുവിനെപ്പോലെ ആയിരിക്കുകയും ചെയ്യുന്നവനാണ് ഈ പരിശുദ്ധാത്മാവ്. 14.16-ൽ പറഞ്ഞ കാര്യം വിശദീകരിച്ചുകൊണ്ട് 14.18-ൽ യേശു പറയുന്നു, ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും. മറ്റൊരു സഹായകനെ അയയ്ക്കുമെന്ന് പറഞ്ഞ യേശു ഇവിടെ പറയുന്നത് ശിഷ്യന്മാരുടെ അനാഥത്വം ഒഴിവാക്കാൻ താൻതന്നെ അവരുടെ അടുത്തേക്ക് വരുമെന്നാണ്. ഈ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം - സഹായകൻ എന്ന നിലയിലുള്ള പ്രവർത്തനം - എന്തെന്നു കൂടി യേശു വ്യക്തമാക്കുന്നു.

എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (14.26).

**പരിശുദ്ധാത്മാവിന്റെ ദൗത്യത്തെപ്പറ്റി വീണ്ടും വ്യക്തമായി യേശു പറയുന്നു.**

അവൻ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും (16.8-11). പരിശുദ്ധാത്മാവിന്റെ ആഗമനത്തെപ്പറ്റി ലൂക്കാ എന്തു പറയുന്നുവെന്നുകൂടി ശ്രദ്ധിക്കാം. ജലംകൊണ്ട് സ്നാനം നൽകിക്കൊണ്ടിരുന്ന യോഹന്നാൻ യേശുവിനെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്. അവൻ (യേശു) പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്ക് സ്നാനം നൽകും (3,16). യോഹന്നാന്റെ ഈ പ്രസ്താവന യേശു ഏറ്റെടുത്ത് ശിഷ്യന്മാർക്ക് ഇങ്ങനെ വാഗ്ദാനം നൽകുന്നു, ഇതാ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ (24.49). ഇതേ വാഗ്ദാനം അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇങ്ങനെ ആവർത്തിച്ചിരിക്കുന്നു. യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം നൽകി, നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും (1.5). വീണ്ടും ഇതേ കാര്യം യേശു പറയുന്നു. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും, ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളാകുകയും ചെയ്യും (അ.പ്ര 1.8). ഈ വാഗ്ദാനം അനുസരിച്ച് പെന്തക്കൊസ്താദിനം സമാഗതമായപ്പോൾ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു എന്ന് അ.പ്ര. 2.1-13 -ൽ ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ ആഗമനത്തെപ്പറ്റിയും പുതിയനിയമം വ്യക്തമായ പ്രബോധനം നൽകുന്നുണ്ട്.

**ചില ചോദ്യങ്ങൾ**

മുകളിൽ കണ്ട വേദവാക്യങ്ങളുടെ

വെളിച്ചത്തിൽ നമ്മുടെ മനസ്സിൽ ഉയരുന്ന ചില ചോദ്യങ്ങളാണ് താഴെ ചേർക്കുന്നത്.

1. എന്തുകൊണ്ട് മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷത്തിൽ യേശുവിന്റെ സ്വർഗാരോഹണത്തെപ്പറ്റി ഒന്നും പറയുന്നില്ല. ഈ സുവിശേഷങ്ങളിൽ നിശബ്ദത പാലിക്കുന്നുവെന്ന് മാത്രമല്ല സ്വർഗാരോഹണമെന്ന ആശയത്തിന് വിരുദ്ധമായ പ്രസ്താവനകൾ ഉണ്ടുതാനും. ഉദാഹരണത്തിന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു, യുഗാന്തം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (28.20). മർക്കോസിൽ പറയുന്നു അവൻ നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്ക് പോകുന്നു...അവിടെ വച്ച് നിങ്ങൾ അവനെ കാണും (16.7). യുഗാന്തം വരെ എന്നും കൂടെ ഇരിക്കണമെങ്കിൽ സ്വർഗാരോഹണം ചെയ്യുന്നില്ല എന്നല്ലേ അർഥം? ഗലീലിയിൽ വച്ച് കാണണം എങ്കിലും ഇതല്ലേ അർഥം? അപ്പോൾ യേശു സ്വർഗാരോഹണം ചെയ്തില്ലേ? എങ്കിൽ അപ്പസ്തോലിക സഭകളിൽ സ്വർഗാരോഹണം എന്നൊരു തിരുനാൾ ആഘോഷിക്കുന്നതിന്റെ അർഥമെന്ത്?

2. യോഹന്നാന്റെ സുവിശേഷത്തിൽ ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്നു പറയുന്നല്ലോ. അത് പരിശുദ്ധാത്മാവിനെ ദാനം ചെയ്യുന്ന പ്രവൃത്തിയായിരുന്നില്ലേ? എങ്കിൽ ഇതാ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽതന്നെ വസിക്കുവിൻ (ലൂക്കാ 24.49) എന്ന് പറഞ്ഞ് പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരിക്കാൻ ആവശ്യപ്പെടുന്നതിന്റെ അർഥമെന്താണ്?

3. ഏതാണ് ആദ്യം നടന്നത്? സ്വർഗാരോഹണമോ പരിശുദ്ധാത്മദാനമോ? എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നുവെന്ന് ശിഷ്യന്മാരെ അറിയിക്കാൻ മഗ്ദലന മറിയത്തെ ചുമതലപ്പെടുത്തിയ യേശു ഉടനെ സ്വർഗാരോഹണം ചെയ്തെന്നു വേണമല്ലോ ചിന്തിക്കാൻ. എങ്കിൽ ആ ദിവസം വൈകിട്ട് ഈ ശിഷ്യന്മാരെ യേശു എങ്ങനെ കണ്ടു (യോഹ 20. 19-23)? എട്ടു ദിവസങ്ങൾക്കുശേഷം തോമ്മാ ഉൾപ്പെടെയുള്ള ശിഷ്യന്മാർക്ക് എങ്ങനെ പ്രത്യക്ഷപ്പെട്ടു (യോഹ 20. 24-29)? ഇതിനുശേഷം യേശു തിബേരിയാസ് കടൽതീരത്തുവച്ച് ശിഷ്യന്മാർക്ക് വീണ്ടും എങ്ങനെ പ്രത്യക്ഷപ്പെട്ടു (യോഹ 21.1)? ഏതാണ് ആദ്യം നടന്നത്? സ്വർഗാരോഹണമോ പരിശുദ്ധാത്മദാനമോ? ചോദ്യങ്ങൾ ഇനിയും അനേകം ഉണ്ടാകാം. പ്രധാനപ്പെട്ട ചിലത് ഇവിടെ കുറിച്ചെന്നു മാത്രം. ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നതിനുമുമ്പ് ചോദ്യം ചോദിക്കുന്നതിനെക്കുറിച്ച് ചിലത് മനസിലാക്കേണ്ടതുണ്ട്. ചോദിക്കുന്ന ചോദ്യം ശരിയാണെങ്കിൽ മാത്രമേ ഉത്തരം കിട്ടുകയുള്ളു. ഉത്തരം കിട്ടിയാലും അത് ശരിയാകുകയുള്ളു. ഉദാഹരണത്തിന് ഇങ്ങനെ ചിന്തിക്കാം. പൂർണമായും ജന്മനാ അന്ധനായ ഒരുവന്റെ അടുക്കൽ മനോഹരമായൊരു പുഷ്പം കൊണ്ടുവന്നിട്ട് അതിന്റെ നിറത്തെപ്പറ്റി വർണിക്കാൻ പറഞ്ഞാൽ അയാൾ എന്തു ചെയ്യും? ഘ്രാണശക്തിയുള്ളവനാണെങ്കിൽ മണത്തെപ്പറ്റി ചോദിച്ചാൽ ചിലതൊക്കെ പറയാൻ അയാൾക്കു സാധിച്ചെന്നിരിക്കും. എന്നാൽ നിറത്തെപ്പറ്റി അയാൾക്ക് ഒന്നും പറയാൻ പറ്റില്ല. കാര്യമെന്താണ്? ചോദ്യം തെറ്റി.

കഴിഞ്ഞ നൂറ്റാണ്ടിലെ അതിപ്രസിദ്ധ തത്വചിന്തകരിലൊരാളായിരുന്ന ബട്രാൻട് റസ്സൽ ഒരു ഉപമ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയാണത്. ഒരു പ്രശാന്തമായ ദിവസം സന്ധ്യയോടുകൂടി ഒരാൾ ലണ്ടനിലെ ചന്തയിൽ പോയി ഇറച്ചിക്കോഴികളെ വിൽക്കുന്ന സ്ഥലത്ത് ചെന്ന് ഒരു വലിയ, ആരോഗ്യമുള്ള കോഴിയെ വാങ്ങി കാറിന്റെ ഡിക്കിയിലിട്ടുകൊണ്ട് അയാൾ തന്റെ വീട്ടിലേക്ക് ഡ്രൈവ് ചെയ്തു. അപ്പോഴേക്കും രാത്രി തുടങ്ങിക്കഴിഞ്ഞിരുന്നു. ഡിക്കിയിൽ കിടന്നുകൊണ്ട് കോഴി റോഡിന്റെ രണ്ടു വശങ്ങളിലുമുള്ള കാഴ്ചകൾ കണ്ട് രസിച്ചു. അതിന്റെ ജീവിതത്തിൽ ആദ്യമായാണ് അത് ഇത്തരം കാഴ്ചകൾ കാണുന്നത്. വീട്ടിലെത്തിയതും അയാൾ ഒരു കോഴിക്കൂട്ടിൽ കോഴിയെ ഇട്ട് വാതിൽ അടച്ചു. കോഴി സുഖമായി ഉറങ്ങി. പിറ്റേ ദിവസം കോഴി ഉണർന്ന് ചുറ്റും നോക്കി. ഭയങ്കര മഴയാണ്, സഹിക്കാനാകാത്ത വിശപ്പും. കൂട്ടിൽ കിടക്കുകയാണ്. പുറത്തേക്കിറങ്ങി ഒന്നും കൊത്തിത്തിന്നാൻ കഴിയുകയില്ല. നിരാശയോടെ കോഴി ഇങ്ങനെ ചിന്തിച്ചു. ഈ മഴയത്ത് ഒരു മനുഷ്യനും ഈ വഴി വരികയില്ല. തനിക്ക് തിന്നാൻ ഒന്നും കിട്ടുകയില്ല. ഇവിടെ കിടന്ന് വിശന്നു ചാകുകയേ നിവർത്തിയുള്ളൂ. അധികം താമസിച്ചില്ല, ഒരാൾ കുട ചൂടി

വന്ന് കോഴിക്കൂടിന്റെ കതകു തുറന്ന് കോഴിക്ക് ഭക്ഷണം ഇട്ടുകൊടുത്തു. കോഴിക്ക് സംതൃപ്തി യായി.

അടുത്ത ദിവസം രാവിലെ കോഴി എഴു ന്നേറ്റപ്പോൾ കണ്ടത് വൻകാറ്റിൽ ചുറ്റുപാടു മുള്ള മരങ്ങളെല്ലാം ആടിത്തിരിയുന്നതാണ്. കോഴി ചിന്തിച്ചു. ഈ കാറ്റിൽ ആരാണിവിടെ വരിക. ആരും വരില്ല. ഇന്ന് ഇവിടെ കിടന്ന് വിശന്നു മരിക്കുകയേ നിവർത്തിയുള്ളു. എന്നാൽ അന്നും ഒരാൾ വന്നു. കോഴിക്ക് ഭക്ഷണം ഇട്ടുകൊടുത്തു. ദിവസങ്ങൾ കടന്നു പോയി. ഓരോ ദിവസവും ഓരോ പ്രശ്നങ്ങൾ - കടുത്ത മഴ, കൊടുങ്കാറ്റ്, സഹിക്കാനാകാത്ത ചൂട്, അങ്ങനെ പലതും. എങ്കിലും കോഴിക്ക് ഒരു കുറവും ഉണ്ടായില്ല. കുറേ ദിവസങ്ങൾ കഴിഞ്ഞ് കോഴി തന്റെ ജീവിതാനുഭവത്തെപ്പറ്റി ഇങ്ങനെ ഒരു നിഗമനത്തിലെത്തി. ഇവിടെ എനിക്ക് സുഖമാണ്, സുഭിക്ഷമാണ്. കാറ്റു വന്നാലും മഴ പെയ്താലും ചൂടായാലും എനിക്കു പ്രശ്നമില്ല. ഇവിടെ എന്റെ ജീവിതം സുരക്ഷിതമാണ്. ഇങ്ങനെ സന്തോഷപൂർവം അന്നു രാത്രിയിൽ കോഴി ഉറങ്ങി. പിറ്റേ ദിവസം പതിവുപോലെ രാവിലെ ഒരാൾ വന്നു. അയാൾ കൂടു തുറന്ന് കോഴിയെ പിടിച്ചുകൊണ്ടുപോയി അറുത്തു കറിവച്ചു. അന്ന് ഡിസംബർ 25 ആയി രുന്നു. തലേദിവസം കോഴി എത്തിച്ചേർന്ന നിഗ മനം എവിടെ? എന്തു വന്നാലും തനിക്ക് ഇവിടെ ജീവിതം സുരക്ഷിതമെന്നല്ലേ കോഴി എത്തി ച്ചേർന്ന നിഗമനം? എന്തു പറ്റി? കോഴിയുടെ ചോദ്യങ്ങൾ തെറ്റിപ്പോയി. എപ്പോൾ എനിക്ക് ഭക്ഷണം കിട്ടുമെന്ന് കോഴി ചോദിച്ചു. ഏതു സാഹചര്യത്തിൽ (മഴയോ വെയിലോ കാറ്റോ) കിട്ടുമെന്നും ചോദിച്ചു. എന്നാൽ അത്യാവശ്യ മായും ചോദിക്കേണ്ടിയിരുന്ന ഒരു ചോദ്യം ചോദിച്ചില്ല. എന്താണാ ചോദ്യം? മഴയെയും കാറ്റിനെയും അവഗണിച്ച് എന്തിനാണ് ഈ മനുഷ്യൻ എനിക്കു ഭക്ഷണം നൽകുന്നത്? ആ ചോദ്യം ചോദിച്ചിരുന്നെങ്കിൽ തന്റെ മാംസം വർദ്ധിപ്പിച്ച് ക്രിസ്തുമസിന് തന്നെ കറിയാക്കാ നാണ് ഇയാൾ ഇതെല്ലാം ചെയ്യുന്നതെന്ന് കോഴി മനസിലാക്കുമായിരുന്നു. പാവം കോഴി.

### ചരിത്ര സംഭവങ്ങളും ചരിത്രാതീത സത്യങ്ങളും

ചരിത്ര സംഭവങ്ങളോടു ചോദിക്കാവുന്ന ചോദ്യങ്ങളാണ് എവിടെ, എപ്പോൾ, എങ്ങനെ എന്നിവ. ഈ ചോദ്യങ്ങൾ ചരിത്രാതീത സത്യ ങ്ങളോട് ചോദിച്ചാൽ ഉത്തരം കിട്ടുകയില്ല. മതത്തിൽ ചരിത്രസംഭവങ്ങളുണ്ട്, ചരിത്രാതീത സത്യങ്ങളുമുണ്ട്. ഇവയെ തിരിച്ചറിയുകയാണ് മതപഠനത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ബി.സി. 1700-നടുത്തുള്ള ഒരു സമയത്ത് കൽദായരുടെ ഊറിൽനിന്ന് അബ്രഹാം കാനൻദേശത്തു വന്നു താമസിച്ചു എന്നത് ചരിത്ര സംഭവമാണ്, നിന്റെ ദേശത്തേയും ബന്ധുജനങ്ങളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോകുക എന്ന് ദൈവം അബ്രഹാമിനോട് പറഞ്ഞത് ചരിത്രാതീത സത്യമാണ്. ഇവ രണ്ടും സമഞ്ജസമായി സമ്മേളിച്ചതാണ് യഹൂദമതം. ചരിത്രസംഭ വത്തിൽനിന്ന് വേർപിരിഞ്ഞാൽ മതം വ്യാജനാ കും. ചരിത്രാതീത സത്യത്തോട് ബന്ധമില്ലാതി രുന്നാലത് മതമല്ലാതാകും.

യേശുവിന്റെ സ്വർഗാരോഹണം ചരിത്രാ തീത സത്യമാണ്. അതിനോട് ചരിത്രസംഭവങ്ങ ളോട് ചോദിക്കാവുന്ന ചോദ്യങ്ങൾ ചോദിക്കരു ത്. ചോദ്യങ്ങൾ ചോദിച്ചാലും ഇല്ലെങ്കിലും ഏതെങ്കിലും തരത്തിൽ അത് മനസിലാക്കാൻ കഴിയുമോ? ലൂക്കാ അതിനൊരു ശ്രമം നടത്തു ന്നുണ്ട്. ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്ന് മറച്ചു. അവർ നോക്കി നിൽക്കുമ്പോൾ അവൻ ഉന്നതങ്ങളിലേക്ക് സംഭ വിക്കപ്പെട്ടു. (അ.പ്ര. 1. 9).

രണ്ടു കാര്യങ്ങളാണ് ലൂക്കാ ഇവിടെ പറയുന്നത് - മേഘം മറച്ചെന്നും, അവൻ ആകാ ശത്തിലേക്ക് പോകുന്നത് അവർ നോക്കി നിന്നെന്നും. ഇതാണ് സ്വർഗാരോഹണം. യേശു വിന്റെ സാന്നിദ്ധ്യം മനുഷ്യസമൂഹത്തിൽനിന്ന് എടുത്തുമാറ്റുന്നതല്ല സ്വർഗാരോഹണം. മറവോടെ (മേഘത്തിലൂടെ എന്ന പോലെ) മാത്രം യേശുവിനെ കാണാൻ കഴിയുന്ന അവ സ്ഥയിലേക്ക് യേശു മാറ്റപ്പെട്ടു എന്നാണർഥം. യേശുവിന്റെ സാന്നിദ്ധ്യം ഇല്ലാതാകുകയില്ല. യേശുവിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ സഭയില്ല, സഭയിലെ കൂദാശകളില്ല. കൂദാശകൾ, വിശേ ഷിച്ചും വി. കുർബാന ഉള്ളതുകൊണ്ട് യേശു വിന്റെ സാന്നിദ്ധ്യം സഭയിലുണ്ട് എന്നല്ല പറയു ന്നത്. മറിച്ച് യേശുവിന്റെ സാന്നിദ്ധ്യം സഭയിലു ള്ളതുകൊണ്ടാണ് കൂദാശകൾ ഉള്ളത് എന്നാണ്.

### പരിശുദ്ധാത്മദാനത്തെപ്പറ്റി കുറച്ചുകൂടി

പെന്തക്കൊസ്താദിനം ആഗതമായ പ്പോൾ എന്ന ആമുഖത്തോടെയാണ് ലൂക്കാ

പരിശുദ്ധാത്മാവിനെ നൽകിയ കാര്യം വിവരിച്ചിരിക്കുന്നത്. പെന്തക്കൊസ്താദിനം എന്നാൽ അമ്പതാം ദിവസം എന്നാണർഥം. എന്തിന്റെ അമ്പതാം ദിവസം? പീഡാനുഭവത്തിന്റെയോ, ഉയർപ്പിന്റെയോ അതോ മറ്റ് എന്തിന്റെയെങ്കിലുമോ? ലൂക്കായുടെ ഭാഷാപ്രയോഗത്തിൽ നിന്ന് പ്രസിദ്ധമായ ഏതോ തിരുനാളാണ് ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. എങ്കിൽ പുറ 23. 14-17 ൽ പറയുന്ന മൂന്നു തിരുനാളുകളിൽ ഒന്നായ കൊയ്ത്തിന്റെ തിരുനാൾ എന്ന് മനസിലാക്കാം. ആഴ്ചകളുടെ തിരുനാൾ എന്നു കൂടി അറിയപ്പെടുന്ന ഈ തിരുനാൾ മോശവഴി ദൈവം ജനങ്ങളുമായി ചെയ്ത ഉടമ്പടിയുടെയും നിയമം നൽകലിന്റെയും അനുസ്മരണമായാണ് ഇസ്രായേൽ ആഘോഷിച്ചിരുന്നത്. അതായത് പെന്തക്കൊസ്ത ദിനം എന്ന ആമുഖത്തോടെ പരിശുദ്ധാത്മാവിന്റെ ആഗമനം വിവരിക്കുന്ന ലൂക്കാ അത് എന്ന് സംഭവിച്ചു എന്ന് പറയാനല്ല, അതിന്റെ അർഥം എന്തെന്ന് പറയാനാണാഗ്രഹിക്കുന്നത്.

യോഹന്നാന്റെ സുവിശേഷം എന്തു പറയുന്നു എന്നു നോക്കാം. അവിടെ രണ്ട് ആഗമനങ്ങളെപ്പറ്റി പറയുന്നുണ്ട്. ഒന്ന് കുരിശിൽവച്ച് മറ്റൊന്ന് ഉയിർപ്പിന്റെ ദിവസം വൈകുന്നേരം. 19. 30 ൽ പറയുന്നു. എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.എന്താണ് ഈ വാക്കുകളുടെ അർഥം? യേശു മരിച്ചു എന്നാണോ? ആ അർഥം ഉണ്ട്. എന്നാൽ അതു മാത്രമല്ല. മരണം എന്നു മാത്രമേ അർഥമുണ്ടായിരുന്നുള്ളു എങ്കിൽ പ്സ്യൂക്കേ എന്ന പദമാണ് ആത്മാവ് എന്നതിന് ഉപയോഗിക്കേണ്ടിയിരുന്നത്. യേശുവിന്റെ മരണത്തെ സൂചിപ്പിക്കാൻ യോഹന്നാൻ ആ പദമാണ് ഉപയോഗിക്കുക. 10.11 -ൽ പറയുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ (പ്സ്യൂക്കേ) അർപ്പിക്കുന്നു. എന്നാൽ 19.30 - ൽ പറയുന്നത്. അവൻ തല ചായ്ച് ആത്മാവിനെ (പ്ന്യൂമാ) സമർപ്പിച്ചു എന്നാണ്. പ്ന്യൂമാ എന്നാൽ പരിശുദ്ധാത്മാവ് എന്നാണർഥം. 20.22 -ലും ഇതേ പദമാണുപയോഗിച്ചിരിക്കുന്നത്. അതായത് കുരിശിൽവച്ചും ഉയിർപ്പിനു ശേഷവും യേശു പരിശുദ്ധാത്മാവിനെ നൽകി.

**ഉപസംഹാരം**

ദിവ്യരഹസ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വാക്യങ്ങളെ ചരിത്ര സംഭവങ്ങളെന്ന നിലയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കരുത്. ദിവ്യയാഥാർഥ്യങ്ങൾ ചരിത്രാതീതമാണ്. അതിനാൽ ഏത് ആദ്യം, ഏത് രണ്ടാമത് എന്ന ചോദ്യം അപ്രസക്തമാണ്. ഉയിർത്തെഴുന്നേറ്റ യേശു സ്വർഗാരോഹണം ചെയ്തു എന്ന പ്രസ്താവം ദിവ്യ സത്യമാണ്. അത് വിശ്വാസികളോടൊപ്പമുള്ള യേശുവിന്റെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നില്ല, മറിച്ച് ആ സാന്നിദ്ധ്യത്തിന്റെ രൂപത്തിൽ മാറ്റം വരുത്തുകയേ ചെയ്യുന്നുള്ളു. യേശു സന്നിഹിതനായതുകൊണ്ടാണ് സഭയുള്ളത്. യേശുവില്ലാതെ സഭയില്ല, സഭയിൽനിന്ന് വേർപെട്ട് ഒരു യേശുവും ഇല്ല.


പരിശുദ്ധാത്മാവ് യേശുവിന്റെ സാന്നിദ്ധ്യമാണ്, എന്നാൽ യേശു തന്നെയല്ല. അവർ രണ്ട് ആളുകളാണ്. എന്നാൽ രണ്ട് ദൈവങ്ങളല്ല. അവർ വ്യത്യസ്തരാണ്, എന്നാൽ വേർപിരിക്കപ്പെടാവുന്നവരല്ല. വിശ്വാസികളുടെ ഇടയിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം യേശുവിന്റെ രക്ഷാകര കർമങ്ങളുടെ അനന്തര ഫലമാണ്. ഈ സാന്നിദ്ധ്യം രണ്ടു വിധത്തിൽ സഭ അനുഭവിക്കുന്നു- എല്ലാ വിശ്വാസികൾക്കുമുള്ള സാന്നിദ്ധ്യം (യോഹ 19.30, അ.പ്ര. 2.1-13), സഭാനേതൃത്വത്തിനുള്ള സാന്നിദ്ധ്യം (യോഹ 20.22). ഒരേ ദൈവിക ആളിന് വ്യത്യസ്ത സാന്നിദ്ധ്യങ്ങളുണ്ടാകാം. പരിശുദ്ധാത്മാവിനു മാത്രമല്ല, പിതാവിനും പുത്രനും അങ്ങനെതന്നെ, കാരണം ദൈവം ഒരു വസ്തുവല്ല, കല്ലോ മരമോ അല്ല, സാരാംശത്തിൽ ദൈവം ബന്ധമാണ്. ഒരേ ആൾക്ക് പല വിധത്തിലുള്ള ബന്ധമുണ്ടാകാമല്ലോ.

സ്വർഗാരോഹണം ചെയ്ത യേശുവിന്റെ തുടർച്ചയായ സാന്നിദ്ധ്യം സഭയിലുണ്ട്. ഈ സാന്നിദ്ധ്യം പരിശുദ്ധാത്മാ സാന്നിദ്ധ്യത്തിലൂടെ സഭ അനുഭവിക്കുന്നു. യേശുവും (പുത്രനും) പരിശുദ്ധാത്മാവും മാത്രമല്ല പിതാവും സഭയിൽ സന്നിഹിതനാണ്. സ്രഷ്ടാവ് എന്ന നിലയിൽ മാത്രമല്ല രക്ഷകൻ എന്ന നിലയിലും. യേശു പറയുന്നു, എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസം ഉറപ്പിക്കുകയും ചെയ്യും (യോഹ 14. 23). സ്വർഗാരോഹണത്തിന്റയും പെന്തക്കൊസ്തയുടെയും അർഥമിതാണ്. രക്ഷിക്കുന്ന ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും, വിശ്വാസികളിൽ, സഭയിൽ മുഴുവനായും സന്നിഹിതനായിരിക്കുന്നു.



### അല്മായ പ്രേക്ഷിതത്വം

# സജീവമാകേണ്ട സഭാദൗത്യം



ഷാജി തേലപ്പുറത്ത്

മലങ്കര കത്തോലിക്കാസഭ 2020 മെയ് മാസം 3-ാം തീയതി അല്മായ ദിനമായി ആചരിച്ചുവല്ലോ. സഭയിലെ 99 ശതമാനത്തിലധികം വരുന്ന അല്മായ വിശ്വാസികളുടെ വിളിയും ദൗത്യവും എന്തെന്ന് ഓർമ്മിപ്പിക്കുവാൻ ഉള്ള ഒരു എളിയ ശ്രമമാണിത്. അല്മായ പ്രേക്ഷിതത്വം സജീവം ആകേണ്ട സമയം അതിക്രമിച്ചു എന്ന് ഈയിടെ സ്പെയിനിലെ അൽമായർക്ക് നൽകിയ സന്ദേശത്തിൽ മാർപാപ്പ ഉത്ബോധിപ്പിച്ചു. ക്രൈസ്തവ വിശ്വാസം ഭാരതത്തിൽ പ്രചരിച്ചിട്ട് 20 നൂറ്റാണ്ടുകൾ ആയെങ്കിലും ഇന്നും ഭാരതത്തിൽ ക്രൈസ്തവർ 2.3% മാത്രം. മിഷനറിമാർ കടന്നു ചെല്ലാത്ത, അതും അവർക്ക് പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാത്തതുമായ ധാരാളം പ്രദേശങ്ങൾ ഇന്നുമുണ്ട്. ഇവിടെയാണ് അല്മായ പ്രേക്ഷിത പ്രവർത്തനങ്ങളുടെ പ്രസക്തി. വി. ബൈബിൾ, സഭാ പാരമ്പര്യങ്ങൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ, ഇതര സഭാ പ്രബോധനങ്ങൾ ആദിയായവയുടെ പിൻബലത്തിൽ അല്മായ പ്രേക്ഷിതത്തിന്റെ വിവിധ തലങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം, മലങ്കര കത്തോലിക്കാസഭയുടെ അല്മായ ഭാഗഭാഗിത്വം കൂടി ചിന്താവിഷയം ആക്കുകയാണ് ഈ ലേഖനോദ്ദേശം.

**ആരാണ് അല്മായർ?**

'തിരുപ്പട്ടം സ്വീകരിക്കാത്തവരോ, സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളുമാണ് അല്മായർ എന്ന നാമത്തിൽ വിവക്ഷിക്കുന്നത്' '(തിരുസഭ:31) സഭയിലെ എല്ലാ അംഗങ്ങളും 'ദൈവജനം' എന്ന പേരിൽ അറിയപ്പെടുന്നു. ദൈവത്തിന്റെ ജനം ഒരേ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഈ നിഗമനങ്ങൾ പ്രസക്തമായിരിക്കെ, ഇന്നും സഭയിൽ അല്മായർ തങ്ങളുടെ സ്ഥാനത്തെപറ്റി ബോധവാന്മാരല്ല എന്ന സത്യം പഠനവിഷയമാക്കേണ്ട വസ്തുതയാണ്. അല്മായർ എന്ന സംജ്ഞയുടെ സ്വാധീനവും പരിഗണിക്കേണ്ടതുണ്ട്.

ഗ്രീക്ക് ഭാഷയിലെ Leos അല്ലെങ്കിൽ 'Leitos' എന്ന വാക്ക് സാധാരണ ജനത്തെ (Common people) സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. Laity ക്ക് സമാനമായ മലയാളപദം ആണ് അല്മായർ. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ പുരോഹിതരും സന്യസ്തരുമല്ലാത്ത ദൈവജനത്തെ സൂചിപ്പിക്കുവാൻ ഉള്ള ഒരു പദവിയായി മാത്രം അൽമായർ എന്ന വാക്കിനെ കരുതിയാൽ മതി.

സഭാപണ്ഡിതനായിരുന്ന വിശുദ്ധ അഗസ്തീനോസ് തന്റെ മെത്രാഭിഷേകത്തിനു ശേഷം നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "ഞാൻ നിങ്ങൾക്കുവേണ്ടി എന്തായിരിക്കുന്നുവോ ആ സംഗതി എന്നെ ഭയപ്പെടുത്തുന്നുവെങ്കിൽ, ഞാൻ നിങ്ങളോടുകൂടി എന്തായിരിക്കുന്നുവോ അത് എന്നെ ആശ്വസിപ്പിക്കുന്നു. ഞാൻ നിങ്ങളുടെ മെത്രാനാണ്, എന്നാൽ നിങ്ങളോടൊപ്പം ഒരു ക്രിസ്ത്യാനിയാണ്. ആദ്യത്തേത് കടമയെ സൂചിപ്പിക്കുന്നു. രണ്ടാമത്തേത് അനുഗ്രഹത്തെയും. ആദ്യത്തേത് അപകടകരമാണ്. രണ്ടാമത്തേത് രക്ഷാകരവും.

ദൈവജനത്തെ വി. പത്രോസ് വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. "എന്നാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" '(1 പത്രോസ് : 2/9). മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് ഉദ്ധരണികളും സഭയിൽ അല്മായന്റെ ശ്രേഷ്ഠത വെളിവാക്കുന്നതാണ്.

**എന്താണ് അൽമായ പ്രേഷിതത്വം.**

”സഭയുടെ രക്ഷാകര ദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണ് അൽമായരുടെ പ്രേഷിതത്വം (തിരുസഭ :33). ആദിമസഭയിൽ അല്മായരുടെ പ്രേക്ഷിത പ്രവർത്തനം വളരെയേറെ ഫലപ്രദമായിരുന്നതായി ബൈബിൾ സാക്ഷിക്കുന്നു. (നടപടി 11/ 19-21, റോമ 16/1-16, ഫിലി:4/3). അൽമായരുടെ പ്രേക്ഷിതത്വത്തിനാധാരം സഭയിലേക്കുള്ള അവരുടെ വിളി തന്നെയാണ്. സഭ അതിന്റെ സ്വഭാവത്തിൽതന്നെ പ്രേക്ഷിതയാണ്. സഭാംഗങ്ങളുടെ പ്രേക്ഷിത പ്രവർത്തനമാണ് സഭയെ പ്രേക്ഷിതയാക്കുന്നത്. സഭയിലൂടെ തുടരുന്ന ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിൽ തങ്ങളാൽ ആവുന്ന വിധത്തിൽ പങ്കുചേരുവാൻ അൽമായർക്ക് കടമയുണ്ട്. നമുക്ക് ഒരേ ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തി അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ തന്നെ പലരായി ഇരിക്കുന്ന നാമും ക്രിസ്തുവിൽ ഒരേ ശരീരമാകുന്നു (റോമാ 12/4-5). ലോകത്തിൽ ജീവിക്കുന്ന വിശ്വാസിയെന്ന നിലയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായരെ വിശേഷിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ സഭയിലും ലോകത്തിലും പ്രേക്ഷിതരായിരിക്കുവാൻ അല്മായർക്ക് ചുമതലയുണ്ട്.



**അല്മായരും സഭയും**

സഭയുടെ ദൗത്യത്തിൽ അൽമായർക്ക് തീർത്തും ആ പരിത്യാജ്യവുമായ സ്ഥാനമുണ്ട്. അല്മായ പ്രേക്ഷിതരംഗം ഇന്ന് വളരെയേറെ വിപുലമാണ്. ചില സ്ഥലങ്ങളിൽ അല്മായരുടെ പ്രവർത്തനം കൂടാതെ സഭയ്ക്ക് നിൽക്കാനോ പ്രവർത്തിക്കാനോ സാധ്യമല്ല. അല്മായരെ കൂടാതെ ഇടയന്മാരുടെ പ്രേക്ഷിത പ്രവർത്തനം പൂർണമായും ഫലമണിയുകയില്ല. സുവിശേഷ പ്രചരണ വേളയിൽ പൗലോസിനെ പല പുരുഷന്മാരും സ്ത്രീകളും സഹായിച്ചിരുന്നു (നടപടി 18/18, റോമാ 16/3).

സംഘടിതമായ പ്രേക്ഷിത പ്രവർത്തനത്തിന് ഉത്തമോദാഹരണമാണ് ഇടവക. മതാദ്ധ്യാപനം, അൾത്താര ശുശ്രൂഷ, ഇടവക പൊതുയോഗം, ഇടവക ഭരണസമിതി, കുടുംബ കൂട്ടായ്മ, സഭാ സംഘടനകൾ തുടങ്ങിയവയിലെ പങ്കാളിത്തംമൂലം അല്മായർ ഇടവകയുടെയും തദ്വാര സഭയുടെയും കെട്ടുപണിയിൽ ഉൾച്ചേരുന്നു.

സഭാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായ പ്രേഷിതർ ആദിയായവർക്ക് പ്രോത്സാഹനവും സഹകരണവും നൽകുന്നതും അല്മായ പ്രേഷിതത്വം തന്നെയാണ്.

**അല്മായരും ലോകവും**

സഭ ലോകത്തിലായിരിക്കുന്നത് ലോകത്തിനുവേണ്ടിയാണ്. ലോകത്തിന്റെ (ഭൗതിക മേഖല) ശുദ്ധീകരണം സഭയുടെ ലക്ഷ്യം ആണ്. ലോകത്തിൽ വ്യാപരിക്കുന്ന വിശ്വാസിയെന്ന നിലയിൽ ഇത് ഏറ്റവുമധികം സാധ്യമാകുന്നത് അല്മായരിലൂടെയാണ്. 'വാക്കാലോ പ്രവർത്തിയാലോ നിങ്ങൾ ചെയ്യുന്നതെല്ലാം യേശുവിന്റെ നാമത്തിൽ അവനിലൂടെ പിതാവായ ദൈവത്തിനു കൃതജ്ഞത സമർപ്പിച്ചുകൊണ്ട് ചെയ്യുക. (കൊളോ: 3/17). ലോകത്തിന്റെ സുവിശേഷവൽക്കരണം പ്രസംഗത്തേക്കാളുപരി ജീവിതത്തിലൂടെയാണ് നിർവഹിക്കേണ്ടത്. അല്മായർ വ്യാപരിക്കുന്ന മേഖലകളായ കുടുംബം, വിദ്യാഭ്യാസം, ജോലി, കച്ചവടം, വ്യവസായം, ഉല്ലാസം, രാഷ്ട്രീയം, ഭരണം, മാധ്യമം, കലാകായികം, ക്ലബ്ബുകൾ, സാമൂഹ്യപ്രവർത്തനം, നീതിനിർവഹണം തുടങ്ങിയ എല്ലാ തലങ്ങളിലും ക്രിസ്തീയ സംസ്കാരം കാത്തു സൂക്ഷിക്കുവാനും പുലർത്തുവാനും അവർ ശ്രദ്ധാലുക്കളായിരിക്കണം. പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയും ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ വിശുദ്ധ വിൻസെന്റ് ഡി പോൾ നമുക്ക് മാതൃക ആയിരിക്കട്ടെ.

### അൽമായ പ്രേഷിതത്വവും സംഘടനകളും

പ്രേക്ഷിത പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന ധാരാളം സംഘടനകൾ കത്തോലിക്കാസഭയിൽ ഉണ്ട്. സംഘാതമായ പ്രവർത്തനങ്ങളിലൂടെ ഇത്തരം സംഘടനകൾ സഭാഗാത്രത്തെ ബലപ്പെടുത്തുന്നു. സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഇത്തരുണത്തിൽ എടുത്തു പറയത്തക്കതാണ്. വി.വിൻസന്റ് ഡി പോളിൽ നിന്നും ചൈതന്യം ഉൾക്കൊണ്ട് 1833 ഫ്രെഡറിക് ഓസാനാമിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ സംഘടന ഇന്ന് 132 രാജ്യങ്ങളിലായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. പ്രേഷിത ജോലിക്ക് പ്രാമുഖ്യം നല്കാത്ത സഭാ സംഘടനകൾ അതിനാൽതന്നെ അപ്രസക്തമാണ്. അല്മായരായ നാം ഉൾപ്പെട്ടിരിക്കുന്ന സംഘടനകളിലൂടെ എത്രമാത്രം പ്രേക്ഷിത പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് വിലയിരുത്താം.

### അല്മായരും മലങ്കര കത്തോലിക്കാസഭയും


അല്മായ ഭാഗഭാഗിത്വംകൊണ്ട് സമ്പുഷ്ഠമാണ് മലങ്കര കത്തോലിക്കാസഭ. 'മാർത്തോമ ക്രിസ്ത്യാനികൾ" എന്ന പേരിൽ അറിയപ്പെടുന്ന ശ്ലീഹന്മാരുടെ കാലത്തുതന്നെ ആരംഭിച്ച, മാതൃസഭയുടെ ജീവിതശൈലിയും വ്യക്തിത്വവും നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ഇടവക ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബതലവൻമാരും തദ്ദേശീയ വൈദികരും ഉൾപ്പെട്ട ഒരു യോഗമാണ്. ഓരോ സ്ഥലത്തെയും പള്ളി ഭരണം നടത്തിയിരുന്നത്. 1599ൽ നടന്ന ഉദയമ്പേരൂർ സുന്നഹദോസിൽ 153 വൈദികരും 660 ജന പ്രതിനിധികളും സംബന്ധിച്ചിരുന്നു. ഇവിടെ നിലനിന്നിരുന്ന അല്മായ പങ്കാളിത്തം വളരെ ശ്രേഷ്ഠമായിരുന്നു. 16-ാം നൂറ്റാണ്ടിലെ പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി ശിഥിലമായ അല്മായ പങ്കാളിത്തം ഒരു പരിധിവരെ വീണ്ടെടുക്കുവാൻ മലങ്കര കത്തോലിക്കാസഭയ്ക്ക് കഴിഞ്ഞു. മലങ്കര കത്തോലിക്കാസഭയുടെ ആദ്യകാലം മുതൽ ധാരാളം അൽമായർ സഭാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. കേരളത്തിലും, ബാഹ്യ കേരളത്തിലും വിദേശത്തുമുള്ള നമ്മുടെ പല ഇടവകകളും മിഷൻ കേന്ദ്രങ്ങളും രൂപപ്പെടുത്തുന്നതിന് പശ്ചാത്തലമൊരുക്കിയത് അല്മായരാണ്. ഈ പ്രവർത്തനങ്ങൾ ഇന്നും നടന്നു കൊണ്ടിരിക്കുന്നു. സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങളിൽ നേരിട്ടും സംഘടനകളിലൂടെയും നമ്മുടെ അല്മായർ പങ്കാളികളാകുന്നു. എന്നാൽ, സജീവമായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ വിരളമാണെന്ന വസ്തുത കൂടി പരിഗണിക്കേണ്ടതുണ്ട്. അല്മായ പരിശീലനത്തിന്റെ ആവശ്യകത ഇവിടെ സ്പഷ്ടമാണ്.

### അല്മായ പരിശീലനം

അല്മായരുടെ വിളിയെയും ദൗത്യത്തെക്കുറിച്ചും അവരെ ബോധവാന്മാരാക്കുന്നതിനും പ്രേഷിതരംഗത്ത് സജീവമാകുന്നതിനും പരിശീലനം അത്യന്താപേക്ഷിതമാണ്. അല്മായ നേതാക്കൾ ആത്മീയമായും സാങ്കേതികമായും മികവുള്ളവരായിരിക്കണം. ആദ്ധ്യാത്മിക പരിശീലനത്തിന് ഒപ്പം ദൈവശാസ്ത്രം, ധർമ്മശാസ്ത്രം, തത്വശാസ്ത്രം തുടങ്ങിയ എല്ലാ മേഖലകളും പഠന വിഷയമാക്കണം. മലങ്കര കത്തോലിക്കാസഭയിൽ ഒരു അല്മായ പരിശീലനകേന്ദ്രം രൂപീകരിക്കുന്നത് ഉചിതമായിരിക്കും. തിരുവല്ല അതിരൂപതയിൽ ഉണ്ടായിരുന്ന അല്മായ പരിശീലനകേന്ദ്രം പുനരാരംഭിക്കണം. ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, സഭാശുശ്രൂഷകൾക്കായി അല്മായരെ പരിശീലിപ്പിക്കുകയും നിയോഗിക്കുകയും ചെയ്യുമ്പോൾ അവർ കുടുംബജീവിതക്കാരാണെന്ന സത്യം മറക്കരുത്. 2017 ഏപ്രിൽ 4-ാം തീയതി ഫ്രാൻസിസ് മാർപാപ്പ നടത്തിയ പ്രസ്താവന ഇവിടെ പ്രസക്തമാണ്. "The Catholic Church needs lay people with a missionary spirit, not clericalized laity."

### ഉപസംഹാരം

അല്മായർ സഭയുടേതാണെന്നതിലുപരി അവർതന്നെയാണ് സഭ എന്ന് ഉത്തമ ബോധ്യം അവർക്ക് ഉണ്ടാകണമെന്ന് 1946 ൽ 12-ാം പീയൂസ് മാർപാപ്പ പഠിപ്പിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിലും (1962-1965) ഇക്കാര്യം എടുത്തുപറയുകയുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം 55 വർഷങ്ങൾ പിന്നിട്ടെങ്കിലും അല്മായ പങ്കാളിത്തവും അല്മായ പ്രേഷിതത്വവും ഇനിയും ക്രിയാത്മകമായിട്ടില്ല. അല്മായ ദിനം ആഘോഷിച്ച ഈ വേളയിൽ പ്രേഷിത പ്രവർത്തനങ്ങൾക്കായി നമുക്ക് സ്വയം സമർപ്പിക്കാം.



# പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത



**മോൺ. ചെറിയാൻ താഴമൺ**
മുഖ്യവികാരി ജനറാൾ, തിരുവല്ല.

മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ബഹുവിധ ശുശ്രൂഷകൾ നൽകിക്കൊണ്ട് പരിലസിക്കുന്ന തിരുവല്ലാ അതിരൂപതയുടെ ആദ്യ അധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ അടുത്തറിയാൻ ഒരു ശ്രമം. ആളും അർത്ഥവും തുലോം തുച്ഛവും എതിരാളികളുടെ എതിർപ്പുകൾ അതിശക്തവുമായിരുന്ന കാലത്ത് നവജാതയായ തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാനം ഇടുവാൻ ദൈവത്താൽ നിയുക്തനായത് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ആയിരുന്നു. പരിശുദ്ധ കത്തോലിക്കാസഭയുടെ കാനോനകളും സംവിധാനങ്ങളും അധികാരഘടനകളും പ്രവർത്തന ശൈലികളും അപരിചിതങ്ങളായിരുന്ന അദ്ദേഹത്തിന് ഈ ദൗത്യം ഏറെ ശ്രമകരമായിരുന്നു. സഭാശാസ്ത്രപരമായും വിശുദ്ധ ഗ്രന്ഥപരമായും ചരിത്രപരമായും യേശുക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ പൂർണത പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവ്വത്രികസഭയാണ് എന്ന തിരിച്ചറിവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയോടൊപ്പം പുനരൈക്യ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. താപസനും സന്യാസിയുമായിരുന്ന അദ്ദേഹത്തിന്റെ ഏക കൈമുതലായിരുന്ന, 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനമാണ്' എന്ന തന്റെ ഗുരുവിന്റെ ആത്മിക ദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് സഭയെ പണിയുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

എട്ടു പതിറ്റാണ്ടുകൾക്കുമുമ്പ് അദ്ദേഹം സ്ഥാപിച്ച ബലിഷ്ഠമായ അടിത്തറമേലാണ് തിരുവല്ലാ രൂപത വളർന്ന് അതിരൂപതയായും ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾ ഉൾക്കൊള്ളുന്ന പ്രോവിൻസായും രൂപപ്പെട്ടത്. അഞ്ചോ ആറോ വർഷം മാത്രം നേരിട്ട് നേതൃത്വം നൽകിയിട്ട് അദ്ദേഹം തിരശീലയ്ക്ക് പിന്നിലേക്ക് മാറി എങ്കിലും പ്രബലമായ പല സമുദായങ്ങളുടെയും സഭാവിഭാഗങ്ങളുടെയും ശക്തമായ സാന്നിധ്യവും ഭരണകേന്ദ്രങ്ങളും ഉള്ള തിരുവല്ലായിൽ സേവന മേഖലയിൽ മുൻനിരയിൽ സ്ഥാനം ഉറപ്പിക്കാൻ തക്ക ശക്തിയും ഊർജവും നേടാൻ തിരുവല്ലാ അതിരൂപതയ്ക്ക് സാധ്യമായതിന്റെ രഹസ്യം മാർ തെയോഫിലോസ് മെത്രാപ്പോലീത്ത പാകിയ അടിസ്ഥാനമാണെന്നതിൽ സംശയമില്ല. അദ്ദേഹം നൽകിയ അടിസ്ഥാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ ആയിരുന്നു? അന്വേഷണം ആരംഭിക്കാം.

**ഉൾക്കാഴ്ച നൽകുന്ന മൂന്ന് ഉദ്ധരണികൾ**

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷാരംഭത്തോടനുബന്ധിച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ 2015 മേയ് 20-ന് CPL3/ 2015 ആയി പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: '........മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കുവാൻ ദൈവം 'തന്റെ ഭക്തനായ' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രികസഭാ കൂട്ടായ്മയിലേക്ക് വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുന്നതിനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും ഇന്നത്തെ എം. സി. എ. യുടെ ആദ്യരൂപമായ 'വിശ്വാസ സാക്ഷ്യസംഘം' എന്ന അല്മായ സംഘടന രൂപപ്പെടുത്തുന്നതിനും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്. ദീർഘകാലം നേതൃത്വം നൽകാൻ ശാരീരിക ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ

കോളേജും അനുബന്ധസ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ലാ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിമടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ശാരീരിക അനാരോഗ്യംമൂലം ഔദ്യോഗിക ശുശ്രൂഷയിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇന്നും ആത്മീക ഊർജ്ജദായകമായിരിക്കുന്നു' (പേജ് 3- 4). മലങ്കര പുനരൈക്യ സംഭവത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന സ്മരണികയിൽ മാർ തെയോഫിലോസ് തിരുമേനിയെക്കുറിച്ച് ഫാ. ജോൺ ഒ.ഐ. സി എഴുതിയ ലേഖനത്തിൽനിന്ന് ഒരു ഭാഗം കൂടി ഉദ്ധരിച്ചുകൊണ്ട് മുമ്പോട്ടു നീങ്ങാം. 'പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് വന്ദ്യ തിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ വാചാമഗോചരമത്രെ. ബന്ധുക്കൾ ശത്രുക്കളായി. അനുഭാവികൾ അകന്നവരായി. എവിടെയും ബഥനിക്കാർക്കെതിരായി ദൂഷണങ്ങളെ കേൾപ്പാനുള്ളൂ. ഈ എതിർപ്പിന്റെയെല്ലാം കേന്ദ്രമായ തിരുവല്ലാ പട്ടണം തിരുമേനിയുടെ ആസ്ഥാനവും. ഈ സാഹചര്യത്തിലും പരമകാരുണികനായ ദൈവത്തിലുള്ള വിശ്വാസം തിരുമേനിയെ അക്ഷോഭ്യനായി നിലനിർത്തി. അവിടുത്തെ സൗമ്യതയും വിനയവും എതിർപ്പിനെ ശമിപ്പിക്കുകയും ചെയ്തു. തന്നെ സമീപിക്കുന്ന ഏവരിലും ബഹുമാനാദരങ്ങൾ ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായ വർത്തനരീതി ഈ കാലത്ത് അവിടുത്തേക്ക് എത്രമാത്രം സഹായകമായിരുന്നു എന്നു പറഞ്ഞറിയിക്കേണ്ടതില്ല. ദൈവാനുഗ്രഹത്താലും തിരുമേനിയുടെ നിസ്തന്ദ്ര പരിശ്രമത്താലും തിരുവല്ലാ രൂപത ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു. തിരുവല്ല, നിരണം, കവിയൂർ, കല്ലൂപ്പാറ വെണ്ണിക്കുളം, അയിരൂർ ആദിയായ പ്രധാന കേന്ദ്രങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കപ്പെട്ടു. ബഥനി മഠം, ബഥന്യാശ്രമം, പെറ്റി സെമിനാരി, സെന്റ് ജോസഫ് പ്രസ്, സ്കൂളുകൾ ആദിയായ പൊതുസ്ഥാപനങ്ങളും വന്ദ്യ തിരുമേനിയുടെ വിശ്രമപരിശ്രമത്തിന്റെ സാക്ഷികളായി ഉയർന്നുവന്നു' (പേജ് 26). മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണികയിൽ ബാർ ഈത്തോ കാശീറോ വി. ജോർജ് ഇരുമേട, വന്ദ്യ തിരുമേനിയെ ചികിത്സിച്ച ഡോ. ശങ്കരപ്പിള്ള അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഉദ്ധരണി: 'നിങ്ങളുടെ തിരുമേനിയെ രോഗിയായി നിങ്ങൾ കാണുകയാണ്. സാധാരണ മനുഷ്യരുടെ ദൃഷ്ടിയിൽ ഇപ്രകാരം തോന്നാമെങ്കിലും എനിക്ക് ഒരു ചികിത്സകൻ എന്ന നിലയിൽ മനസ്സിലാക്കുവാൻ സാധിച്ചു. അദ്ദേഹം ഒരു പുണ്യപുരുഷനാണെന്ന്. അദ്ദേഹം എപ്പോഴും ദൈവത്തോടു സമ്പർക്കം പുലർത്തിക്കൊണ്ട് ഒരു പ്രത്യേക ലോകത്തിൽ എന്നവണ്ണം ജീവിച്ചുകൊണ്ടിരിക്കുകയാണ്. ദൈവവുമായുള്ള ധ്യാനബന്ധത്തിനു കോട്ടം വരത്തക്കവണ്ണം നിങ്ങൾ ആരെങ്കിലും അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹം അസ്വസ്ഥനാകുന്നു എന്നേയുള്ളൂ.......... പ്രാർത്ഥനാനിരതനായി ഈശ്വരസാന്നിധ്യത്തിൽ അങ്ങേയറ്റം ആഹ്ലാദിച്ചു കഴിയുന്ന ആ വന്ദ്യ തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ കാലശേഷം ഭരണങ്ങാനത്തെ അൽഫോൻസാമ്മയെപ്പോലെ നിങ്ങൾക്കു ബോധ്യപ്പെട്ടുകൊള്ളും' (പേജ് 99). തിരുവല്ലാ അതിരൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുന്നതിന് സഹായിച്ചത് അഭിവന്ദ്യ തിരുമേനിയുടെ വ്യക്തിത്വത്തിന്റെയും ജീവിതത്തിന്റെയും പ്രത്യേകതകളായിരുന്നു എന്നു മുകളിൽ കണ്ട ഉദ്ധരണികൾ വ്യക്തമാക്കുന്നു.

**വൈദികപരിശീലനം പ്രധാനം**

ഹയരാർക്കിയും രൂപതയും നിലവിൽ വരുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ ഭാവി വൈദികരുടെ പരിശീലനകാര്യത്തിലായിരുന്നു എന്നത് ആകസ്മികമല്ല. പരിശുദ്ധ കത്തോലിക്കാസഭയുടെ ചിട്ടയായ വൈദിക പരിശീലനം നേടി ആധ്യാത്മിക ജീവിതത്തിലും ബൗദ്ധികതലത്തിലും ഔന്നത്യം പുലർത്തുന്നവരും തീക്ഷ്ണരുമായ യുവവൈദികർ പുനരൈക്യപ്രേഷിത ശുശ്രൂഷയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. പുനരൈക്യസംഭവത്തിനുശേഷം ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ, 1931 സെപ്റ്റംബർ എട്ടാം തീയതി, തിരുവല്ലാ മൈനർ സെമിനാരി ആരംഭിച്ചു. അതായിരുന്നു മലങ്കരസഭയിലെ ആദ്യത്തെമൈനർ സെമിനാരി. സെന്റ് ജോൺസ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 1931 സെപ്റ്റംബർ 8 ന് ആരംഭിച്ച മൈനർ സെമിനാരിയാണ് പിന്നീട് ചെറുപുഷ്പഗിരി അരമനയ്ക്ക് സമീപത്തേക്കും കാലാന്തരത്തിൽ മേരിഗിരിയിലേക്കും മാറ്റി സ്ഥാപിച്ചത്. മൈനർ സെമിനാരിയുടെ തുടക്കത്തിനും നടത്തിപ്പിനും സീറോ മലബാർസഭയിൽ നിന്നും പ്രത്യേകിച്ച് കർമ്മലീത്താ സന്യാസസഭയിൽനിന്നും (CMI)-പ്രഗത്ഭരും പണ്ഡിതരും പരി

ശുദ്ധരുമായ വൈദികരുടെ സേവനം ലഭ്യമാക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ബഹു. ജേക്കബ് വെള്ളരിങ്ങാട്ട്, ബഹു. ദൊമിയാനോസ് (ഡാമിയൻ TOCD), ബഹു. നോർബർട്ട് (TOCD) എന്നിവരുടെ സേവനങ്ങൾ സ്മർത്തവ്യമാണ്. ബഹു. ഡാമിയൻ അച്ചന്റെയും ബഹു. നോർബർട്ട് അച്ചന്റെയും സേവനങ്ങൾ ലഭ്യമാക്കുവാൻ കർമ്മലീത്താ സന്യാസസഭയുടെ പ്രിയോർ ജനറാളിന് മാർ തെയോഫിലോസ് തിരുമേനിയും വികാരി ജനറാൾ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും എഴുതിയിട്ടുള്ള കത്തുകൾ സെമിനാരി സ്ഥാപനത്തിന് അഭിവന്ദ്യ തിരുമേനി എത്രമാത്രം പ്രാധാന്യം നൽകിയിരുന്നു എന്നതിന്റെ തെളിവാണ്. ചെറുപുഷ്പഗിരിയിലെ സെമിനാരിയുടെ കെട്ടിടം പണികൾക്ക് മേൽനോട്ടം വഹിച്ചതും ബഹു. ഡാമിയനച്ചനായിരുന്നു(cf. 13. 12. 1933, 25. 02. 1934, 07. 06. 1934, 21. 07. 1936, 28. 05. 1937, 08. 09. 1938 തീയതികളിൽ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും 04. 07. 1934 അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയും കർമ്മലീത്താ സന്യാസസഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ). തിരുവല്ലാ മൈനർ സെമിനാരിയിൽ പരിശീലനവും പഠനവും നടത്തിയ നൂറുകണക്കിന് ബഹു. വൈദികരാണ് തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ശുശ്രൂഷകളുടെയും ശക്തി എന്നറിയുമ്പോഴാണ് സെമിനാരി തുടങ്ങുന്നതിന് അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ മുൻഗണനയുടെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. ക്രാന്തദർശിയായ മാർ ഈവാനിയോസ് തിരുമേനിപോലും തിരുവനന്തപുരം അതിരൂപതയിൽ മൈനർ സെമിനാരി ആരംഭിക്കുന്നതിന് മുമ്പ്, അതും ഹയരാർക്കിയും രൂപതാക്രമീകരണവും ഉണ്ടാകുന്നതിന് മുമ്പ്, തിരുവല്ലായിൽ മൈനർ സെമിനാരി ആരംഭിച്ച മാർ തെയോഫിലോസ് പിതാവിന്റെ വീക്ഷണം എത്രയോ മഹത്തരം.

**വൈദികർക്ക് തുടർപരിശീലനം**

ഭാവിവൈദികരുടെ രൂപീകരണത്തിൽ മാത്രമല്ല, യാക്കോബായ സഭയിൽനിന്നും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാസഭയിലേക്കുവന്ന ബഹു. വൈദികരുടെ ആത്മീകവും അജപാലനപരവും ദൈവശാസ്ത്രപരവുമായ രൂപീകരണത്തിലും അഭിവന്ദ്യ പിതാവ് അതീവ ശ്രദ്ധ പുലർത്തിയിരുന്നു. പുനരൈക്യപ്പെടുന്ന വൈദികർക്ക് ചെത്തിപ്പുഴ കർമ്മലീത്താ കൊവേന്തയിൽ താമസിച്ച് പരിശീലനം നേടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നതിനു പുറമേ ബഹു. വൈദികർക്ക് തുടർപരിശീലനമായി ക്ലാസുകളും ധ്യാനങ്ങളും നൽകുന്നതിനായി പണ്ഡിതരായ കർമ്മലീത്താ വൈദികരുടെ സേവനവും അദ്ദേഹം തേടിയിരുന്നതായി രേഖകളും കത്തിടപാടുകളും വെളിവാക്കുന്നുണ്ട്. കത്തോലിക്കാസഭയുടെ പ്രവർത്തനരീതികൾ പരിചയമില്ലാതിരുന്ന പുനരൈക്യപ്പെട്ട ബഹു. വൈദികർക്ക് ലഭ്യമാക്കിയ ഈദൃശ്യ പരിശീലനങ്ങളാണ് തിരുവല്ലാ രൂപതയുടെ അടിത്തറ ബലിഷ്ഠമാക്കുവാൻ അഭിവന്ദ്യ തിരുമേനിയെ സഹായിച്ചത്. (cf മാർ തെയോഫിലോസ് തിരുമേനി 28. 02. 1931 നും, 23. 05. 1931– നും കർമ്മലീത്താ സന്യാസസഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ.)

1931 സെപ്റ്റംബർ 21 ന് ബഹു. വൈദികർക്കുവേണ്ടി അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനം വിശുദ്ധ ജീവിതത്തെപ്പറ്റിയും ആരാധനാജീവിതത്തെക്കുറിച്ചും ഉത്ബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക : വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും അവിടുത്തേക്ക് വേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമതായി നിങ്ങളിൽതന്നെ ജീവിതവിശുദ്ധി വരുത്തുവാൻ പ്രത്യേകം ശ്രദ്ധ പതിക്കുവിൻ, അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പുണ്യപൂർണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്നപക്ഷം നിങ്ങളുടെ പ്രവൃത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യർത്ഥവും നാശകരവും ആയിത്തീരുമല്ലോ'. ലൗകികകാര്യങ്ങളിൽ വച്ചുപുലർത്തേണ്ട ചിട്ടകളെക്കുറിച്ചും പ്രതിവാര കുമ്പസാരത്തെക്കുറിച്ചും കൂദാശകളുടെ അനുഷ്ഠാനങ്ങളെക്കുറിച്ചും യാമനമസ്കാരങ്ങളെക്കുറിച്ചും പള്ളിഭരണം, പ്രസംഗം, കുട്ടികളുടെ മതബോധനം, കുമ്പസാരം, നോമ്പ്, പ്രേഷിതവൃത്തി എന്നീ കാര്യങ്ങളെക്കുറിച്ചുമെല്ലാം വ്യക്തമായി അദ്ദേഹം പ്രബോധിപ്പിക്കുന്നു. പുനരൈക്യത്തിന്റെ ആരംഭനാൾ മുതൽ ബഹു. വൈദികർ പുലർത്തിയ ജീവിതചിട്ടയും നിഷ്ഠയും പ്രേഷിത തീക്ഷ്ണതയും രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിന് ഉതകി എന്നതിൽ സംശയമില്ല.

**സന്യാസത്തിന്റെ ശക്തി രൂപതയ്ക്ക് ഊർജമായി**

ബഥനി സന്യാസസമൂഹത്തിലെ അംഗവും പ്രഥമ ഗുരുവുമായിരുന്ന അദ്ദേഹത്തിന് സന്യാസത്തിന്റെ ശക്തിയും അതുവഴി സഭയ്ക്കും സമൂഹത്തിനും ലഭിക്കുന്ന നന്മകളും സുവ്യക്തമായിരുന്നു. പുനരൈക്യപ്പെട്ട ബഥാന്യരുടെ സാന്നിധ്യവും സേവനവും തിരുവനന്തപുരം അതിരൂപതയിൽ മാത്രമായി പരിമിതപ്പെട്ട സാഹചര്യത്തിൽ തിരുവല്ലായിലും ഒരു ആശ്രമം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിൻപ്രകാരം കർമ്മലീത്താ സന്യാസസഭയുടെ മലങ്കര

സുറിയാനി പതിപ്പായ ഒരു ആശ്രമം തിരുവല്ലായിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് 1933 ജൂൺ 22 -ാം തീയതി പ്രിയോർ ജനറാൾ ഫാ. ജോൺ TOCDയ്ക്ക് അദ്ദേഹം എഴുതുകയുണ്ടായി. പിന്നീട് ബഥനിയുടെതന്നെ ഒരു ഭവനം തിരുവല്ലായിൽ സ്ഥാപിക്കുന്നതിനും അവിടെ പരിശീലകനായി ഒരു കർമ്മലീത്ത വൈദികനെ ലഭ്യമാക്കണമെന്നും 1934 ജൂലൈ 9- ന് അന്നത്തെ പ്രിയോർ ജനറാൾ ഫാ. സിൽവസ്റ്റർ TOCD യ്ക്ക് എഴുതുകയുണ്ടായി. 1934 ഓഗസ്റ്റ് എട്ടാം തീയതി കൂടിയ കർമ്മലീത്താ സന്യാസ ആശ്രമ കൗൺസിലിൽ തിരുവല്ലായിൽ ആരംഭിക്കുന്ന ബഥനി ആശ്രമത്തിലേക്ക് ആശ്രമഭരണത്തിനും നവസന്യാസികളുടെ പരിശീലനത്തിനുമായി രണ്ട് ബഹു. വൈദികരുടെ സേവനം ലഭ്യമാക്കുവാൻ തീരുമാനിച്ചതായി രേഖകൾ വ്യക്തമാക്കുന്നുണ്ട്. സെന്റ് ജോൺസ് കത്തീഡ്രലിന്റെ മുറ്റത്തുണ്ടായിരുന്ന കെട്ടിടത്തിൽ 1934 ഡിസംബർ 11 -ന് അന്നത്തെ ഡെലഗേറ്റ് അപ്പസ്തോലിക്ക് മോസ്റ്റ് റവ. ഡോ. ലിയോ പി. കിയർക്കിൾസ് 'ദിവ്യരക്ഷകാശ്രമം' എന്ന പേരിൽ ആശ്രമം ആരംഭിച്ചു. കാലാന്തരത്തിൽ പ്രസ്തുത ആശ്രമം തുകലശേരിയിലേക്ക് മാറ്റി സ്ഥാപിച്ചു. അതാണ് ഇന്നത്തെ തിരുവല്ല ബഥനി ആശ്രമമായി വളർന്നത്. അങ്ങനെ സന്യാസികളുടെ തപസും പ്രാർത്ഥനയും സേവനവും തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാന ഊർജമായി.

### സന്യാസിനികളുടെ സാന്നിധ്യത്തിന്റെ ശക്തി

പുനരൈക്യാനന്തരം ബഥനി വൈദികരുടെ സാന്നിധ്യവും ശുശ്രൂഷകളും തിരുവനന്തപുരത്തേക്കു മാത്രമായി പരിമിതപ്പെട്ടതുപോലെ ബഥനി സന്യാസിനികളുടെയും സാന്നിധ്യവും സേവനവും തിരുവല്ലായിൽ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അതുവരെ സിസ്റ്റേഴ്സ് നടത്തിയിരുന്ന സഭാപ്രവർത്തനങ്ങൾ ബലഹീനമാകാൻ തുടങ്ങി. ബഹു. സിസ്റ്റേഴ്സിന്റെ സേവനം തിരുവല്ലായിൽകൂടി ലഭ്യമാക്കണമെന്ന് മാർ തെയോഫിലോസ് പിതാവ് മാർ ഈവാനിയോസ് പിതാവിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നെങ്കിലും അസന്നിഗ്ധമായ മറുപടി ലഭിക്കുകയുണ്ടായില്ല. കാരണം, തിരുവല്ലായിൽനിന്ന് ഒരിക്കൽ തിരുവനന്തപുരത്തേക്ക് പോയ സിസ്റ്റേഴ്സിന് തിരുവല്ലായിലേക്കു മടങ്ങുവാൻ വൈമനസ്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ രൂപതയുടേതായി ഒരു മഠം തുടങ്ങുവാൻ മാർ തെയോഫിലോസ് പിതാവ് ആഗ്രഹിക്കുകയും അതിൻപ്രകാരം 1934 ഓഗസ്റ്റ് 25 – ന് ചേർന്ന രൂപതാ കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം അറിഞ്ഞ മാർ ഈവാനിയോസ് പിതാവ് തിരുവല്ലായിൽ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യം സിസ്റ്റേഴ്സിനെ അറിയിച്ചതിന്റെ ഫലമായി സിസ്റ്റർ ഹൂബാ തിരുവല്ലയിലേക്ക് വരുവാൻ തയാറായി. സിസ്റ്റർ ബ്രൂക്സായും ഒപ്പം പോരുവാൻ തയാറായി. 1936 ജൂൺ 16 – ന് അവർ തിരുമൂലപുരത്ത് പഴയ ഭവനത്തിലെത്തി പ്രവർത്തനം ആരംഭിച്ചു. അന്നു മുതലുള്ള ബഥനി സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ തിരുവല്ലാ രൂപതയ്ക്ക് ശക്തമായ അടിത്തറ ഉറപ്പിക്കുന്നതിനും ബത്തേരി, മൂവാറ്റുപുഴ പ്രോവിൻസുകൾക്കുകൂടി ജന്മമേകി ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾക്കുകൂടി ആത്മീക അടിത്തറ നൽകത്തക്ക വിധത്തിൽ വളർന്നു വികസിക്കുന്നതിനും ഇടയായി. മാർ തെയോഫിലോസ് പിതാവിന്റെ ആത്മിക ദർശനസുകൃതംകൊണ്ട് തിരുവല്ലാ അതിരൂപതയ്ക്ക് ലഭിച്ച മറ്റൊരു സുകൃതം.

### അല്മായരുടെ പ്രേഷിത ശുശ്രൂഷയുടെ പത്തരമാറ്റ്

വൈദികരും സന്യസ്തരും മാത്രമല്ല, അല്മായരും സഭയിൽ ഒരുപോലെ പ്രധാനപ്പെട്ടവരാണെന്നും അവർക്കും നല്ല രൂപീകരണം ലഭ്യമാക്കുകയും അവരെയും പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ പങ്കു ചേർക്കുകയും അവശ്യം ആവശ്യവുമാണെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് അല്മായരുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ദശകങ്ങൾക്കുമുമ്പ് അതേക്കുറിച്ച് വ്യക്തമായി ചിന്തിച്ചവനായിരുന്നു മാർ തെയോഫിലോസ് തിരുമേനി. അല്മായരുടെ രൂപീകരണത്തിനും പ്രേഷിത ശുശ്രൂഷകളുടെ ക്രോഡീകരണത്തിനുമായി ഉചിതമായ ഒരു സംവിധാനം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിന്റെ ഫലമാണ് 'കത്തോലിക്കാ സാക്ഷ്യസംഘം' (The Catholic Evidence Guild). 1934 ഡിസംബർ 3 ന് ഔദ്യോഗികമായി ആരംഭിച്ച 'കത്തോലിക്കാ സാക്ഷ്യസംഘം' ഇന്നത്തെ നമ്മുടെ 'സുവിശേഷ സംഘ'ത്തിന്റെ മുന്നോടിയായിരുന്നു എന്ന് അവയുടെ നിയമാവലികൾ നോക്കിയാൽ വ്യക്തമാകും. 'കത്തോലിക്കാ സാക്ഷ്യസംഘം' ഒരു അല്മായ സംഘടന എന്നതിൽ ഉപരിയായി ഒരു 'സംഘമായിരുന്നു'. കൃത്യമായ ജീവിത ചിട്ടകളും പ്രാർത്ഥനാശൈലിയും ആത്മീയ ക്രമങ്ങളും പ്രവർത്തനപദ്ധതികളും ഉള്ള സംഘമായിരുന്നു. സാക്ഷ്യസംഘാംഗങ്ങൾ പ്രേഷിത ശുശ്രൂഷയിൽ വ്യാപൃതരുമായിരുന്നു. സംഘത്തിന്റെ ദശവത്സര റിപ്പോർട്ട് അനുസരിച്ച് അവർ 230 സ്ഥലങ്ങളിൽ 921 പ്രസംഗയോഗങ്ങൾ നടത്തിയതായും 43608 പേർ അതിൽ സംബന്ധിച്ചിരുന്നതായും ശ്രോതാക്കളുടെ 466 സംശയങ്ങൾക്ക് രേഖാമൂലം മറുപടി നൽകിയതായും 30000 ഗ്രന്ഥങ്ങളും ലഘുലേഖനങ്ങളും അച്ചടിച്ച് വിതരണം ചെയ്തതായും മനസിലാക്കാം. സംഘാംഗങ്ങൾ ഒരു വർഷം നീണ്ടു

നിൽക്കുന്ന പഠനപരിശീലന പദ്ധതിയിൽ പങ്കെടുക്കണമായിരുന്നു. നോമ്പനുഷ്ഠിച്ചും പ്രാർത്ഥിച്ച് ഒരുങ്ങിയും ആധ്യാത്മിക ഉപദേഷ്ടാവിന്റെ മുമ്പിൽ പ്രസംഗം അവതരിപ്പിച്ച് അനുവാദം വാങ്ങിയുമാണ് അംഗങ്ങൾ പ്രസംഗങ്ങൾ നടത്തിയിരുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരെ മാത്രമാണ് രൂപതാദ്ധ്യക്ഷൻ കൈവയ്പു നൽകി സാക്ഷ്യസംഘത്തിൽ അംഗങ്ങളായി ചേർത്തിരുന്നത്. സാക്ഷ്യാംഗങ്ങൾ യോഗസ്ഥലത്തേക്ക് കുരിശിന്റെ പിന്നിൽ അണിനിരന്ന് പ്രാർത്ഥനയോടെ പ്രദക്ഷിണമായിട്ടാണ് പോയിരുന്നത്. പ്രസംഗയോഗം നടക്കുമ്പോൾ ഏതാനും അംഗങ്ങൾ പ്രസംഗകനുവേണ്ടി വിശുദ്ധ കുർബാനയുടെ മുമ്പാകെ പ്രാർത്ഥനയിലായിരിക്കും. സംഘത്തിന്റെ നേതൃത്വം അല്മായർക്കുതന്നെയായിരുന്നു. സംഘത്തിന്റെ ഡയറക്ടർ പോലും അല്മായനായിരുന്നു. പ്രഥമ ഡയറക്ടർ മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയായിരുന്നു. പ്രവർത്തനത്തിന് ആവശ്യമായ പണം അവർതന്നെ കണ്ടെത്തുകയും കൃത്യമായ വരവ്-ചെലവ് കണക്ക് സൂക്ഷിക്കുകയും പ്രവർത്തന റിപ്പോർട്ടും കണക്കും എല്ലാ വർഷവും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ചങ്ങനാശേരി, കോട്ടയം, തിരുവനന്തപുരം അതിരൂപതകളിലും പ്രസംഗയോഗങ്ങൾ നടത്തുവാൻ സാക്ഷ്യസംഘാംഗങ്ങൾ ക്ഷണിക്കപ്പെട്ടിരുന്നു. 'കത്തോലിക്കാ സാക്ഷ്യസംഘം' തിരുവല്ലാ രൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുവാൻ ഗൗരവമായ പങ്കുവഹിച്ചു. എന്നതിൽ സംശയമില്ല (cf .1. കത്തോലിക്കാ സാക്ഷ്യസംഘാംഗങ്ങൾക്കു ചില പ്രായോഗിക നിർദ്ദേശങ്ങൾ. ഒന്നാം ഭാഗം ഒന്നാം പതിപ്പ്, കൊല്ലവർഷം 1110 AD 1934).

2). A. Philipose M. A, B. L (Director) The Catholic Evidence Guild in the Diocese of Tiruvalla, History of its origin and it's first year's work, Tiruvalla, 1936.

3). വി. എ. വർഗീസ് B. A, L. T, തിരുവല്ലാ കാത്തലിക് സാക്ഷ്യസംഘം പത്താമത്തെ വാർഷിക റിപ്പോർട്ട്, തിരുവല്ല 1945.

4). ഫാ. ജോർജ് വി. പാലത്തിങ്കൽ, നല്ല ഇടയൻ മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക, തിരുവല്ല 1991, (പേജ് 84).

അല്മായർക്ക് ആഴത്തിലുള്ള പരിശീലനം ലഭ്യമാക്കി പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ ഉൾചേർക്കുക മാത്രമല്ല, സഭയുടെ ഉത്തരവാദിത്വപൂർണമായ പല സ്ഥാനങ്ങളിലും അവരെ നിയമിക്കുകയും ചെയ്തിരുന്നു. കത്തോലിക്കാ സാക്ഷ്യസംഘത്തിന്റെ ഡയറക്ടർ മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയായിരുന്നു. 1932 ഒക്ടോബർ 13-ാം തീയതിയിലെ 8-ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി. ഐ. ഫിലിപ്പോസിനെ അരമന കച്ചേരിയുടെ ക്ലർക്കായി നിയമിച്ചിരുന്നു. ആധ്യാത്മികവും സഭാത്മകവുമായ പരിശീലനം ലഭിച്ചിരുന്ന തീക്ഷണമതികളായ അല്മായരുടെ ഒരു നീണ്ടനിരതന്നെ അന്ന് പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് മുന്നണി പോരാളികളായി തിരുവല്ലായിൽ ഉണ്ടായിരുന്നു. തിരുവല്ലാ അതിരൂപതയുടെ ബലവത്തായ അടിത്തറ ഉറപ്പിക്കപ്പെട്ടതിന്റെ മറ്റൊരു കാരണം.

**നിയതമായ നിയമാവലി നൽകിയ അടിത്തറ**

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയും തിരുവല്ലാ രൂപതയും സ്ഥാപിച്ചുകൊണ്ടുള്ള കല്പന റോമിൽനിന്നും ലഭിച്ചു കഴിഞ്ഞപ്പോൾ (11-06-1932) രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനത്തിനും പ്രഥമ അധ്യക്ഷനായുള്ള തന്റെ സ്ഥാനാരോഹണത്തിനും (06.11.1933) മുമ്പുതന്നെ ഇടവകഭരണവും വരുമാനക്രമവും സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുവാൻ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ താല്പര്യം ശ്രദ്ധേയമാണ്. പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ തിരക്കുകളോ ഭാരങ്ങളോ എതിരാളികളുടെ എതിർപ്പുകളോ പ്രകോപനങ്ങളോ ഒന്നും ഈ കാര്യത്തിൽ അദ്ദേഹത്തിന് പ്രതിബന്ധങ്ങളായിരുന്നില്ല. കത്തോലിക്കാസഭയുടെ കാനോനകൾ സംബന്ധിച്ച് വലിയ പരിജ്ഞാനമില്ലാതിരുന്നതിനാൽ സീറോ മലബാർസഭയിൽ നിന്ന് ബഹു. സക്കറിയാസ് വാച്ചാപ്പറമ്പിൽ, ബഹു. ജേക്കബ് വെള്ളരിങ്ങാട്ട് തുടങ്ങിയ പണ്ഡിതരായ വൈദികരുടെ സഹായം അദ്ദേഹം തേടുകയുണ്ടായി. 1932 ഒക്ടോബർ 13-ാം തീയതി നിലവിൽ വന്ന രൂപതയുടെ പ്രഥമ കൗൺസിലിൽ അവരെ രണ്ടുപേരെയും ആലോചനാ സംഘാംഗങ്ങളായി ഉൾപ്പടുത്തുകയും ചെയ്തു. കത്തോലിക്കാസഭയുടെ കാനോനകളും പൗരസ്ത്യ സഭാപാരമ്പര്യങ്ങളും മലങ്കരയുടെ പൈതൃകങ്ങളും സാമൂഹിക ചരിത്രപശ്ചാത്തലങ്ങളും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമാവലിയാണദ്ദേഹം ക്രോഡീകരിച്ചത്. ആരംഭം മുതൽ രൂപതയും ഇടവകകളും നിയമവിധേയമായും ചിട്ടയായും പ്രവർത്തിക്കണമെന്നും ഇടവക സംവിധാനങ്ങൾ നിയമാനുസരണമായി രൂപപ്പെടണമെന്നും അദ്ദേഹം ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിരുന്നു. രൂപതാ കൗൺസിലിന്റെ 1933 മാർച്ച് 14 ന് കൂടിയ രണ്ടാമത്തെ സമ്മേളനത്തിൽ 'പള്ളിഭരണം', 'വരുമാനക്രമം' എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും 1933 ഏപ്രിൽ 16-ാം തീയതി മുതൽ നടപ്പിലാക്കുകയും ചെയ്തു. വിവാഹം സംബന്ധിച്ച് ക്രോഡീകരിച്ച നിയമാവലി 1933 മേയ് 12 - ന് നടപ്പിൽ വരുത്തി.(cf. തിരുവല്ല ഭദ്രാസന ഇടവക - സഭാനിബ

സ്ഥനകൾ. 1. പള്ളിഭരണം, 2. വരുമാനക്രമം, 3. വിവാഹം. ബഥനി പ്രസ്, തിരുവല്ലാ 1933). മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നടപ്പിൽ വരുത്തിയ നിയമാവലിയാണ് രൂപതയുടെ ശക്തമായ നൈയാമിക അടിത്തറ ഉറപ്പിക്കുവാൻ സഹായിച്ചത്. മാർ സേവേറിയോസ്, മാർ അത്തനാസിയോസ്, മാർ യൂഹാനോൻ, മാർ തിമോത്തിയോസ്, മാർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്താമാർ അവരുടെ നേതൃത്വകാലത്ത് നിയമാവലിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനും (10-02-2005) സഭയുടേതായ പ്രത്യേക കാനോൻ നിയമം ക്രോഡീകരിക്കപ്പെട്ട് നിലവിൽ വന്നതിനും (10-03-2012) ശേഷം തിരുവല്ലാ അതിരൂപതയുടെ നിയമാവലിയും വരുമാനക്രമവും നവീകരിച്ച് മാർ കൂറിലോസ് മെത്രാപ്പോലീത്ത നടപ്പിലാക്കുകയുണ്ടായി(2013 മാർച്ച് 25). പുതിയ നിയമാവലിയുടെ അടിസ്ഥാനങ്ങൾ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നിലവിൽ വരുത്തിയ നിയമാവലി ആണെന്ന് അറിയുമ്പോഴാണ് അദ്ദേഹം നിലവിൽ വരുത്തിയ രൂപതാ നിയമാവലി രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിൽ എത്രമാത്രം സഹായകരമായിരുന്നു എന്ന് തിരിച്ചറിയുന്നത്.

**പൗരസ്ത്യ പാരമ്പര്യങ്ങൾക്ക് പ്രാമുഖ്യം**

റോമിലേക്കും യൂറോപ്പിലെ പുണ്യസ്ഥലങ്ങളിലേക്കും മാർ തെയോഫിലോസ് തിരുമേനി നടത്തിയ യാത്രയും തീർത്ഥാടനവും പരിശുദ്ധ കത്തോലിക്കാസഭയിലെ വിവിധ സന്യാസ സമൂഹങ്ങളെയും ഭക്താഭ്യാസങ്ങളെയും പ്രേഷിത സംഘടനകളെയും പാശ്ചാത്യസഭയെതന്നെയും കൂടുതൽ അടുത്തും ആഴത്തിലും അറിയുവാൻ സഹായിച്ചു. കത്തോലിക്കാസഭയുടെ ആത്മീകവും ശുശ്രൂഷാപരവുമായ ഊർജ്ജത്തിന്റെ രഹസ്യങ്ങൾ അദ്ദേഹത്തിന് അടുത്ത് മനസിലാക്കുവാൻ സാധിച്ചു. പാശ്ചാത്യസഭയിൽ കണ്ട പല നല്ല കാര്യങ്ങളും ഭക്താഭ്യാസങ്ങളും പ്രവർത്തനങ്ങളും പ്രാർത്ഥനകളും തിരുവല്ലാ രൂപതയിൽ സ്വാംശീകരിക്കുവാൻ അദ്ദേഹം താല്പര്യപ്പെട്ടു. എന്നാൽ, അവയൊക്കെ പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങൾക്കും ശൈലികൾക്കും ചേർന്ന വിധത്തിലായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പാശ്ചാത്യ സഭാപശ്ചാത്തലത്തിൽ രൂപപ്പെട്ട സ്ലീബാപാത ഭക്തജീവിതത്തിന് ഉപകാരപ്രദമായി അദ്ദേഹം കണ്ടിരുന്നു, എന്നാൽ അത് അന്ത്യോക്യൻ ആരാധനയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയാണ് അദ്ദേഹം നടപ്പിൽ വരിത്തിയത് (സ്ലീബാനുഗമനം, അഥവാ സ്ലീബാപാത) എം. എസ്. പ്രസ് തിരുവല്ല 1933, 2. ഫാ. മത്തായി കടവിൽ ഒ. ഐ. സി. മാർ തെയോഫിലോസ് തിരുമേനിയും ആരാധനാ ജീവിതവും മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക. തിരുവല്ലാ 1991. പേജ് 43, 44).

**അടിസ്ഥാന സൗകര്യ ക്രമീകരണങ്ങൾ**

ആത്മീകവും ആരാധനാപരവും അജപാലനപരവുമായ അടിത്തറ പാകിയതിനുശേഷമാണ് സംവിധാനാത്മകവും സംഘടനാപരവും ഭൗതികവുമായ അടിസ്ഥാന ക്രമീകരണങ്ങളിലേക്ക് അദ്ദേഹം ശ്രദ്ധ തിരിച്ചത്. അവിടെയും അദ്ദേഹം ഉറപ്പായ അടിത്തറയാണിട്ടത്. രൂപതാ ആസ്ഥാനം സ്ഥാപിക്കാനായി ചെറുപുഷ്പഗിരിക്കുന്നും അവിടെ ഉറപ്പുള്ള അരമനയും ആശ്രമം സ്ഥാപിക്കാനായി തുകലശേരിയിലെ ഭൂമിയും അവിടെ ആശ്രമവും, പ്രധാന പുത്തൻകൂർ കേന്ദ്രങ്ങളിൽ പള്ളികൾ പണിയാൻ സ്ഥലവും; കവിയൂർ, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ സ്ഥലങ്ങളിൽ ബലവത്തായ പള്ളികളും മുദ്രാലയ പ്രേഷിത മേഖലയിൽ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം തുടക്കമിട്ടത് ശക്തമായ പുനരൈക്യമുന്നേറ്റങ്ങൾക്കാണ്. തിരുവല്ലാ അതിരൂപതയുടെ അടിത്തറ ശക്തമാക്കുന്നതിൽ ഇവയൊക്കെ വഹിച്ച പങ്ക് പകൽപോലെ വ്യക്തം.

**ഉപസംഹാരം**

ജീവിതകാലത്തുതന്നെ 'വിശുദ്ധൻ' എന്ന് അനേകർ വിളിച്ചിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഇടയനേതൃത്വം അതിരൂപതയായി വളർന്ന തിരുവല്ലാ രൂപതയ്ക്ക് ബലവത്തായ അടിസ്ഥാനം ഉറപ്പിക്കുവാൻ എപ്രകാരം ഇടയാക്കി എന്നും അതിനായി അദ്ദേഹം എന്തൊക്കെയാണ് ചെയ്തതെന്നുമാണ് നാം കണ്ടത്. പുതിയ രൂപതകൾ നിലവിൽ വരുമ്പോൾ ബ്രഹ്മാണ്ഡങ്ങളായ ഭദ്രാസനകേന്ദ്രങ്ങളും ഭദ്രാസനദൈവാലയങ്ങളും സ്ഥാപനങ്ങളും പണിയുവാൻ വെമ്പൽക്കൊള്ളുന്ന ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. വൈദികരും വൈദികാർത്ഥികളും സന്യസ്തരും അല്മായരുമൊത്തുള്ള സഭയെ പണിയുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം, സ്ഥാപനങ്ങളായിരുന്നില്ല. തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ബഹുമുഖ ശുശ്രൂഷകളുടെ ശാക്തീകരണത്തിന്റെയും അടിസ്ഥാനം ആരംഭത്തിൽ അഭിവന്ദ്യ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത ഉറപ്പിച്ച ബലവത്തായ അടിത്തറയാണെന്നതിൽ സംശയമില്ല. കാലം അത് നമ്മെ കൂടുതൽ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.



# വിദ്യാഭ്യാസ മേഖലയിലെ നൂതന സമീപനങ്ങൾ



ഡോ. തോമസ്കുട്ടി കൈമലയിൽ

പ്ളേഗ്, കോളറ, ഫ്ളൂ എന്നിങ്ങനെ വിനാശകരമായ പകർച്ചവ്യാധികൾ 18-21 നൂറ്റാണ്ടുകളിൽ ഏകദേശം നൂറു വർഷങ്ങളുടെ ഇടവേളകളിൽ മാനവരാശിയെ കൊന്നൊടുക്കിയിട്ടുണ്ട്. 2020 -ൽ കൊറോണ ലോകമാസകലം ഭീതി വിതച്ചുകൊണ്ടിരിക്കുകയാണ്. വലിയ നഷ്ടങ്ങൾ ഉണ്ടാകും, ദുരന്തങ്ങളുടെ ഈ പെരുമഴയിൽനിന്നും കരകയറാൻ സമയം എടുത്തേക്കാം, എങ്കിലും ഈ വിപത്തിനെയും ശക്തമായ ദൈവാശ്രയത്തിലും കൂട്ടായ പരിശ്രമത്തിലും മനുഷ്യൻ കീഴടക്കും. വലിയ ഒരു വിപത്തിന്റെ നടുവിൽ നിൽക്കുമ്പോൾ വിദ്യാഭ്യാസം സംബന്ധിച്ച ചിന്തകൾ പ്രത്യക്ഷത്തിൽ അപ്രധാനമായി തോന്നാം എങ്കിലും അതിനു വലിയ പ്രാധാന്യം ഉണ്ട്. കാരണം സ്കൂൾ അടച്ചു നമ്മുടെ കുട്ടികൾ എല്ലാംമറന്നു വീടുകളിൽ തിമിർക്കുമ്പോൾ, ക്ലാസ്സ്മുറിയിലെന്നപോലെ അവരവരുടെ ഭവനങ്ങളിൽ മുടക്കമില്ലാതെ പഠനം തുടരുന്ന ധാരാളം സ്ഥാപനങ്ങളുടെയും കുട്ടികളുടെയും ഉദാഹരണങ്ങൾ ഉണ്ട്. അണുബാധയുടെ തീവ്ര ദിനങ്ങളിൽപോലും തടസമില്ലാതെ അറിവിന്റെ വാതിലുകൾ തുറന്നു വയ്ക്കാൻ നമ്മുടെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു കഴിഞ്ഞെങ്കിൽ അത് ആധുനിക വിദ്യാഭാസത്തിന്റെ നൂതന സാധ്യതകൾ കൈമുതലാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്ന സമയത്തും സാങ്കേതിക മികവിന്റെ പിൻബലത്തിൽ പഠന പ്രക്രിയ തടസ്സമില്ലാതെ കൊണ്ടുപോയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വളരെയാണ്. ഈ നൂറ്റാണ്ടിന്റെ പ്രശ്നങ്ങൾ അതിജീവിക്കുന്നതിനും, വ്യക്തി വികാസത്തിനും മാനവ നന്മക്കുമായി വിദ്യാഭ്യാസത്തിന്റെ നവീന സാധ്യതകൾ നാം പ്രയോജനപ്പെടുത്തുകതന്നെ വേണം.

**ഭീതിയുടെ അധ്യയന വർഷാവസാനം**

ഇക്കഴിഞ്ഞ അധ്യയന വർഷം അവസാനിച്ചത് അപ്രതീക്ഷിതമായ വിധമാണ്. ലോകം കണ്ട ഏറ്റവും വിനാശകാരിയായ വൈറസ്



ജനജീവിതം അപ്പാടെ മാറ്റിമറിക്കുകയാണ്. നാം അഭിമുഖീകരിക്കുന്ന അസാധാരണമായ പരീക്ഷണഘട്ടത്തെ മുൻനിർത്തി, അവശ്യസേവനങ്ങൾ ഉറപ്പാക്കികൊണ്ടുതന്നെ രാജ്യം മുഴുവൻ ഭാഗികമായും ചിലയിടങ്ങളിൽ പൂർണമായും അടച്ചിടുന്ന അനിവാര്യതയിലാണ് ഈ ലേഖനം എഴുതുന്നത്. പുതിയ സാഹചര്യം നമ്മുടെ വിദ്യാഭാസ മേഖലയെ എപ്രകാരം ബാധിച്ചു എന്നത് കൗതുകമുള്ള പഠനമാണ്.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി അടിസ്ഥാനപരമായ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ കൊറോണ ഭീഷണി സാങ്കേതിക മികവിന്റെ സാധ്യതകൾ കുറേകൂടി ഊർജിതമായി ഉപയോഗപ്പെടുത്തുന്നതിന് കാരണമാകുന്നു എന്ന് കാണാം. വൈറസ്സ് ബാധ നമ്മുടെ വിദ്യാഭാസ സംവിധാനത്തെയും പ്രവർത്തനത്തെയും പിടിച്ചുലച്ചു. എല്ലാ പരീക്ഷകളും മാറ്റിവച്ചു, താഴത്തെ ക്ലാസ്സുകളിൽ പരീക്ഷതന്നെ ഒഴിവാക്കി, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വർഷാവസാനം ആകുന്നതിനു മുൻപേ പ്രവർ ത്തനം അവസാനിപ്പിച്ചു. എന്നാൽ അപ്രതീക്ഷിതമായി അവധിയിൽ പ്രവേശിച്ച അധ്യാപകർ വിദ്യാർഥികളെ പരിശീലിപ്പിക്കുന്നതിനു ബദൽമാർഗങ്ങൾ ആശ്രയിക്കാൻ തുടങ്ങി. ഓൺലൈനിൽ പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട നോട്ട്സുകളും, ചോദ്യപേപ്പറും അയച്ചു കൊടുക്കുക

മാത്രമല്ല പ്രൊജക്റ്റുകളും ഉത്തരങ്ങളും മൂല്യ നിർണയം നടത്തുകയും ചെയ്യുന്നു. സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അല്പം കൂടി സാങ്കേതികമായി മികച്ച വിദൂര പഠന സാധ്യതകൾ ഉപയോഗിച്ച് തുടങ്ങി. പരമ്പരാഗത വിദ്യാഭ്യാസ രീതികളിൽ നിന്നും നാം ഏറെ മുന്നോട്ടു പോയിരിക്കുന്നു. പുതിയ സാഹചര്യം സാങ്കേതികവിദ്യയുടെ ഉപയോഗത്തിനും വിദ്യാഭ്യാസ മേഖലയിൽ ഉരുത്തിരിയുന്ന നൂതന സങ്കേതങ്ങൾക്കും കൂടുതൽ ആവശ്യകതയും സാധ്യതകളും തുറന്നിടുന്നു എന്ന് കാണാം.

## മാറുന്ന പെരുമാറ്റ രീതികൾ

മനുഷ്യന്റെ പെരുമാറ്റ രീതികൾ സമൂല




മായി മാറുകയാണ്. ഇന്ന് ഏതു വ്യക്തിക്കും രണ്ടു വ്യക്തിത്വം കാണാം. ഒന്ന് അവന്റെ തനതു വ്യക്തിത്വം, മറ്റത് അവന്റെ സാങ്കേതിക വ്യക്തിത്വം (digital identity). കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ രൂപപ്പെടുത്തുന്ന ഡിജിറ്റൽ ഐഡന്റിറ്റിക്ക് അവ ന്റെ സ്വതസിദ്ധമായ വ്യക്തിത്വവുമായി സാമ്യം വേണം എന്ന് നിർബന്ധമില്ല. ഇന്ന് മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങളും ഒത്തുചേർന്നുള്ള പ്രവർത്തനങ്ങളും വലിയ അളവ് വരെയും ഡിജിറ്റൽ ഐഡന്റിറ്റിയുടെ അടിസ്ഥാനത്തി ലാണ്. ഫേസ്ബുക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങി ഏതാണ്ട് അറുപത്തഞ്ചോളം സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലായി മനുഷ്യൻ പരസ്പരം ഇട പെടുകയും, പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ, സ്വകാര്യതയ്ക്ക്, മുൻപുള്ള അർഥമല്ല ഇന്നുള്ളത്. മനുഷ്യന്റെ സ്വകാര്യത പുനർ നിർവചിക്കപ്പെട്ടിരിക്കുന്നു. ഒന്നും രഹസ്യമായിരിക്കുന്നില്ല എന്ന് മാത്രമല്ല ആരും ആരുടേയും നിയന്ത്രണത്തിലും അല്ലാതായി. അധികാരശ്രേണിയെയും നിയന്ത്രണ താല്പര്യങ്ങളെയും മനുഷ്യൻ സ്വാഭാവികമായിത്തന്നെ ചെറുത്തു നിൽക്കും. അങ്ങനെ മനുഷ്യൻ അവൻ എന്തെല്ലാമായിരിക്കുന്നുവോ അതിനു മുകളിൽ സ്വയം സൃഷ്ടിച്ചെടുത്ത കൃത്രിമ വ്യക്തിത്വത്തിന്റെ പിൻബലത്തിൽ സർവ്വസ്വതന്ത്രനായി വ്യാപരിക്കുന്ന കാലയളവിലാണ് നാം ജീവിക്കുന്നത്. പഴയകാല ക്ലാസ്സ്മുറികളിൽ വന്ന വ്യത്യാസം ഇതാണ്. അധികാരിയും എല്ലാം അറിയുന്നവനുമായ അദ്ധ്യാപകൻ പഠന പ്രക്രിയയിലെ പങ്കാളിയോ സഹായിയോ മാർഗ നിർദേശിയോ എന്ന നിലയിലേക്ക് മാറി. അറിവ് പുതിയ നൂറ്റാണ്ടിൽ ആരുടേയും കുത്തകയല്ല. മറിച്ച് അറിവ് ഉത്പാദിപ്പിക്കുന്നവനാണു ശ്രദ്ധിക്കപ്പെടുക. മാറുന്ന സാഹചര്യത്തിൽ എന്തെങ്കിലും കാണാതെ പഠിക്കുകയല്ല, പുതിയ അറിവ് ഉത്പാദിപ്പിക്കുന്നതിലാണ് പഠന പ്രക്രിയയിൽ ഇടപെട്ടു നിൽക്കുന്ന ഓരോരുത്തരുടെയും ശ്രദ്ധ.

## മാറുന്ന തൊഴിലിട സങ്കൽപ്പങ്ങൾ

മനുഷ്യൻ ജോലിക്കായി പോകുന്ന സ്ഥലമാണ് അവന്റെ തൊഴിലിടമായി കണക്കാക്കപ്പെടുന്നത്. ഇന്ന് തൊഴിലിട സങ്കൽപ്പങ്ങൾ മാറുകയാണ്. അവനു സ്വസ്ഥമായി ജോലി ചെയ്യുന്നതിനു ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അവന്റെ തൊഴിലിടം. അടുത്ത കാലത്ത് ഉണ്ടായ എല്ലാ പ്രകൃതി ദുരന്തകാലത്തും, ഇപ്പോഴത്തെ അണുബാധയുടെ സമയത്തും മിക്ക കമ്പനികളും അവരുടെ ജീവനക്കാരെ വീടുകളിൽ ഇരുന്നു ജോലി ചെയ്യാൻ പ്രേരിപ്പിച്ചു. അധ്യാപകർ വീടുകളിൽ ഇരുന്നു തങ്ങളുടെ വിദ്യാർഥികളോട് വാട്സ്ആപ്, ഫേസ് ബുക്ക് മുതലായ നവ ആശയവിനിമയ ഉപാധികൾ ഉപയോഗിച്ച് ചർച്ച ചെയ്യുവാനും വിദ്യാർഥികളെ ഗൈഡ് ചെയ്യാനും നിർദേശിച്ചിരിക്കുകയാണ്. നിശ്ചിത തൊഴിലിടം എന്ന സങ്കൽപം മാറി. വീട്, കോഫി ഷോപ്, ബസ്സ്റ്റാൻഡ്, റെസ്റ്ററന്റ്, ബീച്ച് എന്നിങ്ങനെ സൗകര്യപ്രദമായി അവനവനിൽ ഏല്പിച്ചിരിക്കുന്നു ജോലിചെയ്തു തീർക്കാൻ കഴിയുന്ന ഇടമെല്ലാം തൊഴിലിടമായി. തൊഴിലിടമോ സമയമോ അല്ല ഒരാളുടെ ജോലിയിൽ അയാൾ ഉണ്ടാക്കുന്ന സ്വാധീനവും ഫലവുമാണ് ഇന്ന് ഏറെ കണക്കാക്കപ്പെടുന്നത്. നമ്മുടെ ക്ലാസ് മുറികൾ അപ്പാടെ മാറിപ്പോയത് അങ്ങനെയാണ്. ഇന്ന് ക്ലാസ് മുറികൾ ലേണിങ് സ്റ്റുഡിയോ ആയി മാറിയിരിക്കുന്നു. വേൾഡ് വൈഡ് ക്ലാസ്റൂമിനാണ് ഇന്ന് പ്രസക്തി. വിദൂര പഠന സാധ്യത ചിരപരിചിതമെന്നവണ്ണം ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു. വിദ്യാർഥിയുടെ വീടും പഠന മുറി



യും എല്ലാം അധ്യാപകനെക്കൂടി ഉൾക്കൊള്ളുന്ന ക്ലാസ്സ്റൂം ആയി മാറിയിരിക്കുന്നു. ഈ മാറ്റം നമുക്ക് അന്യമായിക്കൂടാ. നമ്മുടെ ക്ലാസ്സ്മുറികളും, ബോധന രീതികളും സമൂലമായ മാറ്റത്തിനു വിധേയമായേ മതിയാവൂ.

**തൊഴിലിടമോ സമയമോ അല്ല ഒരാളുടെ ജോലിയിൽ അയാൾ ഉണ്ടാക്കുന്ന സ്വാധീനവും ഫലവുമാണ് ഇന്ന് ഏറെ കണക്കാക്കപ്പെടുന്നത്**

**മാറുന്ന സാങ്കേതികവിദ്യ**

അതീവവേഗതയിൽ പുരോഗമിക്കുന്ന സാങ്കേതിക വിദ്യ അനുനിമിഷമെന്നവണ്ണം നമ്മുടെ വിദ്യാഭാസ രീതികളെയും ശൈലികളെയും മാറ്റിക്കൊണ്ടിരിക്കുന്നു. സാങ്കേതികരംഗത്തുണ്ടായ മാറ്റങ്ങൾ സാധാരണ മൂന്നു 'എ' (3 A ) എന്നാണു വിശേഷിപ്പിക്കുക.

**1 . പ്രാപ്യത (Access) :** ആശയവിനിമയ ഉപാധികളുടെയും, സാങ്കേതിക മികവിന്റെയും ഫലമായി ഒരാൾക്ക് ബന്ധപ്പെടാവുന്ന ആളുകളുടെ എണ്ണം അളവില്ലാതെ വർധിച്ചു. ഒരാശയം അനവധി ആളുകളിലേക്ക് എത്തിക്കുവാനും പൊതുജനാഭിപ്രായം സ്വരൂപിക്കാനും, കൂട്ടായ പ്രവർത്തനങ്ങളിലേക്ക് നയിക്കാനും ഇത് ഏറെ പ്രയോജനപ്പെടുന്നു.

**2 . നിർമ്മിത ബുദ്ധി (Artificial intelligence) :** ഇതിനു ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമാണ് ഗൂഗിൾ. ഈ മേഖലയിൽ അവിശ്വസനീയമായ പുരോഗതി യാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യ ബുദ്ധിയെ വെല്ലുന്ന കൃത്യതയിലും വേഗതയിലും യന്ത്രങ്ങൾക്കു പ്രവർത്തിക്കാൻ ആവുന്ന വിധമാണ് ഈ മേഖലയിലെ വളർച്ചയുടെ പോ ക്ക്. മനുഷ്യൻ വ്യാപരിക്കുന്ന സമസ്ത മേഖലക ളിലും നിർമിതബുദ്ധിയുടെ സാധ്യത ഉപയോഗ പ്പെടുത്തുകയാണ്. ശാസ്ത്ര സാങ്കേതിക രംഗത്തും, വൈദ്യശാസ്ത്ര രംഗത്തും മാത്രമല്ല കൃഷി, വ്യാപാരം സാമ്പത്തിക രംഗം ഉൾപ്പെടെ എല്ലാ മേഖലകളിലും, വ്യക്തിജീവിതത്തിൽപോലും വലിയ ചലനമാവും നിർമിതബുദ്ധിയുടെ വികസനംവഴി നടക്കാൻ പോകുന്നത്. ഇന്നു കാണുന്ന തൊഴിൽ അവസരങ്ങൾ മൂന്നിൽ ഒന്നായി ചുരുങ്ങും എന്നാണു ആധികാരിക പഠന ങ്ങൾ പറയുന്നത്. അതേസമയം കൂടുതൽ നൈപുണ്യം ആവശ്യമായ പുതിയ തൊഴിൽ സാധ്യതകൾ ധാരാളമായി രൂപപ്പെടുകയും ചെയ്യും. മെഷീൻ ലേണിങ്, ഡീപ് ലേണിങ്, റോബോട്ടിക്സ്, ബ്ലോക്ക് ചെയിൻ, ഡാറ്റാ അനാലിസിസ് എന്നിങ്ങനെ അനവധി സങ്കേതങ്ങളി ലൂടെയാണ് നിർമിതബുദ്ധിയുടെ പ്രയാണം. പ്രവചനാതീതമായ മാറ്റങ്ങൾക്കാവും ഈ നൂറ്റാണ്ടു സാക്ഷ്യം വഹിക്കുക. അതിനനുസൃതമായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും നമ്മൾ തന്നെയും മാറേണ്ടതുണ്ട്.

**3. പ്രതീതിയാഥാർഥ്യം (Augmented Reality Transmission):** ആധുനിക കാലഘട്ടത്തിലെ പ്രധാനപ്പെട്ട സാങ്കേതിക മികവാണ് VR (Virtual Reality), AR (Augmented Reality) എന്നിവ. പേര് സൂചിപ്പിക്കുംപോലെ ഇല്ലാത്ത ഒന്ന് യഥാർഥമായ ഒന്നുപോലെ ഹെഡ്സെറ്റിന്റെ സഹായത്തോടെ 360 ഡിഗ്രിയിൽ കാണാൻ സാധിക്കുന്ന അവസ്ഥയാണ് Virtual reality. നമ്മൾ നിൽക്കുന്ന ലോകത്തുനിന്നും വേറൊരു ലോകത്തേക്ക് പോകുന്ന പ്രതീതി സൃഷ്ടിച്ചെടുക്കുന്ന സാങ്കേതികതയാണ് വെർച്യുൽ റിയാലിറ്റി എന്ന് പറയുന്നത്. Google Card board, Oculus Quest , Playstation VR, Oculus Go, HTC Vive, Valve Index, Pansonite 3D VR Glasses ഒക്കെ അതിനു നമ്മെ സഹായിക്കുന്ന ഉപകരണങ്ങളാണ്. വലിയ വിലയില്ലാതെ ഓൺലൈനിൽ വാങ്ങാൻ പറ്റും.

VR ന്റെ വിപുലീകരിക്കപ്പെട്ട പതിപ്പാണ് augmented reality. അല്പംകൂടി പണച്ചിലവുള്ള സാങ്കേതികതയാണിത്. നമ്മൾ നിൽക്കുന്ന ഇടംതന്നെ വേറൊരു ലോകമായി അനുഭവപ്പെടുന്ന അവസ്ഥ. ഇന്ന് പഠിക്കുക എന്താണ് എന്നതിനേക്കാൾ എവിടെ എങ്ങനെ പഠിക്കുന്നു എന്നത് വളരെ പ്രധാനമാണ്. നമ്മൾ ഇരിക്കുന്നയിടത്തുനിന്ന് മറ്റെങ്ങും പോകാതെ തന്നെ തൊഴിൽശാലയിലോ വർക്ക്ഷോപ്പിലോ



നിന്ന് നേരിട്ട് പരിശീലിക്കുന്ന അനുഭവം ഉണ്ടാക്കാൻ കഴിയുന്നു എന്നതാണ് ഓഗ്മെന്റഡ് റിയാലിറ്റി ട്രാൻസ്മിഷൻന്റെ പ്രത്യേകത. ഉദാഹരണത്തിന്, നമുക്ക് ഒരു പുതിയ കാർ വാങ്ങണം എന്നിരിക്കട്ടെ. സാധാരണ പല ബ്രാൻഡ് കാർ ഷോറൂമുകളിൽ പോയി നമ്മൾ ടെസ്റ്റ് ഡ്രൈവ് ചെയ്തു നോക്കാറുണ്ട്. അതിനു പല ഷോറൂമുകളിൽ കയറിയിറങ്ങി അഥവാ അവർ നമ്മെ തേടിവന്നു മാത്രമേ നടത്താനാവൂ. എന്നാൽ നമ്മൾ ഒരു ഔഗ്മന്റേഡ് റിയാലിറ്റി ബൂത്തിൽ ചെന്നാൽ മൂന്നോ നാലോ കാറുകൾ ഒരേ സമയം ടെസ്റ്റ് ഡ്രൈവ് ചെയ്യാൻ സാധിക്കും. ഇത് വളരെ അത്ഭുതകരവും സങ്കീർണവുമായ സാങ്കേതികത യാണ്. ഇന്ന് മുന്തിയ ദേശീയ ഗവേഷണ കേന്ദ്രങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഇത് പ്രയോജനപ്പെടുത്തി തുടങ്ങിയിരിക്കുന്നു.

**പ്രായോഗിക പരിശീലനം**

മറ്റൊരാളിന്റെ അറിവിൽനിന്നും പറഞ്ഞു കൊടുക്കുന്നതിനേക്കാൾ പ്രായോഗിക പരിശീലനത്തിനാണ് ഇന്ന് പ്രസക്തി. മറ്റൊരാൾ ഉപയോഗിക്കുന്ന സാധനത്തേക്കാൾ ഇഷ്ടാനുസൃതമാക്കിയ (Customised) സാധനങ്ങൾക്ക് ആവശ്യക്കാർ ഏറെയാണ്. അത് കാർ ആയാലും സാരിയായാലും മറ്റെന്തു സാധനമായാലും എന്റെ കയ്യിലുള്ള സാധനം മറ്റൊരാളിന്റെ സാധനത്തേക്കാൾ വ്യത്യസ്തമായിരിക്കണം എന്ന നിർബന്ധം പൊതുസമൂഹത്തിൽ ശക്തമാണ്. പുതിയ നൂറ്റാണ്ടിൽ അതുകൊണ്ടുതന്നെ പ്രായോഗികപരിശീലനത്തിനാണ് കൂടുതൽ പ്രസക്തി. പുതിയ പുതിയ കണ്ടെത്തലുകളിലേക്കു അദ്ധ്യാപകൻ വിദ്യാർത്ഥിയെ പ്രായോഗിക പരിശീലനത്തിലൂടെയും സ്വതന്ത്ര പഠനത്തിലൂടെയും നയിക്കുകയാണ്. പഠനത്തിൽ വിദ്യാർഥികൾക്കുകൂടി പങ്കാളിത്തമുള്ള ബോധനരീതിയാണ് ശാസ്ത്രീയമായ സമീപനം. പഠനം, ഗവേഷണം, അച്ചടക്കം, സ്വഭാവ രൂപീകരണം എന്നിങ്ങനെ വിദ്യാർഥിയുടെ സമഗ്ര വളർച്ചയിൽ കൂടുതൽ ഫലം തരിക അവരെ ചേർത്തുനിർത്തി, വിശ്വാസത്തിൽ എടുത്ത് പുതിയ കണ്ടെത്തലുകൾക്കും, നേട്ടങ്ങൾക്കും പങ്കാളികളാക്കുന്ന പുതിയ കാല സമീപനത്തിനാണ്. അവന്റെ ഇടപെടലിലും കൂട്ടായ പരിശ്രമത്തിലും സൃഷ്ടിക്കപ്പെടുന്ന അറിവിന് പുതിയ നേട്ടങ്ങളിലേക്ക് അവനെ നയിക്കാനാവും. മറ്റാർക്കും കഴിയാത്തത് കണ്ടെത്താനും, പുതിയ കണ്ടുപിടുത്തങ്ങളും നേട്ടങ്ങളും കയ്യടക്കാനും അവൻ പ്രാപ്തനാകും. എല്ലാം അധ്യാപകൻ കൊടുക്കുന്ന, പുസ്തകത്താളുകളിൽനിന്ന് മാത്രം കണ്ടെത്തുന്ന ബോധനരീതിയിൽനിന്നും പങ്കാളിത്തത്തിന്റെയും പ്രായോഗിക പരിശീലനത്തിന്റെയും തലത്തിലേക്ക് നാം മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.



**അറിവിന്റെ ഉപഭോക്താക്കൾ ആയല്ല പുതിയ അറിവിന്റെ സൃഷ്ടാക്കളായാണ് ഈ നൂറ്റാണ്ടിന്റെ അധ്യാപകർ അറിയപ്പെടേണ്ടത്**

വിദ്യാഭാസ മേഖലയിലെ നൂതന സമീപനങ്ങൾ മുഴുവൻ ഇവിടെ പരാമർശിക്കപ്പെട്ടിട്ടില്ല. വളരെ പ്രധാനപ്പെട്ട ചില മേഖലകൾ ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇവയിൽ പലതും നമ്മുടെ ഒട്ടുമിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇനിയും പരിചിതമല്ല. പഴയ രീതികൾ അപ്പാടെ മാറ്റണം എന്നല്ല. കാലത്തിനനുസരിച്ചു ലോകത്തു രൂപപ്പെടുന്ന ശാസ്ത്ര സാങ്കേതികമികവും വാർത്താവിനിമയ രംഗത്തുണ്ടായികൊണ്ടിരിക്കുന്ന അദ്ഭുതകരമായ പുരോഗതിയും അതാതുസമയത് അതിന്റെ മികവിൽ പുതിയ തലമുറക്ക് നൽകാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. അറിവിന്റെ ഉപഭോക്താക്കൾ ആയല്ല പുതിയ അറിവിന്റെ സ്രഷ്ടാക്കളായാണ് ഈ നൂറ്റാണ്ടിന്റെ അധ്യാപകർ അറിയപ്പെടേണ്ടത്. അതിനു കഴിയാത്തവർ നിഷ്കരുണം പിന്തള്ളപ്പെടും എന്നതിൽ സംശയമില്ല. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാകണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യയനത്തോടൊപ്പം മികച്ച നിലവാരമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കണം. പുതിയ അറിവ് സൃഷ്ടിക്കപ്പെടണം, ദേശീയ അന്തർദേശീയ വേദികളിൽ അത് പങ്കു വയ്ക്കപ്പെടണം. അതാത് തലത്തിൽ വലിയ മാറ്റത്തിന്റെ പങ്കാളികളാണ്, കൂട്ട് പ്രവർത്തകരാണ് നമ്മുടെ കുട്ടികൾ. കണ്ടും പ്രായോഗികമായി ചെയ്തും പഠിച്ചും വളരുന്നതിനാവശ്യമായ ഭൗതിക-ബൗദ്ധിക-സാമൂഹ്യ സാഹചര്യങ്ങൾ ലോകത്തിന്റെ വളർച്ചയ്ക്കൊപ്പം രൂപപ്പെടട്ടെ എന്നാശിക്കാം.

# ആദരാഞ്ജലികൾ



## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെയ് 1-ാം തീയതി, 78 -ാമത്തെ വയസ്സിൽ കാലം ചെയ്തു. 5-ാം തീയതി ഇടുക്കി വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രലിൽ കബറടക്കം നടത്തി.

കടപ്ളാമറ്റം ആനിക്കുഴിക്കാട്ടിൽ (കുട്ടി) -കുരുവിനാൽ കൊട്ടാരം ഏലിക്കുട്ടി (കുഞ്ഞോലി) ദമ്പതികളുടെ പതിനഞ്ച് മക്കളിൽ മൂന്നാമനായി (ആൺമക്കളിൽ മൂത്തയാൾ) 1942 സെപ്റ്റംബർ 23 ന് കോട്ടയം ജില്ലയിലെ കടപ്ളാമറ്റത്ത് ജനിച്ചു. കൂടല്ലൂർ സെന്റ് ജോസഫ് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കുടുംബം ഹൈറേഞ്ചിലെ കുഞ്ചിത്തണ്ണിയിലേയ്ക്ക് കുടിയേറിയതിനെ തുടർന്ന് കുഞ്ചിത്തണ്ണി ചിത്തിരപുരം സ്കൂളിലെ പഠനത്തിന് ശേഷം മുത്തോലി സെന്റ് ആന്റണീസ് സ്കൂളിൽനിന്നും പത്താം ക്ലാസ്സ് പാസായി. തുടർന്ന് തന്റെ ചിരകാല ആഭിലാഷം പൂർത്തീകരിക്കാൻ 1960 ൽ വൈദിക പരിശീലനത്തിനായി കോതമംഗലം രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ നിന്നും പൂർത്തിയാക്കി 1971 മാർച്ച് 15 ന് കോതമംഗലം രൂപതയുടെ അദ്ധ്യക്ഷനായ മാർ മാത്യു പോത്തനാമൂഴി പിതാവിന്റെ കൈവയ്പ്പ്വഴി പൗരോഹിത്യം സ്വീകരിച്ചു. കോതമംഗലം കത്തീഡ്രൽ പള്ളിയിൽ അസി.വികാരിയായി ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അവിഭക്ത കോതമംഗലം രൂപതയിലെ ജോസ്ഗിരി, എഴുകുംവയൽ എന്നി ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് കോതമംഗലം രൂപതയുടെ പാസ്റ്ററൽ സെന്റർ ആയ മൂവാറ്റുപുഴ ജീവജ്യോതി ഡയറക്ടറും രൂപതാ ഫാമിലി അപ്പസ്തലേറ്റ് ഡയറക്ടറും മാർ മാത്യൂസ് പ്രസ് ഡയറക്ടറും ആയി നിയമിതനായി. തുടർന്ന് ഉപരിപഠനത്തിനായി പോയ അദ്ദേഹം ബെൽജിയത്തിലെ ലൂവെയ്ൻ യൂണിവേഴ്സിറ്റിയിൽനിന്നും 1989 ൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. തുടർന്ന് കോതമംഗലം രൂപതയുടെ ചാൻസിലറായി നിയമതിനായി. ഈ കാലഘട്ടത്തിൽതന്നെ വടവാതൂർ സെമിനാരിയിലും കോതമംഗലം മൈനർ സെമിനാരിയിലും അധ്യാപകനായും തട്ടേക്കണ്ണി തൃക്കാരിയൂർ പള്ളികളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. 2000 ൽ കോതമംഗലം മൈനർ സെമിനാരിയുടെ റെക്ടർ ആയി നിയമിതനായി. കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപത സ്ഥാപിതമായപ്പോൾ ആദ്യ രൂപതാദ്ധ്യക്ഷനായി 2003 ജനുവരി 15ന് നിയമിതനായി. 2003 മാർച്ച് 2 ന് ഇടുക്കി രൂപതയുടെ മെത്രാനായി അഭിഷിക്തനായി തുടർന്ന് 15 വർഷം രൂപതയെ നയിച്ച അഭിവന്ദ്യ പിതാവ് 2018 ൽ 75 വയസ്സ് പൂർത്തിയായതിനേ തുടർന്ന് രൂപതയുടെ അദ്ധ്യക്ഷസ്ഥാനത്തു നിന്ന് വിരമിച്ച ശേഷം വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

അഭി. പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ആദരാഞ്ജലികൾ

## ഐക്യദീപം അറിയിപ്പുകൾ

കോവിഡ് – 19 മൂലമുണ്ടായ ലോക്ഡൗൺ കാരണത്താൽ ഐക്യദീപം ഏപ്രിൽ ലക്കം സമയത്ത് പള്ളികളിൽ എത്തിക്കുവാനും, മെയ് ലക്കം പ്രസിദ്ധീകരിക്കുവാനും സാധിച്ചില്ല. ഏപ്രിൽ മാസത്തെയും, ജൂൺ-ജൂലൈ മാസത്തെയും ലക്കങ്ങൾ ഒന്നിച്ചാണ് ഇപ്പോൾ പള്ളികളിൽ എത്തിക്കുന്നത്. പള്ളികളിൽ ഇപ്പോഴും നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ഈ രണ്ടു ലക്കങ്ങളും നമ്മുടെ ഭവനങ്ങളിൽ ഏതെങ്കിലും തരത്തിൽ എത്തിക്കുവാൻ ബഹു. അച്ചന്മാരോ, കമ്മിറ്റി അംഗങ്ങളോ, ഉത്തരവാദിത്തപ്പെട്ടവരോ ശ്രദ്ധിക്കണമേ. നേരിട്ട അസൗകര്യത്തിൽ ഖേദിക്കുന്നു. സാഹചര്യം എല്ലാവരും മനസ്സിലാക്കുമല്ലോ. ആഗസ്റ്റ് മാസം മുതൽ എല്ലാ ലക്കങ്ങളും സമയത്ത് എത്തിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

ഐക്യദീപത്തിന്റെ ഈ ലക്കത്തിൽ പതിവു പംക്തികളും മറ്റു വാർത്തകളും ചേർക്കുവാൻ സാധിച്ചിട്ടില്ല എന്നും അറിയിക്കുന്നു.


# പ്രാർത്ഥനാശംസകൾ

**ജൂൺ 11**
**നാമഹേതുക തിരുനാൾ**




**മോസ്റ്റ് റവ. ഡോ. ജേക്കബ്**
**മാർ ബർണബാസ്**

**ജൂൺ 28**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. സാമുവേൽ**
**മാർ ഐറേനിയോസ്**

**ജൂൺ 29**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. വിൻസെന്റ്**
**മാർ പൗലോസ്**

**ജൂൺ 29**
**മെത്രാഭിഷേക വാർഷികം**



**മോസ്റ്റ് റവ. ഡോ. യൂഹാനോൻ**
**മാർ ക്രിസോസ്റ്റം**

**ജൂൺ 29**
**മെത്രാഭിഷേക വാർഷികം**




**മോസ്റ്റ് റവ. ഡോ. ജോഷ്വാ**
**മാർ ഇഗ്നാത്തിയോസ്**

**ജൂലൈ 3**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. ജോസഫ്**
**മാർ തോമസ്**

**ജൂലൈ 17**
**മെത്രാഭിഷേക വാർഷികം**



**മോസ്റ്റ് റവ. ഡോ. തോമസ്**
**മാർ കൂറിലോസ്**

## 2020 ജൂൺ
## പ്രധാനപ്പെട്ട ദിവസങ്ങൾ

ജൂൺ 04 - അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ (2019)

ജൂൺ 11 - അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ നാമഹേതുകത്തിരുന്നാൾ
- മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം (1932)
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും (1932), തിരുവല്ല അതിഭദ്രാസനത്തിന്റെയും സ്ഥാപനം (1932)

ജൂൺ 16 - ശ്ലീഹാ നോമ്പാരംഭം

ജൂൺ 24 - ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ

ജൂൺ 27 - അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മ (1956)

ജൂൺ 28 - അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

ജൂൺ 29 - മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ (ശ്ലീഹാ നോമ്പുവീടൽ)
- സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപനദിനം (1989)
- അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും (1998),
ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും (1998) മെത്രാഭിഷേക വാർഷികം.
- അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

## 2020 ജൂലൈ
## പ്രധാനപ്പെട്ട ദിവസങ്ങൾ

**ജൂലൈ 03 – മാർത്തോമാശ്ലീഹായുടെ ദുഖ്റോനോ തിരുനാൾ**
**അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ**

**ജൂലൈ 07 – പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ**

**ജൂലൈ 15 – ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിയുടെ ഓർമ്മപെരുനാൾ**

**ജൂലൈ 17 – അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം**

**ജൂലൈ 28 – വിശുദ്ധ അൽഫോൻസ**

**ജൂലൈ 29 – ബഥനിയിലെ മർത്തായും മറിയവും ലാസറും**

## അഭി. തിമോത്തിയോസ് പിതാവിന്റെ സ്മരണാർത്ഥമുള്ള ഗ്രന്ഥം ജൂൺ 27 ന് പ്രകാശനം ചെയ്യുന്നു.


**ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ശ്രാദ്ധ പെരുനാളിനോടനുബന്ധിച്ച് ഫാ. ഡോ. ഐസക് പറപ്പള്ളിൽ എഡിറ്റ് ചെയ്ത് തയ്യാറാക്കിയ 'ഗീവർഗീസ് മാർ തിമോത്തിയോസ് – നന്മയുടെയും കരുതലിന്റെയും മഹാപുരോഹിതൻ' എന്ന പുസ്തകം അഭി. തെയോഫിലോസ് പിതാവിന്റെയും തിമോത്തിയോസ് പിതാവിന്റെയും സംയുക്ത ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ജൂൺ 27–ാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ പ്രകാശനം ചെയ്യുന്നു. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ, കർദ്ദിനാൾ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ്പ് സൂസൈപാക്യം, ജോസഫ് മാർത്തോമാ മെത്രാപ്പൊലിത്താ, ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലിത്താ എന്നിവരുടെ അനുഗ്രഹാശംസകൾ അടങ്ങിയ ഈ പുസ്തകത്തിൽ അഭി. പിതാക്കന്മാർ, വൈദികർ, അഭി. തിമോത്തിയോസ് പിതാവുമായി അടുത്ത് ഇടപഴകിയ വ്യക്തികൾ, കുടുംബാംഗങ്ങൾ എന്നിവരുൾപ്പെടെ നാൽപതോളം പേരുടെ ലേഖനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. മൾട്ടി കളറിൽ 200 ൽ അധികം പേജുകളിൽ തയ്യാറാക്കിയ പുസ്തകത്തിൽ വിവിധ മുഹൂർത്തങ്ങളുടെ 100 ൽ പരം ചിത്രങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.**

# REMEMBRANCE - JUNE-JULY



Fr. Joseph Nilappana
01 June 1976



V.C. Geevarghese Corepiscopo
06 June 1991


Fr. Joseph Padinjarekara
11 June 1980


Fr. Chacko Muttathuparampil
22 June 1989



Fr. Philip Erattamakil
24 June 1979


Fr. Joseph Vadakkekara
24 June 2016


Fr. Thomas Pazhoor
30 June 1994


Fr Abraham Maret
01 July 1954


Fr Kuriakose Padinjaremannil
02 July 2000


Fr George Palathinkal
03 July 2007


Fr Abraham Edassery
04 July 1984


Fr Abraham Pallipurathussery
04 July 1996


Fr Kuriakose Nellatt
06 July 1978



Fr. Jacob Ayanthy
08. July 1986


Fr Alexander Arakapadavil
11 July 2001


Fr Jacob Valiaparambil
12 July 2005


Msgr. Thomas Vadassery
20 July 1966


Fr T.V. John
20 July 1970


Fr Boniface Lewis
20 July 1976


Fr Mathew Vadakkemury
22 July 2001

## കോവിഡ്കാലത്ത് ജീവിതസമാധാനത്തിനും സൗഖ്യത്തിനും സംരക്ഷണത്തിനുമായി സങ്കീർത്തനം ആലപിച്ച് മെത്രാന്മാരും വൈദികരും

കോവിഡ് 19 രോഗത്താൽ ഭാരപ്പെടുന്ന കാലയളവിൽ ജീവിതസമാധാനത്തിന്റെയും സൗഖ്യത്തിന്റെയും സംരക്ഷണത്തിന്റെയും പ്രത്യാശയുടെയും പ്രാർത്ഥനയായ 91, 121 സങ്കീർത്തനങ്ങൾ ആലപിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 4 മെത്രാന്മാരും, വിവിധ രൂപതകളിലുള്ള 21 വൈദികരും. സന്ധ്യാപ്രാർത്ഥനയിൽ സാധാരണയായി ചൊല്ലുന്ന പ്രാർത്ഥനയാണ് ഈ സങ്കീർത്തനങ്ങൾ. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമുള്ള പിതാക്കന്മാരും വൈദികരുമാണ് ഈ പ്രാർത്ഥനാഗാനത്തിനായി ഒന്നിച്ചത്. സുറിയാനി, ഹിന്ദി, തമിഴ്, ഒഡിയ, ഇംഗ്ലീഷ്, മലയാളം തുടങ്ങിയ വിവിധ ഭാഷകളിലാണ് സങ്കീർത്തനങ്ങൾ ആലപിച്ചിരിക്കുന്നത്. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയാണ് ആമുഖസന്ദേശം നൽകിയിരിക്കുന്നത്. തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭി. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ, അമേരിക്ക-കാനഡ ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ എന്നിവരും 21 വൈദികരും ഗാനാലാപനത്തിൽ പങ്കുചേർന്നു. റവ. ഫാ. സന്തോഷ് അഴകത്ത്, റവ. ഫാ. ഫിലിപ്പ് തായില്ലം എന്നിവർ കോർഡിനേറ്റർമാരായി പ്രവർത്തിച്ചു.

### ജൂലൈ 28

## തിരുനാൾ - വിശുദ്ധ അൽഫോൻസ








**ലോക്ഡൗൺ നിബന്ധനകൾ പാലിച്ച് വിശ്വാസസമൂഹം കൂടാതെ സെന്റ് ജോൺസ് കത്തീഡ്രലിൽ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന ദുഃഖവെള്ളി ശുശ്രൂഷ**

# ഓർമ്മപ്പെരുന്നാൾ



ദൈവദാസൻ
ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി
ജൂലൈ 15



അഭിവന്ദ്യ
യാക്കോബ് മാർ തെയോഫിലോസ് തിരുമേനി
ജൂൺ 27

**AIKYADEEPAM MONTHLY**

Date of Publication : 10.06.2020
Price : ₹10/-

Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I. 35982/80
June-July 2020




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala
and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parappallil